# ഒരു ഹൃദയവും രണ്ടു കണ്ണുകളും



T62
F28

ഫൗസ്റ്റിൻ കപ്പൂച്ചിൻ

സാമൂഹികനാടകം

# ഒരു ഹൃദയവും രണ്ടു കണ്ണുകളും

വില 1 ക.

NATIONAL BOOK STALL
SPCS
LTD.

[Malayalam]

# ORU HRIDAYAVUM RANDU KANNUKALUM

Social Drama

By **FAUSTIN CAPUCHIN**

First Edition — January 26, 1963.
Copies — 1500

Printed and Published at:
ASSISI PRESS, QUILON.

Price Re. **1-00**

# ഒരു ഹൃദയവും രണ്ടു കണ്ണുകളും

(നാടകം)

ഫൗസ്റ്റിൻ കപ്പുച്ചിൻ

DHARMARAM COLLEGE LIBRARY,
18064
BANGALORE.

T62
F27

9. ഫ

൧. ഭേ.

പ്രസാധകർ:
അസ്സീസി പ്രസ്സ്, കൊല്ലം

## ഗ്രന്ഥകർത്താവിൻെ കൃതികൾ

അസ്സീസിയിലെ സ്നേഹഗായകൻ (നാടകം)

ചെന്നായ്ക്കളുടെ നാട്ടിലെ ഇടയപ്പെണ്ണ്

കുട്ടികളുടെ ഫ്രാൻസിസ്

കപ്പൂച്ചിൻ മുന്തിരിത്തോട്ടം

ഒരു ഹൃദയവും രണ്ടു കണ്ണുകളും

# കഥാപാത്രങ്ങൾ

1. പാപ്പച്ചൻ—ആദർശസമ്പന്നനായ ഒരു യുവാവ്. വയസ്സ് 25.
2. ലീലാമ്മ—പാപ്പച്ചന്റെ സഹധർമ്മിണിയായിത്തീരുന്ന സ്നേഹസമ്പന്നയായ ഒരു തരുണി. വയസ്സ് 21.
3. ചെറിയാച്ചൻ—പാപ്പച്ചന്റെ പിതാവ്. പാരമ്പര്യങ്ങളുടെ കരവലയത്തിൽ കുടുങ്ങിപ്പോയ നെല്ലിമററത്തെ കാരണവർ. വയസ്സ് 58.
4. ഔസേപ്പച്ചൻ—ലീലാമ്മയുടെ വത്സലപിതാവ്. വയസ്സ് 56.
5. ഇടിക്കുള—'വെടിയനിടിക്കുള' എന്നറിയപ്പെടുന്ന ചെറിയാച്ചന്റെ ശുദ്ധഗതിക്കാരനായ സിൽബന്ധി. വയസ്സ് 50.
6. കുട്ടപ്പൻ—ശമ്പളത്തെക്കാൾ സ്നേഹത്തെ വിലമതിക്കുന്ന നെല്ലിമററത്തെ വേലക്കാരൻ പയ്യൻ. കുസൃതിക്കും പിന്നോക്കമല്ല. വയസ്സ് 13.
7. ചാണ്ടിക്കുഞ്ഞ്—ചെറിയാച്ചന്റെ മൂത്തമകൻ. സംഘട്ടനങ്ങളെ നേരിടാൻ തന്റേടം കുറവാണ്. വയസ്സ് 30.
8. ഏലി—ചാണ്ടിക്കുഞ്ഞിന്റെ ഭാര്യ. ആരെയും കൂട്ടാക്കാത്ത പ്രകൃതം. വയസ്സ് 28.
9. ഫാദർ ജോൺ—തന്റെ അജഗണത്തിനു മാർഗ്ഗദർശനം നല്കുന്ന ഒരു യുവവൈദികൻ
10. തോമ്മാച്ചൻ—ചാണ്ടിക്കുഞ്ഞിന്റെയും ഏലിയുടെയും ഏക സന്താനമായ കുസൃതിക്കുട്ടക്ക. വയസ്സ് 8.
11. ഡോക്ടർ ഭാസ്കർ—ആദർശങ്ങളിൽ വിഭിന്നനെങ്കിലും, ആത്മാർത്ഥതയുള്ള പാപ്പച്ചന്റെ ഒരു സ്നേഹിതൻ.
12. അനിൽമോൻ—പാപ്പച്ചന്റെയും ലീലാമ്മയുടെയും പ്രേമവല്ലിയുടെ പ്രഥമഫലമായ ശിശു.

# ഒരു ഹൃദയവും രണ്ടു കണ്ണുകളും

## —രംഗം ഒന്ന്—

(പുഷ്പമംഗലം ഭവനം. സ്വീകരണമുറി. മുറിയുടെ മദ്ധ്യത്തിൽ ഒരു മേശയും രണ്ടോ മൂന്നോ കസേരകളും. ലീലാമ്മ പത്രം വായിച്ചുകൊണ്ടു് മേശയുടെ പിന്നിൽ നില്ക്കുന്നു.)

ലീലാമ്മ—(എന്തോ വിശേഷ വാർത്ത കണ്ട മട്ടിൽ) ശോശാമ്മയുടെ കല്യാണമോ! (പത്രം നോക്കി വായിക്കുന്നു) "വേമ്പനാടൻ ദിനപ്പത്രത്തിന്റെ പത്രാധിപരായ പുളിമൂട്ടിൽ ശ്രീ. ഉണ്ണൂണ്ണിയുടെ മകൻ ശ്രീ. തോമ്മസ് കുട്ടിയും തിരുവല്ലായിലെ ഒരു പ്രമുഖ വ്യാപാരിയായ ശ്രീ. കുഞ്ഞൂഞ്ഞു മുതലാളിയുടെ മകൾ കുമാരി ശോശാമ്മയും തമ്മിലുള്ള വിവാഹം വധൂഗൃഹത്തിൽവച്ച് സാഡംബരം നടന്നിരിക്കുന്നു. (തലയുയർത്തി) അമ്പടി ശോശാമ്മേ! എന്നിട്ടു് നീ എന്നെയൊന്നറിയിച്ചില്ലല്ലോ. നല്ല കൂട്ടുകാരിതന്നെ! (അല്പം കഴിഞ്ഞു്) അപ്പോൾ ശോശാമ്മയുടെ കല്യാണവും കഴിഞ്ഞു!

(ലീലാമ്മ അവസാനത്തെ വാചകം പറഞ്ഞുതീരുന്നതിനു മുൻപു് ഇടിക്കുള കയറിവരുന്നു. കക്ഷത്തിൽ ഒരു കുടയുണ്ടു്.)

ഇളിക്കള—നല്ലോരു കാര്യം. വിഷമിക്കണ്ട കുഞ്ഞേ; കുഞ്ഞിനും അതിന്ന യോഗംവരും; തമ്പുരാൻ സഹായിച്ചിട്ട് അധികം താമസിക്കയില്ല. (ഇരിക്കുന്നു)

ലീലാ—(ലജ്ജാസമേതം) എന്തിനാ ഇടിക്കളചേട്ടാ, യോഗം വരുന്നതു്?

ഇടി—അതൊക്കെ വഴിയെ പറയാം കുഞ്ഞേ. ഒരു നല്ല കാപ്പി തയാറാക്കിക്കൊ. വലത്തുകാലും വെച്ചാ ഞാൻ കയറിവന്നിരിക്കുന്നതു്. നല്ലോരു കാര്യത്തിനാ. ('നല്ലോരു' എന്ന വാക്കു് എപ്പോഴും ഈണത്തിൽ നീട്ടിയാണു് പറയുന്നതു്).

ലീലാ—കാപ്പിയൊക്കെ തയറാക്കാം. പക്ഷെ ഞാനൊരു കാര്യം ചോദിച്ചാൽ ഉള്ളതു പറയാമോ?

ഇടി—നല്ലോരു കാര്യം! കുഞ്ഞു ചോദിച്ചാൽ ഞാനെന്തിന മറച്ചുവയ്ക്കണം! ഉള്ളതും ഇല്ലാത്തതും പറയാമല്ലൊ.

ലീലാ—ഇടിക്കളച്ചേട്ടനെപ്പററി എല്ലാവരും 'വെടിയനിടിക്കള, വെടിയനിടിക്കള' എന്ന പറയുന്നതെന്താണു്?

ഇടി—(അപ്രതീക്ഷിതമായി ഒരടി കിട്ടിയതുപോലെ തലതിരിച്ചുകളയുന്നു. അനന്തരം വീണതു വിദ്യയാക്കുന്ന മട്ടിൽ, വലിയ ഭാവത്തിൽ) ഓ! അതോ? അതു പറയാം. പണ്ടൊക്കെ ഞങ്ങൾ വെടിവെക്കുവാൻ പോകുമായിരുന്നു.

ലീലാ—കതിനാവെടിയായിരിക്കും, പെരുനാളിനും മററും.

ഇടി—കതിനായും കിതിനായുമൊന്നുമല്ല. കാട്ടിൽ വെടിവെക്കാൻ. അതായതു് നായാട്ടിന്. കരടി, കടുവാ, കടമാൻ, കാട്ടുപോത്തു്, കരിമന്തി, മുതലായ കാട്ടുമൃഗങ്ങളെ ഞാൻ എൻെറ നല്ല പ്രായത്തിൽ വെടിവെച്ചു വീഴ്ത്തിയിട്ടുണ്ടു്. ഉന്നംനോക്കി ഒരൊററ വെടി: കർകുതിട്ടം കാട്ടു

പോത്തിൻെറ നെററിയുടെ നടുമദ്ധ്യത്തിൽ കൊള്ളും. പാപ്പച്ചനോടു ചോദിച്ചാലറിയാം.

ലീല—ഏതു പാപ്പച്ചൻ?

ഇടി—നെല്ലിമററത്തെ പാപ്പച്ചനേ; അറിയില്ലേ? അറിയില്ലെങ്കിൽ അറിഞ്ഞുകൊള്ളും.

ലീലാ—(നാണം ഭാവിച്ച്) എനിക്കു പാപ്പച്ചന്മാരെപ്പററിയൊക്കെ അറിയണമെന്നില്ല.

ഇടി—അതു കിടക്കട്ടെ. ഒരിക്കൽ പാപ്പച്ചനും എന്നോടൊരുമിച്ചുണ്ടായിരുന്നു. പാപ്പച്ചൻ ഒരു കുറുക്കൻെറ തലയ്ക്കുന്നംവച്ച് ഒരു വെടിവച്ചു. എന്നാൽ കൃത്യം അതിൻെറ വാലിലാ ഉണ്ട കൊണ്ടതു്. കുറുക്കൻ തിരിഞ്ഞുനിന്ന് ഒന്നു പല്ലിളിച്ചു കാണിച്ചിട്ട്, ഒരോട്ടംവച്ചുകൊടുത്തു.

ലീലാ—അപ്പോൾ നിങ്ങൾ പറഞ്ഞ ആ പാപ്പച്ചൻ ഒരു മറയനാ, അല്ലേ?

ഇടി—അയ്യോ അങ്ങനെ പറയല്ലേ. വെടിവെക്കാൻ പരിചയമില്ലാത്തവരെല്ലാം മറയന്മാരാകുമോ? അങ്ങനെയാണെങ്കിൽ ലീലാമ്മക്കും വെടിവെക്കാനറിയാൻമേലല്ലോ. അപ്പോൾ ലീലാമ്മയും മറയിയാണല്ലോ. അല്ല; അപ്പോൾ നല്ല ചേച്ച്യുമായല്ലോ!

ലീലാ—ഇടിക്കുളചേട്ടാ, പാവപ്പെട്ട പെൺകുട്ടികളെ കളിയാക്കരുതു്.

ഇടി—ഇല്ലില്ല, കളിയാക്കുകയോ? നല്ലോരു കാര്യം പറഞ്ഞുവരികയായിരുന്നു. ഞാൻ പറയുന്നതു് ഇഷ്ടമില്ലെങ്കിൽ ഞാൻ പറയുന്നില്ല. ആ, പിന്നെ നായാട്ടിൻെറ കാര്യം പറഞ്ഞപ്പോൾ ഒരു കാര്യം വിട്ടുപോയി. ഒരിക്കൽ ഓക്കാപ്പുറത്തു് ഒരു കടുവാ എൻെറ മുമ്പിലേക്കു ചാടിവീണു. തോക്കു നിറച്ചിട്ടില്ലായിരുന്നു.

ലീലാ—അയ്യോ! എന്നിട്ട്!

ഇടി— ഹ!ഹ! തോക്കിനെക്കാൾ വലിയ പീരങ്കിയല്ലേ ഇടിക്കുള. കടുവാ വായുംപൊളിച്ചിങ്ങു ചാടിവന്നു. ഞാൻ വടിപോലെ ധൈര്യമായി അവിടെ നിന്നു. കടുവായുടെ പൊളിച്ച വായിലേക്ക് എന്റെ കൈയ്യങ്ങിടിച്ചുകേററി. തൊണ്ടയിലേക്കു തള്ളി. കടുവായ്ക്കു കടിക്കാനൊക്കുമോ? ഇല്ല. ഞാൻ കൈതിരിച്ചെടുക്കുമോ? എടുക്കാമോ? ഇല്ല. കൈ പിന്നെയും തള്ളി. കൈ കടുവായുടെ വയററിലെത്തി. പിന്നെയും തള്ളി. കൈ കടുവായുടെ മറുപുറം കടന്നു. ഞാൻ അതിന്റെ വാലിൽ പിടികൂടി. കടുവാ പിടക്കുന്നു! ഇടിക്കുള വിടുമോ? ഇല്ല. ഞാൻ വാലിൽ പിടിച്ച് അകത്തേയ്ക്കു വലിച്ച് വലിച്ച് വലിച്ച്, വാലു വായിൽകൂടി പുറത്തുകൊണ്ടുവന്നു. അപ്പോഴെന്തുപററി? കടുവായുടെ അകം പുറമായി, അവിടെ കിടക്കുന്നു. നാരങ്ങാ മുറിച്ചുമലത്തിയതു കണ്ടിട്ടില്ലേ? അതുപോലെയായി കടുവാ. പിന്നെയൊരു കടുവായും ഇടിക്കുളയോടു കളിക്കുവാൻ വന്നിട്ടില്ല.

ലീലാ—(ചിരിച്ചുകൊണ്ടു്, ഇപ്പോഴെനിക്കു മനസ്സിലായി എന്തുകൊണ്ടാണ് ചേട്ടനെ എല്ലാവരും, വെടിയനിടിക്കുള എന്നു വിളിക്കുന്നതെന്ന്. വെടിയടിച്ചു ക്ഷീണിച്ചിരിക്കും. ഞാൻ പോയി കാപ്പി കൊണ്ടുവരട്ടെ.

ഇടി—ഔസേപ്പച്ചനെ കണ്ടില്ലല്ലോ.

ലീലാ—അകത്തുണ്ടു്. ഇടിക്കുളച്ചേട്ടൻ വന്നിട്ടുണ്ടെന്നു ഞാൻ ചെന്ന് അപ്പച്ചനോടു പറയാം. (പോകുന്നു)

(ഔസേപ്പച്ചൻ പ്രവേശിക്കുന്നു. ഇടിക്കുള ആദരവോടേ എഴുന്നേല്ക്കുന്നു.)

ഔസേ—അല്ല! ഇടിക്കുള വന്നെത്തിയോ? ഇരിക്കണം. (ഇരുവരും ഇരിക്കുന്നു) ഞാൻ നിങ്ങളെ കാത്തിരിക്കയായി

രുന്നു. പാപ്പച്ചനും വരുമെന്നായിരുന്നല്ലൊ അറിയിച്ചിരുന്നതു്. അവൻ വന്നില്ലേ?

ഇടി—പാപ്പച്ചൻ വരുന്നുണ്ടു്. ഞങ്ങൾ രണ്ടുപേരും ഒരുമിച്ചുതന്നെയാണു് വീട്ടിൽനിന്നു് ഇറങ്ങിയതു്. അവൻ അവൻെറ ഒരു കൂട്ടുകാരനെ കാണുവാൻവേണ്ടി ഇടയ്ക്കൊരു വീട്ടിൽ കയറി. അധികം താമസിയാതെ വരും. കൂടാതെ, സ്ത്രീധനത്തെക്കുറിച്ചും മററും സംസാരിക്കുമ്പോൾ പാപ്പച്ചൻ അടുത്തിരിക്കുന്നതും ഭംഗിയല്ലല്ലൊ.

ഔസേ—അതുശരി. അപ്പോൾ ചെറിയാച്ചന്് ഈ ബന്ധുതയെക്കുറിച്ചു തൃപ്തിയാണോ?

ഇടി—തൃപ്തിതന്നെയെന്നു പറയണം. കൂടാതെ ഈ കാലത്തു് അപ്പൻേറയോ അമ്മയുടേയോ തൃപ്തിയല്ലല്ലോ പ്രധാനം. ചെറുക്കൻേറയും പെണ്ണിൻേറയും ഇഷ്ടമല്ലെ. പാപ്പച്ചനു ലീലാമ്മയെന്നു വച്ചാൽ ജീവനാണു്. അതുകൊണ്ടു ചെറിയാച്ചനും ഒരു തരത്തിൽ സമ്മതിച്ചിരിക്കയാ. (ആത്മാഭിമാനത്തോടേ) പിന്നെ നല്ലോരു കാര്യമാണല്ലൊ എന്നു വിചാരിച്ചു് ഞാനുംകൂടി പിൻതാങ്ങി. ഇടിക്കുളയെ മറുത്തു് ചെറിയാച്ചനൊരു കാര്യം ചെയ്യാറില്ലല്ലൊ.

ഔസേ—ശരി. സ്ത്രീധനത്തെപ്പററി എന്തു പറയുന്നു?

ഇടി--അതെന്തു പറയാനാ? ചെറിയാച്ചനിന്നു നല്ലോരു കാലമല്ലേ? നെല്ലും പണവും അങ്ങനെ കുമുകുമാന്നു കൂടുകയാ. ആകെ രണ്ടാൺമക്കളേയുള്ളൂ. ഏതു പാറായിടെ മകളും ആ ചെറുക്കൻവേണ്ടി പതിനായിരക്കണക്കിനു രൂപായുമായി പാട്ടുംപാടി വരും.

ഔസേ—ഇല്ലെന്നു ഞാൻ പറയുന്നില്ല. എന്നാൽ ഞങ്ങളുടെ സ്ഥിതിയെക്കുറിച്ചു് ഇടിക്കുളച്ചേട്ടനും ഏറെക്കു

റെ അറിയാമല്ലോ. രണ്ടു മുറി പുരയിടം ഉണ്ടായിരുന്നതിൽ ഒന്നു വിററു് രണ്ടായിരത്തഞ്ഞൂറു രൂപാ ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ടു്. അതിൽ 2000 രൂപാ പണമായിട്ടും 500 രൂപാ ആഭരണമായിട്ടും തരാം. അതിൽ കൂടുതലൊന്നും തരുന്നതിനു നമുക്കു ശേഷിയില്ല

ഇടി—കാര്യം ഉള്ളതാ. എങ്കിലും ചെറിയാച്ചൻ ഇതുകൊണ്ടൊന്നും അടുക്കുമെന്നു തോന്നുന്നില്ല പുഷ്പമംഗലത്തുകാരുമായുള്ള ബന്ധുത്വമായതുകൊണ്ടു് 2500-ന് സമ്മതം കൊടുത്തുകൊള്ളാനാണു് എന്നോടു പറഞ്ഞയച്ചതു്.

ഔസേ—എന്നെക്കൊണ്ടു് അതിൻ യാതൊരു നിവത്തിയുമില്ല കൃഷിയാണെങ്കിൽ ഈ കൊല്ലം വെള്ളപ്പൊക്കംകൊണ്ടു പിഴയായി. തേങ്ങായ്ക്കു് വില ഇടിവുമാണു്.

ഇടി—ഔസേപ്പച്ചാ, ഞാനൊരു ഇടക്കാരനെന്ന നിലയിൽ പറയുകയല്ലിതു്. കുറച്ചു കാശുകൂടി എങ്ങനെയെങ്കിലുമുണ്ടാക്കി ഈ കല്യാണം പടീന്നങ്ങു നടത്തുന്നതാണു് നല്ലതു്. സ്വന്തം മകൾക്കല്ലെ കൊടുക്കുന്നതു്. പോരെങ്കിൽ ഇതുപോലെ ഒരു ചെറുക്കനെ എവിടെ കിട്ടും?

(ഔസേപ്പച്ചൻ എഴുന്നേററു് അണിയറയിലേക്കു നോക്കി വിളിക്കുന്നു)

ഔസേ—മകളെ, ലീലാമ്മേ (ഇടിക്കുളയെ അഭിമുഖീകരിച്ചു്) നേരം ഒരുപാടായല്ലോ. അല്പം കാപ്പി കുടിക്കണ്ടെ?

(ലീലാമ്മ പ്രവേശിക്കുന്നു)

ലീലാ—എന്താ അപ്പച്ചാ?

ഔസേ—കാപ്പി കൊണ്ടുവരൂ. സമയം അതിക്രമിക്കുന്നു. (ഇടിക്കുളയോടു്) നമുക്കു് അകത്തുപോയിരുന്നു സംസാരിക്കാം. അവരു കാപ്പിയും മററും വിളമ്പിവയ്ക്കട്ടെ.

ഇടി—നല്ലോരു കാര്യം.

(ഔസേപ്പച്ചനും ഇടിക്കുളയും ഒരു വശത്തേക്കും ലീലാമ്മ മറുവശത്തേക്കും പോകുന്നു. അധികം താമസിയാതെ ലീലാമ്മ പലഹാരം നിറച്ച ഒരു പാത്രവുമായി പാടിക്കൊണ്ടു വരുന്നു. പാപ്പച്ചൻ പ്രവേശിക്കുന്നു. ഗാനാലാപത്തിൽ ലയിച്ചുനില്ക്കുന്ന ലീലാമ്മ, പാപ്പച്ചനെ കാണുന്നില്ല. പാപ്പച്ചൻ നിശ്ശബ്ദമായി നിന്നു് പാട്ടുകേൾക്കുന്നു.)

പാപ്പ—(ലീലാമ്മ പാടിക്കഴിയുമ്പോൾ) നന്നായിരിക്കുന്നു.

ലീലാ—(ഞെട്ടിത്തിരിഞ്ഞു നോക്കിയിട്ടു്, ലജ്ജാസമേതം തലകുനിച്ചു്) ഒളിച്ചുനിന്നു പാട്ടുകേൾക്കുകയായിരുന്നോ?

പാപ്പ—ആരു് ഒളിച്ചുനിന്നു. ഞാനിതാ ഇങ്ങനെ ഇവിടെ വടിപോലെ നില്ക്കുയായിരുന്നു.

ലീലാ—ഞാൻ കണ്ടില്ലായിരുന്നു.

പാപ്പ—കണ്ണുണ്ടായിട്ടും കാണുന്നില്ല; കാതുണ്ടായിട്ടും കേൾക്കുന്നില്ല. ജീവിതത്തിലെ ദയനീയ സത്യങ്ങളാണവ.

ലീലാ—കാലത്തു കവിതയുമായിട്ടാണല്ലോ ഇറങ്ങിയിരിക്കുന്നതു്.

പാപ്പ—അതെ, ജീവിതത്തെ ഒരു ഗാനമാക്കുക എന്നതാണു് എന്റെ ആദർശം. ഉയർച്ചുകളും താഴ്ചകളും അതിൽ കണ്ടേക്കാം. സന്തോഷങ്ങളും, സന്താപങ്ങളും ഉണ്ടായേക്കാം. എന്നാൽ താളം തെററരുതു്. സ്നേഹമാകുന്ന ഈണത്തോടിണങ്ങി അതു് ഇടമുറിയാതെ ഒഴുകണം.

ലീലാ—കവിത നില്ക്കട്ടെ തല്ക്കാലം. കച്ചവടം ഉറപ്പിച്ചോ? വിലയെ സംബന്ധിച്ചു് ഒരു തീരുമാനം ഉണ്ടായോ കണ്ടേ?

പാപ്പ—ലീലാമ്മ എന്താണിപ്പറയുന്നതു്?

ലീലാ—ചെറുക്കനു് പെണ്ണിന്റെ അപ്പൻ കൊടുക്കേണ്ട വില. പതിനായിരക്കണക്കിനു രൂപായും പാറായിയു

ടെ മകളും മററും വിലപ്പോരുന്ന ചെറുക്കനാണെന്നു ഇട ക്കാരൻ പറയുന്നതു കേട്ടു.

പാപ്പ—പതിനായിരം രൂപയും പാറായിയുടെ മകളു മോ? (ആലോചിച്ചിട്ടു്) സ്ത്രീധനത്തെപ്പററിയായിരിക്കും, ലീലാമ്മ പറയുന്നതു്. ലീലാമ്മ എന്നെയും തെററിദ്ധരി ച്ചിട്ടില്ലെന്നു ഞാൻ വിശ്വസിക്കട്ടെ.

ലീലാ—അങ്ങുന്നു് എന്നെയും തെററിദ്ധരിക്കയില്ലെന്നു ള്ള വിശ്വാസംകൊണ്ടാണു് ഞാനങ്ങനെ തുറന്നുപറ ഞ്ഞതു്.

പാപ്പ—ഞാൻ അപ്പച്ചനോടു കെഞ്ചിപ്പറഞ്ഞു, സ്ത്രീ ധനത്തെപ്പററി വിലപേശുന്നതു യോഗ്യമല്ലെന്നു്. എന്തു ചെയ്യാം! ദുഷിച്ച ചില പാരമ്പര്യങ്ങളുടെ ചട്ടക്കൂട്ടിൽനി ന്നും പഴയ തലമുറയെ ഇളക്കിയെടുക്കുവാൻ വലിയ വി ഷമം.

ലീലാ—അങ്ങയെപ്പോലെ ഹൃദയവിശാലരായ ഓരോ യുവാക്കന്മാരെ ഓരോ യുവതികൾക്കും വരനായി ലഭിച്ചി രുന്നെങ്കിൽ!

പാപ്പ—ഒരു പുരുഷൻെറ സുഖദുഃഖങ്ങളെ പങ്കിട്ടനുഭ വിക്കുന്നതിനു സന്നദ്ധയായ ഒരു സ്ത്രീതന്നെയാണു് അവ ൻെറ വിലതീരാത്ത ധനം. അതാണു് ഞാൻ മനസ്സിലാ ക്കിയിരിക്കുന്നതു്. പിന്നെ ഒരു പിതാവു് തൻെറ സമ്പാ ദ്യത്തിൽ ഒരോഹരി മകൾക്കു കൊടുക്കുന്നെങ്കിൽ അതവൾ നന്ദിപൂർവ്വം സ്വീകരിക്കട്ടെ. (ലീലാമ്മയെ അഭിമുഖീകരി ച്ചുകൊണ്ടു്) ലീലാമ്മേ, എന്നെ സംബന്ധിച്ചിടത്തോളം എനിക്കു് ഒരു കാര്യമേ അറിയേണ്ടതായിട്ടുള്ളു. ജീവിത യാത്രയിൽ ഹൃദയപൂർവ്വം എന്നോടുകൂടി ചേരുവാൻ ഭവ തിക്കു സമ്മതമാണോ?

(ലീലാമ്മ തലകുനിച്ചു മൗനമായി നില്ക്കുന്നു)

ലീലാമ്മേ, എൻെറ പിതാവിൻെറ പണത്തിൽനിന്നും പുരയിടങ്ങളിൽനിന്നും എന്നെ വേർതിരിച്ചിട്ടു പറയുക, എന്നെ അനുയാത്രചെയ്യുവാൻ ഭവതിക്കു ധൈര്യമുണ്ടോ?

ലീലാ—അങ്ങയെപ്പോലെ ആദർശസമ്പന്നനും ധീരോദാത്തനുമായ ഒരു പുരുഷൻെറ സഹധർമ്മണീപദം അബലയായ ഏതൊരു തരുണിയാണു് വിലമതിക്കാത്തതു്! നന്ദിപൂർവ്വം എൻെറ ജീവിതത്തെ ഞാൻ പാപ്പച്ചനു സമർപ്പിക്കുന്നു.

പാപ്പ—ദൈവം നമ്മുടെ ഹൃദയൈക്യത്തെ അനുഗ്രഹിക്കുന്നതിനു പ്രാർത്ഥിക്കാം.

— കർട്ടൻ —

## രംഗം രണ്ടു്

(നെല്ലിമററത്തു ഭവനം. ചെറിയാച്ചനും ഇടിക്കുളയും ഇരിക്കുന്നു. പാപ്പച്ചൻ നില്ക്കുന്നു.)

ചെറി—(കൈയിലിരിക്കുന്ന ബാങ്കുചെക്കിൽ അസംതൃപ്തനായി നോക്കിക്കൊണ്ടു്) 2500 'ഉലുവാ' നെല്ലിമററത്തു തറവാട്ടിലെ ഒരു ചെറുക്കനു സ്ത്രീധനം 2500 രൂപാ! അതോക്കുംതോറും എനിക്കു നിരാശ തോന്നുകയാണു്.

ഇടി—2000 തരുന്നതിനേ വകയുള്ളു എന്നാണു് ഔസേപ്പച്ചൻ പറഞ്ഞതു്. ഞാൻ പറഞ്ഞുപറഞ്ഞാണു്

2500-ൽ എത്തിയതു്. പിന്നെ നല്ലോരു കാര്യത്തിനല്ലേ എന്നു......

ചെറി —(ഇടിക്കുള വാചകം പൂർത്തിയാക്കുന്നതിനു മുൻപു് മേശയിലിടിച്ചുകൊണ്ടു്) എന്തൊരു നല്ലോരു കാര്യം!

ഇടി—അല്ല; ഞാനെന്തു പിഴച്ചു! പാപ്പച്ചനു് ആ പെണ്ണിനെ മാത്രം മതിയെന്നു പറഞ്ഞതുകൊണ്ടും, ചെറിയാച്ചൻതന്നെ ഒടുവിൽ സമ്മതിച്ചതുകൊണ്ടുമല്ലേ, ഞാൻ ചെക്കു കൈപ്പററിക്കൊണ്ടു വന്നതു്!

പാപ്പ—അപ്പച്ചാ, കല്യാണത്തിൻെറ മുഖ്യമായ ഉദ്ദേശ്യം സ്ത്രീധനമല്ലല്ലൊ.

ചെറി—നിൻെറ മുഖ്യമായ ഉദ്ദേശ്യം! എടാ, നിൻെറ പെങ്ങന്മാക്കു രണ്ടുപേക്കും 4000 വീതം കൊടുത്താകെട്ടിച്ചതെന്നു നീ ഓക്കണം (അല്പം കഴിഞ്ഞു്) ആകട്ടെ; നിൻെറ മുഖ്യമായ ഉദ്ദേശ്യംതന്നെ നടക്കട്ടെ. ഞാനെന്തിനിത്ര പാടുപെടണം! നാലു കാശുകൂടി കിട്ടിയാൽ നിനക്കുതന്നെ കൊള്ളാം. (ഇടിക്കുളയോടു്) എടോ ഇടിക്കുളേ, ഈ ചെക്കുകൊണ്ടുപോയി ബാങ്കിൽ കൊടുത്തു് നമ്മുടെ കണക്കിൽ വരവു വയ്ക്കുവാൻ പറയുക.

(ചെറിയാച്ചനും ഇടിക്കുളയും അകത്തേക്കു പോകുന്നു. പാപ്പച്ചൻ ചിന്താമഗ്നനായി അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നു)

പാപ്പ – ഈ കാല്‌വയ്പിൻെറ അനന്തരഫലമെന്തായിരിക്കും? അപ്പച്ചൻെറ ഈ അസംതൃപ്തി അസമാധാനം നിറഞ്ഞ ഒരു ഭാവിയിലേക്കുള്ള ചൂണ്ടുപലകയാണോ?

(വേലക്കാരനായ കുട്ടപ്പൻ പ്രവേശിക്കുന്നു. വേഷം നിക്കറും ബനിയനും. ചിന്താമഗ്നനായ പാപ്പച്ചൻ കുട്ടപ്പനെ കാണുന്നില്ല. അവൻ പാപ്പച്ചനെ സമീപിക്കുന്നു.)

കുട്ടപ്പൻ - (ഉച്ചത്തിൽ) പാപ്പച്ചൻ ചേട്ടോ!

പാപ്പ – (ഞെട്ടിത്തിരഞ്ഞു നോക്കുന്നു) നിനക്കെന്തു പ
ററി കുട്ടപ്പാ?

കുട്ട – ചേട്ടനിങ്ങനെ ആലോചിച്ചു നില്ക്കാം (നെഞ്ചും വയറും വൃത്താകൃതിയിൽ തടവിക്കൊണ്ടു്) എനിക്കു വ
ലിയ വെപ്രാളമാ!

പാപ്പ – ഉം. എന്തു പററി?

കുട്ട – കല്യാണം അടുത്തുവരുന്നു.

പാപ്പ – (ചിരിച്ചുകൊണ്ടു്) അതിനു നീ എന്തിനു വെപ്രാളം പിടിക്കണം. നീ അല്ലല്ലോ കെട്ടാൻ പോകുന്നതു്. (കസേരയിലിരിക്കുന്നു)

കുട്ട – ഞാനായിരുന്നു കെട്ടാൻ പോകുന്നതെങ്കിൽ എനിക്കു മണവാളൻ ചമഞ്ഞിരുന്നാൽ മതിയായിരുന്നല്ലോ. ഇതിപ്പം ചേട്ടന്റെ കല്യാണമായതുകൊണ്ടു് വേലക്കാരൻ കുട്ടപ്പനെ ആരും മൈൻറു ചെയ്യുന്നില്ല. അവന്റെ വെപ്രാളം ആരു കാണാനാണു്!

പാപ്പ – നിന്നെ എന്തുചെയ്യണം?

കുട്ട – (തലചൊറിഞ്ഞുകൊണ്ടു്) അല്ല, എനിക്കൊന്നും വേണ്ടിയിട്ടല്ല. പക്ഷേ, ബന്ധുക്കാരും മററും വരുമ്പോൾ ഞാനിങ്ങനെ "മിഴ്ക്കസ്യാ"ന്നു നിന്നാൽ അവരെന്തു വിചാരിക്കും. നെല്ലിമററത്തിലെ 'സ്ഥിരം ബായി'ക്കു കല്യാണാഘോഷത്തിൽ പങ്കൊന്നുമില്ലേ എന്നു് അവർ ചോദിച്ചാൽ ആർക്കാണു മോശം? ചേട്ടനാണോ? എനിക്കാണോ?

പാപ്പ – ശരി. അതിനു നിനക്കിപ്പോൾ എന്തു വേണമെന്നാണു് പറയുന്നതു്?

കുട്ട – കുട്ടപ്പൻ അന്നു് 'ടിപ്പ്ടോപ്പായി ടിപ്പ്ടിപ്പ്' എന്നു നടന്നാൽ ചേട്ടനുമതൊരു വിലയല്ലേ? (തല ചൊറിഞ്ഞുകൊണ്ടു്) ഒരു നല്ല ഷർട്ടു്......

പാപ്പ – എന്തു തുണികൊണ്ടുള്ള ഷർട്ടാണ് നിനക്കിഷ്ടം.

കുട്ട – എന്തു തുണിയായാലും വേണ്ടില്ല. ഒരു കോടിയുടുപ്പു വേണം. പിന്നെ നൈലോൺ, നൈലോൺ എന്നൊന്നിനെപ്പററി പിള്ളേരൊക്കെ പറയുന്നതു കേൾക്കാം. അതായാലും മതി.

പാപ്പ – നൈലോൺ ഷർട്ടോ! ആട്ടെ പിന്നെന്തുവേണം.

കുട്ട – ഒരു ചെറിയ (തലചൊറിഞ്ഞു് അല്പം കഴിഞ്ഞു്) ഡബിൾ മുണ്ടു്.

പാപ്പ – ചെറിയ ഡബിളോ? പിന്നെ.

കുട്ട – പിന്നെയൊന്നും വേണമെന്നില്ല.

പാപ്പ – ഒരു തൊപ്പിയും ഇരിക്കട്ടെ.

കുട്ട – തൊപ്പിയും കുപ്പായവുമൊന്നും എനിക്കു വേണ്ടാ

പാപ്പ – (കുട്ടപ്പന്റെ കൈയിൽ നോക്കിക്കൊണ്ടു്) എനിക്കുവേണ്ടി നാലഞ്ചു കൊല്ലം ഉച്ചക്കു ചോററുപാത്രം ചുമന്ന കൈയല്ലേ? ഒരു കൊച്ചു റിസ്റ്റ്വാച്ച് അതിൽ കെട്ടിയാൽ നന്നായിരിക്കും, ചേട്ടന്റെ കല്യാണസമ്മാനമായി.

കുട്ട – വേണ്ട, വേണ്ട. എന്റെ ചേട്ടാ, അതപകടമാ. മററു ജോലികൾക്കു പുറമേ അതിനു ചാവിയും കൊടുക്കണം. ചാവികൊടുക്കാൻ മറന്നുപോയാൽ അതു ചത്തുപോകും. പിന്നെ എല്ലാ ജോലിയും സർവ്വത്ര തകരാറാകും. ഉച്ചയ്ക്കു തരേണ്ട ചോറു പിന്നെ വൈകിട്ടാകും. അത്താഴം പിന്നെ പഴഞ്ചോറാകും. (അല്പനേരം തലചൊറിഞ്ഞിട്ടു്) ചേട്ടനു് അത്ര വലരെ ഇഷ്ടമാണെങ്കിൽ എനിക്കു് ഒരു കാര്യംകൂടി ചോദിക്കാനുണ്ടു്.

പാപ്പ – ഉം. എന്താ?

കുട്ട – ഒരു നിക്കറുകൂടി – നല്ല കട്ടിയുള്ള കാക്കിത്തുണി കൊണ്ടു് ഒരു കാൽച്ചട്ട.

പാപ്പ – (ചിരിച്ചുകൊണ്ടു്) എന്നാൽ തുകലുകൊണ്ടോ മററോ ഒന്നു തുന്നിക്കാം. അതിൻെറ ഉദ്ദേശ്യമെന്താ?

കുട്ട–ഉള്ളതു പറഞ്ഞാൽ ചേട്ടൻ ചെവിക്കു പിടിക്കുമോ?

പാപ്പ – ഒരിക്കലുമില്ല.

കുട്ട – പിന്നയേ, പുതിയതായിട്ടു വരുന്ന കൊച്ചമ്മ എന്നെ ചപ്രം ചിപ്രം തല്ലുന്ന കൊച്ചമ്മയാണെങ്കിൽ എനിക്കു് നോവാതിരിക്കുവാൻ.

പാപ്പ – പുതുതായി വരുന്ന കൊച്ചമ്മയോ! ഏതു കൊച്ചപ്പൻെറ കൊച്ചമ്മ?

കുട്ട – ചേട്ടൻ കല്യാണം കഴിച്ചുകൊണ്ടുവരുന്ന ആളേ. ഞാൻ പിന്നെ എങ്ങനെയാ വിളിക്കേണ്ടതു്?

പാപ്പ – ഓ! അതാണോ പ്രശ്നം? എങ്ങനെയാണു വിളിക്കേണ്ടതെന്നു് നീ അവളോടുതന്നെ ചോദിക്കണം. പക്ഷേ, 'കൊച്ചമ്മേ' എന്നു വിളിച്ചുകൊണ്ടു ചെല്ലുകയാണെങ്കിൽ കട്ടിയുള്ള നിക്കറിട്ടുകൊണ്ടുതന്നെ പൊയ്ക്കൊള്ളണം. അതിരിക്കട്ടെ, നീ പോയി ഷർട്ടിനും മററും തുണി എടുത്തു കൊടുത്തിട്ടുവാ

(കുട്ടപ്പൻ പോകുന്നു. പാപ്പച്ചൻ ചിന്താമഗ്നനായിരിക്കുന്നു. ഫാദർ ജോൺ പ്രവേശിക്കുന്നു. കൈയ്യിൽ ഒരു സവാരിവടിയുമുണ്ടു്. പാപ്പച്ചൻ ആദരപൂർവ്വം എഴുന്നേററു നില്ക്കുന്നു.)

പാപ്പ – ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ.

അച്ചൻ – എല്ലായ്പ്പോഴും സ്തുതിയായിരിക്കട്ടെ.

(ഇരുവരും ഇരിക്കുന്നു.)

അച്ചൻ – പാപ്പച്ചാ, കാര്യങ്ങളൊക്കെ എവിടംവരെയായി?

പാപ്പ – പുരോഗമിച്ചുകൊണ്ടുതന്നെയിരിക്കുന്നു എന്നു പറയണം. കല്യാണം വരുന്ന തിങ്കളാഴ്ചതന്നെ നടത്തുവാൻ തീരുമാനിച്ചിരിക്കുകയാണു്.

അച്ചൻ – കൊള്ളാം. എന്റെ മംഗളാശംസകൾ കാലേക്കൂട്ടി അറിയിച്ചുകൊള്ളുന്നു.

പാപ്പ – വളരെ ഉപകാരം. അങ്ങയുടെ മംഗളാശംസകൾ ഒരു അനുഗ്രഹമായിട്ടാണു് ഞാൻ കണക്കാക്കുന്നതു്. അച്ചൻ ഞങ്ങൾക്കുവേണ്ടി പ്രത്യേകം പ്രാൎത്ഥിക്കണമെന്നു് അഭ്യൎത്ഥിക്കുന്നു.

അച്ചൻ – ഞാൻ പ്രാൎത്ഥിക്കാം; ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. (അല്പം കഴിഞ്ഞു്) സ്ത്രീധനം എന്താണു്?

പാപ്പ – രണ്ടായിരത്തഞ്ഞൂറു്.

(അച്ചൻ മേശപ്പുറത്തു കിടന്ന കടലാസിൽ എന്തോ എഴുതുന്നു. അതിനുശേഷം പാപ്പച്ചനെ നോക്കി)

അച്ചൻ – പിന്നെ?

പാപ്പ – 500 രൂപയ്ക്കുള്ള ആഭരണങ്ങളും.

അച്ചൻ – കൊള്ളാം. (വീണ്ടും എന്തോ കുറിക്കുന്നു)

പാപ്പ – അവൾക്കു് രണ്ടു കൊല്ലത്തെ കോളേജ് വിദ്യാഭ്യാസമുണ്ടു്.

അച്ചൻ – നല്ലതു്. (പിന്നെയും എന്തോ എഴുതുന്നു)

പാപ്പ – പാട്ടുപാടുവാൻ നല്ല വാസനയുമാണു്.

അച്ചൻ – അപ്പോൾ പാട്ടുകാരനും പാട്ടുകാരിയുമായി. (വീണ്ടും എഴുതിയിട്ടു തലയുയൎത്തി) സൗന്ദൎയ്യത്തിലും വളരെ പിന്നോക്കമല്ലായിരിക്കുമല്ലോ.

പാപ്പ -- (ചിരിച്ചുകൊണ്ടു്) എന്റെ കണ്ണുകൾക്കു് അവൾ സുന്ദരിയാണു്.

(അച്ചൻ വീണ്ടും എഴുതുന്നു)

പാപ്പ – (അച്ചൻ എഴുതുന്നതു് എന്തായിരിക്കുമെന്നറിയാൻ ജിജ്ഞാസയോടേ) അച്ചനെന്താണു് കുറിച്ചുവെക്കുന്നതു്. (എണീററു് അച്ചൻ എഴുതിക്കൊണ്ടിരുന്ന കടലാസിൽ നോക്കുന്നു. ആശ്ചര്യസമേതം) ഓരോ പൂജ്യമോ? ഞാനീ പറഞ്ഞ ഓരോ യോഗ്യതകൾക്കും ഓരോ പൂജ്യമാണോ അച്ചൻ വിലയിട്ടിരിക്കുന്നതു്. (അല്പനേരം ചിന്താമഗ്നനായി നില്ക്കുന്നു. അതിൻ ശേഷം അച്ചനെ നോക്കി) അച്ചാ, ഇവയ്ക്കെല്ലാം ഉപരിയായി ലീലാമ്മ വിനയവും ആദർശനിഷ്ഠയുമുള്ള ഒരു യുവതിയാണെന്നു് എനിക്കു വിശ്വാസയോഗ്യമായി അറിയാം.

അച്ചൻ – (വീണ്ടും എന്തോ എഴുതിയിട്ടു്) പാപ്പച്ചാ, ഇപ്പോൾ ഞാൻ ആദ്യം എഴുതിയ അഞ്ചു പൂജ്യങ്ങൾക്കും വിലയുണ്ടായി. പാപ്പച്ചൻ അവസാനം പറഞ്ഞതിനു മാത്രം ഒന്നു് എന്നു വിലകല്പിച്ചു് അഞ്ചു പൂജ്യങ്ങൾക്കും മുൻപിലായി ഇട്ടിരിക്കുന്നു. അപ്പോൾ 100000 (ഒരു ലക്ഷം) മാണു് സ്ത്രീധനം. അതിനെ വാസ്തവത്തിൽ സ്ത്രീധനമെന്നല്ല വിളിക്കേണ്ടതു്, 'ശ്രീധനം' എന്നാണു്– ഐശ്വര്യം എന്ന ധനം. സൗശീല്യം ഉണ്ടെങ്കിൽ മററെല്ലാ ഗുണങ്ങളും ബിരുദങ്ങളും ഐശ്വര്യപൂർണ്ണമായിരിക്കും. വിനയമില്ലെങ്കിൽ മററുള്ള യോഗ്യതകളെല്ലാം വിനാശകരങ്ങളായിരിക്കും. (സ്വരം മാററി) ചെറിയാച്ചനിവിടെയില്ലേ?

പാപ്പ – അപ്പച്ചൻ അകത്തുണ്ടായിരുന്നു. ഞാൻ പോയി നോക്കട്ടെ. (പോകുന്നു)

(ചെറിയാച്ചൻ പ്രവേശിക്കുന്നു)

ചെറി – (കൈകൂപ്പി) ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ.

അച്ചൻ – എല്ലായ്പ്പോഴും സ്തുതിയായിരിക്കട്ടെ. പിന്നെന്തുണ്ട് വിശേഷം? കല്യാണാഘോഷത്തിനുള്ള വട്ടങ്ങൾ ഒരുക്കുകയായിരിക്കും.

ചെറി – (ഇരിക്കുന്നു) എന്തു പറയാനാ എന്റെ അച്ചാ, പാപ്പച്ചനെ ഒരച്ചനായി കാണണമെന്നായിരുന്നു എന്റെ ആഗ്രഹം. പക്ഷേ അവനതിനു മനസ്സില്ലെങ്കിൽ പിന്നെ എന്തുചെയ്യാം! അവനതിനു യോഗ്യതയില്ലെന്നാണ് അവൻ പറയുന്നതു്.

അച്ചൻ – അവന്റെ ഇഷ്ടത്തിനു വിപരീതമായി വൈദികനാകാൻ നിർബന്ധിക്കുന്നതു ശരിയല്ലല്ലൊ. ഒരുവനു വൈദികാന്തസ്സിനോടുള്ള ആകർഷണമാണല്ലൊ ദൈവവിളിയുടെ ബാഹ്യമായ അടയാളമായി നാം കണക്കാക്കേണ്ടതു്.

ചെറി – ഇപ്പോഴത്തെ പിള്ളേർക്ക് ചൊല്ലുവിളിയാണ് ഇല്ലാത്തതു്. കണ്ടില്ലെ അവന്റെ ഒരു ശാഠ്യം. ഈ കുടുംബത്തിന്റെ ഇപ്പോഴത്തെ നിലയ്ക്കു് ഒരു 5000 രൂപായെങ്കിലും സ്ത്രീധനം കിട്ടേണ്ടതല്ലായിരുന്നോ. 2500 പോലും കൊണ്ടുവരാൻ കഴിവില്ലാത്ത ഒരു പെണ്ണിനെ വലിച്ചു തലയിൽ വയ്ക്കാൻ വല്ല കാര്യവുമുണ്ടോ?

അച്ചൻ – ചെറിയാച്ചാ, വിവാഹത്തിന്റെ ലക്ഷ്യം കുടുംബത്തിന്റെ സ്വത്തു കൂട്ടുകയാണോ? നിങ്ങളുടെ മകൻ കല്യാണം കഴിക്കുമ്പോൾ നിങ്ങളുടെ വീട്ടിൽ ഒരംഗംകൂടിയുണ്ടാകുന്നു. മരണംവരെ നിങ്ങളോടു ബന്ധപ്പെട്ട ഒരു വ്യക്തി. അവളുടെ സ്വഭാവത്തെയാണ് കൂടുതൽ പരിഗണിക്കേണ്ടതു്. അതുകൊണ്ടു് സ്ത്രീധനം കുറഞ്ഞുപോയതിൽ ചെറിയാച്ചൻ ഖേദിക്കരുതു്.

(ചാണ്ടിക്കുഞ്ഞു യാത്രകഴിഞ്ഞു വരുന്ന മട്ടിൽ പ്രവേശിക്കുന്നു. അച്ചനു 'സ്തുതി' പറയുന്നു)

അച്ചൻ—ചാണ്ടിക്കുഞ്ഞ് ഇവിടെ ഇല്ലായിരുന്നോ?

ചാണ്ടി—ഞാൻ ബസ്സാറിലൊന്നു പോയിട്ടു വരികയാ.

അച്ചൻ—ഓ, മനസ്സിലായി. അനിയൻെറ കല്യാണത്തിൻെറ ഭാരം മുഴുവൻ ചേട്ടൻെറ ചുമലല്ലേ താങ്ങേണ്ടതു്?

ചാണ്ടി—ആകെക്കൂടി ഒരനുജനെ ഉള്ളല്ലൊ കെട്ടിക്കാൻ. അതുകൊണ്ടൊരു ഭാരമായി കരുതാനില്ല.

അച്ചൻ—ഭാരമായി കരുതുന്നില്ലെങ്കിൽ ഭാരം തോന്നുകയുമില്ല. (എഴുന്നേല്ക്കുന്നു) കൊള്ളാം; എൻെറ ഭാഗത്തുനിന്നും സർവ്വവിജയങ്ങളും മംഗളങ്ങളും നേർന്നുകൊള്ളുന്നു. ഞാൻ ഇറങ്ങട്ടെ.

(അച്ചൻ പോകുന്നു. ചെറിയാച്ചനും അച്ചൻെറ പിന്നാലെ പോകുന്നു. ചാണ്ടിക്കുഞ്ഞ് അവരെ അനുഗമിച്ച് വാതില്ക്കൽവരെ ചെല്ലുമ്പോൾ, പിൻവശത്തുനിന്ന് ഏലി ഇറങ്ങിവരുന്നു.)

ഏലി—(ചാണ്ടിക്കുഞ്ഞിനെ വിളിക്കുന്ന ഭാവത്തിൽ) പിന്നായേ!

ചാണ്ടി—(തിരിഞ്ഞുനോക്കുന്നു) എന്താ? (മുറിയുടെ മദ്ധ്യത്തിലേക്കു തിരിയെ വരുന്നു)

ഏലി—(ശുണ്ഠിപിടിച്ച ഭാവത്തിൽ) നിങ്ങൾക്കു വല്ല വിചാരോം ഉണ്ടോ?

(ചാണ്ടിക്കുഞ്ഞ് അന്ധാളിച്ചുനില്ക്കുന്നു)

ഏലി—അല്ല, നിങ്ങൾക്കു വല്ല വിചാരോം ഉണ്ടോന്നാ ഞാൻ ഈ ചോദിക്കുന്നതു്?

ചാണ്ടി—അല്ല, നിനക്കിപ്പം എന്തുവേണംമെന്നാ ഞാൻ ചോദിക്കുന്നതു്?

ഏലി—വിവരമുള്ള ആമ്പിറന്നോന്മാരാണെങ്കിൽ,ഒന്നും പറയേണ്ട ആവശ്യമില്ല.

ചാണ്ടി—വിവരമില്ലാത്ത ആമ്പിറന്നോനാണെന്നു തന്നെ വച്ചുകൊള്ളണം എന്നിട്ടു തിരുവായൊന്നു മൊഴിഞ്ഞാട്ടെ.

ഏലി—ദേ, എന്നെക്കൊണ്ടൊന്നും പറയിക്കരുത്. വരുന്ന തിങ്കളാഴ്ച അൻജൻെറ കല്യാണമാണെന്നറിയാമോ?

ചാണ്ടി—അതിനല്ലെ ഞാനിപ്പോൾ ബസ്സ്സാറിൽനിന്നു് ഒരു വണ്ടിനിറയെ സാമാനങ്ങൾ കൊണ്ടുവന്നിറക്കിയതു്?

ഏലി—വണ്ടിനിറയെ കൊണ്ടുവന്നിറക്കിപോലും! അതാ ഞാൻ ചോദിച്ചതു് നിങ്ങൾക്കു വല്ല വിചാരോം ഉണ്ടോന്നു്......ഞാനിവിടെ കഴുത്തേലൊന്നുമില്ലാതെ നിന്നോളണം!

ചാണ്ടി—ഇതുതന്നെ പുകില്! എൻെറ പ്രിയതമയുടെ കഴുത്തേൽ തലപോലുമില്ലെന്നു് ഇതുവരെ ഞാൻ അറിഞ്ഞിരുന്നില്ലല്ലൊ. അതു ശരി! വാസ്തവത്തിൽ, തലയുള്ളവരാരും ഇവളെപ്പോലെ സംസാരിക്കയില്ല.

ഏലി—(അടക്കാനാവാത്ത കോപത്തോടെ) ദേ, തലയില്ലാത്തതു നിങ്ങടെ......ഞാൻ പറഞ്ഞാലുണ്ടല്ലൊ. ഏലിയോടീ വേലയിറക്കാനൊന്നും പോരണ്ടാ. നിങ്ങൾ കൊണ്ടുപോയി പണയം വച്ചിരിക്കുന്ന എൻെറ മാല രണ്ടും ഉടനെ ചെന്നെടുപ്പിച്ചുകൊണ്ടു വരണം.

ചാണ്ടി—നീ ഒന്നടങ്ങി നില്ക്കു് ഏലിക്കുട്ടീ. അതൊക്കെ എടുത്തുകൊണ്ടു വരാം.

ഏലി—എപ്പോൾ?

ചാണ്ടി—കൊയ്ത്തൊന്നു കഴിഞ്ഞോട്ടെ. നെല്ലു വിററു് രൂപാ കിട്ടിയാലുടനെ നിൻെറ ആഭരണങ്ങൾ എടുപ്പിച്ചു കൊണ്ടുവരാം.

ഏലി—അപ്പോൾ കല്യാണദിവസം ഞാനിങ്ങനെ വെറും കഴുത്തോടേ നിന്നാ മതിയെന്നോ?

ചാണ്ടി—വെറും കഴുത്താണോ? മാല രണ്ടല്ലേ തൂങ്ങി കിടക്കുന്നതു്? നീ മണവാട്ടിയും മററുമല്ലല്ലൊ.

ഏലി—ഈ കൊണദോഷമൊന്നും ഈ ഏലിക്കുട്ടിയുട ടുക്കൽ ചെലവാകത്തില്ല. ദേ, പിന്നൊരു കാര്യം! മാലയി പ്പം കൊണ്ടുവന്നില്ലെങ്കിൽ, ഞാനെൻെറ വീട്ടിൽ പോ വുകയാ. നിങ്ങൾ അപ്പനും മക്കളുംകൂടി കല്യാണം നടത്തുകയും കൂടുകയുമൊക്കെ ചെയ്തുകൊള്ളണം.

ചാണ്ടി—നീ അങ്ങോട്ടു ചെന്നാട്ടെ. നിന്നെക്കൂടാതെ കല്യാണം നടക്കുമോന്നു കാണട്ടെ.

ഏലി—ഇപ്പം മനസ്സിലായി; ഇനി എന്നെക്കൂടാതെ കഴിക്കാമെന്നായിരിക്കും ഭാവം.

(ആരോ വരുന്നതു കണ്ട ഭാവത്തിൽ അണിയറയിലേക്കു നോക്കി യ ശേഷം, ചാണ്ടിക്കുഞ്ഞിൻെറ നേരെ നോക്കി 'കൊഞ്ഞനം' കാട്ടി ക്കൊണ്ടു്)

അക്കളിതന്നെയൊന്നു കാണട്ടെ.

(ഏലി പോകുന്നു. ചാണ്ടിക്കുഞ്ഞു് ചിന്താമഗ്നനായി നില്ക്കുന്നു. ചെറിയാച്ചൻ പ്രവേശിക്കുന്നു.)

ചെറി—എന്താടാ ഇങ്ങനെ കണ്ണുംനട്ടു നില്ക്കുന്നതു്. ജോലി ഒന്നും ഇല്ലായിരിക്കും.

ചാണ്ടി—ജോലി ഇല്ലാഞ്ഞിട്ടല്ല, എവിടയാ തുടങ്ങേ ണ്ടതെന്നു് ആലോചിക്കയായിരുന്നു.

(ചാണ്ടിക്കുഞ്ഞു് ഇറങ്ങിപ്പോകുന്നു; ചെറിയാച്ചൻ കസേരയി ലിരുന്നു് പത്രമെടുത്തു നോക്കുന്നു. ഇടിക്കുള കയറിവരുന്നു)

ഇടി—(ബാങ്കുചെക്ക് മേശപ്പുറത്തുവച്ചിട്ട്) ഇതാ കിടക്കുന്നു. ഈ ചെക്കിനു പണം കിട്ടുകയില്ലെന്നു്.

ചെറി—എന്തു്?

ഇടി—ബാങ്കു് ലിങ്കഡേട്ടായെന്നു്.

ചെറി—(എഴുന്നേല്ക്കുന്നു) എന്തു പററിയെന്നു്?

ഇടി—എന്തോ എനിക്കു മനസ്സിലാകുന്നില്ല. ബാങ്കു് ലിങ്കിഡേററിലായെന്നു്.

ചെറി—ബാങ്കു് ലികചിഡേററ് ചെയ്യേന്നോ?

ഇടി—ആ; അങ്ങനെയാ പററിയതെന്നു തോന്നുന്നു.

(ചെറിയാച്ചൻ എഴുന്നേററു് ചിന്താമഗ്നനായി നടക്കുന്നു.)

ചെറി—എടോ, ഇടിക്കുളേ!

ഇടി—എന്തോ.

ചെറി—താൻ ഈ ചെക്കുകൊണ്ടുപോയി ഔസേപ്പച്ചൻെറ മുമ്പിലിട്ടുകൊടു.

ഇടി—അതെന്തിനാ, അങ്ങേരുടെ മുമ്പിലിട്ടുകൊടുക്കുന്നതു്. അങ്ങേരു പട്ടിയോ മറേറാ ആണോ. ഞാൻ അങ്ങേരുടെ കൈയിലങ്ങു കൊടുത്താൽ പോരെ. ഒന്നുമല്ലേലും അങ്ങേരൊരു നല്ല തറവാട്ടുകാരനല്ലേ?

ചെറി—(പുച്ഛരസത്തിൽ) അതേയതെ, താൻ അയാളുടെ കൈയിൽത്തന്നെ കൊടുത്തുകൊള്ളണം. വേണമെങ്കിൽ കാലിൽ തൊട്ടു് ഒന്നു വന്ദിച്ചുകൊള്ളു. എന്നിട്ടു പറയണം രൂപയുണ്ടെങ്കിൽ 2500 വേഗം എണ്ണിത്തരാൻ.

ഇടി—രൂപാ ഇല്ലെന്നു പറഞ്ഞാലോ?

ചെറി—ആ നിമിഷത്തിൽത്തന്നെ കല്യാണക്കരാർ റദ്ദു ചെയ്തിരിക്കുന്നതായി ഉറപ്പിച്ചു പറഞ്ഞേക്കു.

ഇടി—അതു കുറച്ചു കടുപ്പമല്ലേ ചെറിയാച്ചാ?

ചെറി—(കോപിച്ചു) എടോ, തനിക്കു ഞാൻ പറഞ്ഞതു കേൾക്കുവാൻ മനസ്സുണ്ടോ?

(ഇടിക്കുള ചെക്കെടുത്തുകൊണ്ടു പോകുന്നു. ചെറിയാച്ചൻ ചിന്താമഗ്നനായി അല്പനേരം നടന്നിട്ട്, അണിയറയിലേക്കു നോക്കി വിളിക്കുന്നു.)

ചെറി—എടാ പാപ്പച്ചാ, നീ ഇങ്ങോട്ടുവരൂ.

(വീണ്ടും ഉലാത്തുന്നു. പാപ്പച്ചൻ പ്രവേശിക്കുന്നു.)

ചെറി—എടാ, പാപ്പച്ചാ, നീ കഥവല്ലതുമറിഞ്ഞോ?

പാപ്പ—എന്തു കഥയാണപ്പച്ചാ?

ചെറി—നിനക്കു സ്ത്രീധനം കിട്ടിയ ചെക്കിന് ഒരു നയാപൈസയുടെ വിലപോലുമില്ലെന്ന്.

പാപ്പ—എന്താണപ്പച്ചനീ പറയുന്നത്?

ചെറി—എടാ, അവരുടെ ബാങ്കു തകന്നു. ഇനി ആ ചെക്കിനെന്തു വില?

(പാപ്പച്ചൻ ആലോചിച്ചു നില്ക്കുന്നു.)

ചെറി—ഞാനാ ചെക്ക് ഔസേപ്പച്ചന് ഇടിക്കുളവശം കൊടുത്തയച്ചു.

പാപ്പ—എന്തുപറഞ്ഞാണ് അപ്പച്ചൻ അയാളെ വിട്ടത്?

ചെറി—ഔസേപ്പച്ചന്റെ കൈയിൽ വേറെ രൂപായുണ്ടെങ്കിൽ തരാൻ പറഞ്ഞു.

പാപ്പ—(ആലോചിച്ചു ശേഷം) അപ്പച്ചാ, ബാങ്ക് ലിക്വിഡേഷനിലാണെങ്കിൽ ഉടനെ അദ്ദേഹത്തെക്കൊണ്ട് അത്രയും രൂപാ ഉണ്ടാക്കിത്തരുവാൻ സാധിക്കുമെന്നു തോന്നുന്നില്ല.

ചെറി—സാധിക്കുകയില്ലെങ്കിൽ കല്യാണം വേണ്ടെന്നു വയ്ക്കട്ടെ. പണം ഉടൻ തരുന്നില്ലെങ്കിൽ ഇടപാട് അപ്പഴേ റദ്ദുചെയ്തേക്കാനാണു് ഞാൻ പറഞ്ഞുവിട്ടിരിക്കുന്നതു്.

പാപ്പ—അപ്പച്ചാ......

ചെറി—ഉം?

പാപ്പ—അതു വേണ്ടില്ലായിരുന്നു.

ചെറി—പിന്നെ, സ്ത്രീധനം കൂടാതെ കല്യാണം നടത്താമോ?

പാപ്പ—പ്രിയപ്പെട്ട അപ്പച്ചാ, സ്ത്രീധനത്തെ വിവാഹം കഴിക്കാനല്ലല്ലോ ഞാൻ ദേവാലയത്തിൽവച്ചു്, ദൈവത്തിൻെറ പ്രതിനിധിയുടെ മുൻപാകെ വാഗ്ദാനം ചെയ്തതു്. ഒരു സ്ത്രീയെ വരിക്കാനല്ലയോ. അതു്, ഏതാനും നാണയങ്ങളുടെ പേരിൽ റദ്ദുചെയ്കയോ?

ചെറി—എന്തൊരു വേദാന്തമാണെടാ നീ എഴുന്നള്ളിക്കുന്നതു്? സ്ത്രീധനം കൂടാതെ കല്യാണം നടത്താമെന്നാണോ നിൻെറ ഭാവം!

പാപ്പ—നമ്മുടെ മറിയാമ്മയായിരുന്നു ലീലാമ്മയുടെ സ്ഥാനത്തു് എന്നു വിചാരിക്കുക. വിവാഹദിനം നിശ്ചയിച്ചശേഷം അവിചാരിതമായി സ്ത്രീധനം കൊടുക്കുന്നതിൻ കഴിവില്ലാതെ വന്നാൽ എന്തായിരിക്കും അവളുടെ സ്ഥിതി? എന്തായിരിക്കും അപ്പോൾ അപ്പച്ചൻെറ സ്ഥിതി!

ചെറി—എടാ, നിൻെറ പെങ്ങന്മാക്കു രണ്ടുപേക്കും കൂടി 10,000 രൂപാ ഞാനാണങ്ങോട്ടു എണ്ണിവച്ചതു്. നീ ഈ ഭാവനകളൊന്നും ചമയ്ക്കേണ്ട ആവശ്യമില്ല. സ്ത്രീധനമില്ലാത്ത ഒരു കല്യാണം ഈ നെല്ലിമററത്തു നടത്തുവാൻ ഞാൻ സമ്മതിക്കയില്ല. (പോകുന്നു)

പാപ്പ—(അല്പനേരം ആലോചിച്ചു നില്ക്കുന്നു. കോപവും നിരാശയും മുഖത്തു സ്ഫുരിക്കുന്നു) ഞാനെന്തു ചെയ്യട്ടെ, ആ പാവപ്പെട്ട പിതാവും സാധുവായ പെൺകുട്ടിയും ഇതെങ്ങനെ സഹിക്കും? എനിക്കു ഭാരിച്ച സ്ത്രീധനം തരാൻ കഴിവുള്ള മററു യുവതികളെ കണ്ടേക്കാം. എനിക്കു വേറൊരു വിവാഹബന്ധത്തിൽ ഏർപ്പെട്ടുവാൻ കഴിയും. പക്ഷെ അങ്ങനെ പുനഃസംവിധാനം ചെയ്യപ്പെടുന്ന എൻെറ കുടുംബജീവിതത്തിലേക്ക് ഒരു നൈരാശ്യത്തിൻെറ കരിനിഴൽ പടർന്നുപിടിക്കയില്ലേ? ഒരു തകർന്ന ഹൃദയത്തിൻെറ നെടുവീർപ്പുകൾ ആ കുടുംബാന്തരീക്ഷത്തിൽ അലതല്ലിക്കൊണ്ടിരിക്കയില്ലേ? (ഉൽക്കടമായ വികാരസ്തോഭത്തോടേ) ഓ! അങ്ങനെയൊരു ദാമ്പത്യസുഖം എനിക്കു വേണ്ടാ. എനിക്കൊരുപക്ഷേ വിവാഹം വേണ്ടെന്നുതന്നെ വയ്ക്കാം. എന്നാൽ നിരാശയിൽ നീറിക്കൊണ്ടിരിക്കുന്ന ആ പെൺകൊടിയുടെ ഹൃദയത്തിൽ എവിടെനിന്ന് പ്രത്യാശയുടെ ഒരു തുള്ളി തണ്ണീർ തളിക്കപ്പെടും? ഇല്ല; അതിനൊരു പരിഹാരം കണ്ടെത്തേണ്ടതു് എൻെറ ചുമതലയാണു്.

(കുടയുമെടുത്തുകൊണ്ടു് ഇറങ്ങിപ്പോകുന്നു)

— കർട്ടൻ —

## രംഗം മൂന്നു്

(പുഷ്പമംഗലം ഭവനം. ലീലാമ്മ ഒരു തുവാല തുന്നിക്കൊണ്ടിരിക്കെ പാടുന്നു. ഗാനം തീരുമ്പോൾ കുട്ടപ്പൻ ഒരു പൊതിക്കെട്ടുമായി കയറി വരുന്നു.)

കുട്ട—(വർദ്ധിച്ച സന്തോഷത്തോടേ) ലീലാമ്മ ചേച്ചിയേ! എന്നെ അറിയുമോ?

ലീലാ—അല്ല! ഇതാരു് കുട്ടപ്പനോ? എന്താ ഈ വഴി പൊതിയുമൊക്കെയായി.

കുട്ട—ഞാൻ ബസ്സാറിൽ പോയിവരുന്ന വഴിയാ. അടുത്ത ബസ്സിനു അരമണിക്കൂർകൂടി പിടിക്കും. അതുകൊണ്ടു് ഇങ്ങോട്ടൊന്നു കയറിക്കളയാമെന്നു വിചാരിച്ചു.

ലീലാ—ഇന്നു മാക്കററു ഡേ അല്ലല്ലൊ. പിന്നെന്താ വിശേഷിച്ചിന്നു ബസ്സാറിലേക്കു്.

കുട്ട—മാക്കററു ഡേയോ! നെല്ലിമററംകാക്കു് ഇപ്പോൾ മാക്കററിംഗ്സീസണല്ലേ. വരുന്ന തിങ്കളാഴ്ചയല്ലേ പാപ്പച്ചൻ ചേട്ടന്റെ കല്യാണം!

ലീലാ—ഓ അങ്ങനെയോ!

കുട്ട—ചേച്ചിയൊന്നുമറിഞ്ഞില്ലേ. പാവം! ഞാനൊരു പുതിയ ഷർട്ടും മുണ്ടും മററും വാങ്ങാൻ വന്നതാ.

ലീലാ—ഷർട്ടും മുണ്ടും കഴിഞ്ഞുള്ള 'മററും' എന്താ?

കുട്ട—അതൊരു രഹസ്യമാ. പിന്നെ ഒരു സംശയം ചോദിക്കാനാണു് ഞാൻ ഇങ്ങോട്ടു കയറിയതു്.

ലീലാ—ഉം; എന്തു സംശയം? കേൾക്കട്ടെ.

കുട്ട—ചേട്ടൻ കെട്ടിക്കൊണ്ടു വരുന്ന ആളിനെ ഞാൻ എങ്ങനെയാണു വിളിക്കേണ്ടതു്.

ലീലാ—വാ! നീ ആ പെണ്ണിനോടു ചെന്നു ചോദിക്കു്.

കുട്ട—ചേച്ചി ആ പെണ്ണിനെ അറിയില്ലേ?

ലീലാ—ഞാനെങ്ങനെ അറിയും?

കുട്ട—അറിയുകയില്ലേ! പാവം! എങ്കിലും ചേച്ചിയാണു് ആ പെണ്ണിൻെറ സ്ഥാനത്തു വരുന്നതെങ്കിൽ ഞാൻ അപ്പോൾ എങ്ങനെ വിളിക്കുന്നതായിരിക്കും ചേച്ചിക്കു് ഇഷ്ടം?

(ലിലാമ്മ ആലോചിക്കുന്നതായി ഭാവിക്കുന്നു.)

കുട്ട – ഏമ്മാനത്തീന്നു വിളിക്കാമോ?

ലീലാ – ചെവി ഞാൻ പൊന്നാക്കും.

കുട്ട – എന്നാൽ "കൊച്ചമ്മേ" എന്നു വിളിച്ചേക്കാം.

ലീലാ – എന്നെ കൊച്ചമ്മേ വല്യമ്മേ എന്നൊന്നും വിളിക്കേണ്ട. 'ചേച്ചി' എന്നുതന്നെ വിളിച്ചാൽ മതിയാകും.

കുട്ട – "രോഗിയിച്ഛിച്ചതും പാലു്, വൈദ്യൻ കല്പിച്ചതും പാലു്" വളരെ ഉപകാരം. എന്നാൽ ഞാൻ പോകട്ടെ ചേച്ചി?

ലീലാ – നില്ക്കു്, അല്പം കാപ്പി ഞാൻ കൊണ്ടുവരാം.

കുട്ട – വേണ്ട ചേച്ചി. ഞാനിപ്പോൾ സോഡാ കുടിച്ചതേയുള്ളു. സോഡായുടെ മുകളിൽ കാപ്പിയൊഴിച്ചാൽ വേണ്ടാത്ത പുക്കാറെല്ലാമുണ്ടാകും. പിന്നെ ഞാൻ ചേട്ടനെ വിശേഷം വല്ലതും അറിയിക്കണോ?

ലീലാ – എനിക്കൊരു വിശേഷവും അറിയിക്കാനില്ല.

കുട്ട – എന്നാൽ ഞാൻ പോകുന്നു. (വാതില്ക്കലേക്കു നടന്നിട്ട് തിരിഞ്ഞുനിന്ന്) ചേട്ടനു തരാൻ ചേച്ചി ഒരു നല്ല തുവാല തയ്ക്കുന്നുണ്ടെന്നു പറഞ്ഞേക്കാം കേട്ടോ. (പോകുന്നു)

(ലീലാമ്മ തയ്യൽ തുടരുന്നു. കൈയിൽ ഒരു പത്രവുമായി ഔസേപ്പച്ചൻ പ്രവേശിക്കുന്നു. ലീലാമ്മ എഴുന്നേല്ക്കുന്നു.)

ഔസേ – മകളേ, നീ ഒരു ഭയങ്കരവാർത്തയറിഞ്ഞോ?

ലീലാ – (ഉൽക്കണ്ഠയോടേ) എന്താണപ്പച്ചാ.

ഔസേ – മലബാർ ബാങ്ക് ലിക്വിഡേററു ചെയ്യുവാൻ ഹൈക്കോടതി ഉത്തരവായിരിക്കുന്നു.

ലീലാ – മലബാർ ബാങ്കോ? അതു തകരാൻ പോകുന്നു എന്ന് ശ്രുതിയുണ്ടായിരുന്നിട്ടും ആരും ആ വാർത്ത വിശ്വസിച്ചിരുന്നില്ലല്ലോ.

ഔസേ – അതേ, നമ്മളാരും അതു വിശ്വസിച്ചില്ല. (ഇരിക്കുന്നു) ഇപ്പോൾ സംഗതികൾ ഇങ്ങനെ കലാശിച്ചു.

ലീലാ – ഏതായാലും നമുക്കു ബാങ്കിലുണ്ടായിരുന്ന പണമെല്ലാം എടുത്തു കഴിഞ്ഞല്ലോ.

ഔസേ – ആ തുകയ്ക്കു് ഒരു ചെക്കെഴുതി നിന്റെ സ്ത്രീധനമായി ഞാൻ കൊടുത്തു. അതു ചെറിയാച്ചൻ ക്യാഷാക്കിക്കാണണം. ഇതുവരെ അതു മാറിയില്ലെങ്കിൽ....

(ഇടിക്കുള കയറി വരുന്നു.)

ഔസേ – എന്താ ഇടിക്കുളേ വിശേഷം!

ഇടി – അല്ല; വലിയ വിശേഷമൊന്നുമുണ്ടായിട്ടല്ല. (പോക്കററിൽനിന്ന് ഒരു കടലാസുപൊതി എടുക്കുന്നു) ഇതു് ഇവിടെ കൊണ്ടുവന്ന് ഏല്പിക്കുവാൻ പറഞ്ഞതു കൊണ്ടു വന്നതാണ്. (ഭദ്രമായി പൊതിഞ്ഞു സൂക്ഷിച്ചി

രുന്ന ചെക്ക് സാവധാനം പൊതിയഴിച്ചെടുത്ത് ഔസേപ്പച്ചന്റെ മുൻപിൽ മേശപ്പുറത്തു വയ്ക്കുന്നു. ഔസേപ്പച്ചൻ ഞെട്ടിയെഴുന്നീക്കുന്നു)

ഒസേ – ങ്, മകളെ കാര്യമെല്ലാം തെററി.

ഇടി – ഔസേപ്പച്ചാ, ഇതിനു പണം കിട്ടുകയില്ല എന്നു പറയുന്നു.

ഒസേ – എന്നാണിതു നിങ്ങൾ ബാങ്കിൽ കൊണ്ടുപോയതു്.

ഇടി – ഇന്നു പത്തര മണിക്കു്.

ഒസേ – മിനിയാന്നു ഞാനിതു തന്നയച്ചതാണല്ലൊ. ഇന്നലെയെങ്കിലും അതു ക്യാഷാക്കാമായിരുന്നല്ലോ.

ഇടി – അതിപ്പം ഞാനെന്താ ചെയ്യാനാ? ചെക്കു ചെറിയാച്ചന്റെ മേശവലിപ്പിൽനിന്നു പുറത്തിറങ്ങാതെ സ്ക്യാഷാക്കാനൊക്കുമോ?

ഔസേ – എന്നിട്ടു്, ചെറിയാച്ചനിപ്പോൾ എന്തു പറഞ്ഞുവിട്ടു?

ഇടി – വേറെ രൂപായുണ്ടെങ്കിൽ തന്നയക്കാൻ പറഞ്ഞു.

ഒസേ – (കസേരയിലിരിക്കുന്നു) വേറേ രൂപാ! എന്റെ ഇടിക്കുളേ, തല്ക്കാലം എന്നെക്കൊണ്ടു് രൂപായ്ക്കു് ഒരു നിവൃത്തിയുമില്ല.

ഇടി – എങ്കിൽ എന്റെ ഔസേപ്പച്ചാ, കല്യാണക്കരാർ റദ്ദുചെയ്തിരിക്കുന്നതായി അറിയിക്കുന്നതിനും ചെറിയാച്ചൻ എന്നെ ഭാരമേല്പിച്ചിട്ടുണ്ടു്.

(സംഭാഷണം ശ്രദ്ധിച്ചു നിന്ന ലീലാമ്മ മുഖം പൊത്തിക്കൊണ്ടു അകത്തേക്കു പോകുന്നു.)

ഔസേ – അങ്ങനെ കട്ടായമായിട്ടു ചെറിയാച്ഛൻ പറഞ്ഞോ? രണ്ടു വർഷത്തിനകം ഞാൻ രൂപാ എങ്ങനെയെങ്കിലും തരാമെന്നും അതിന് ഈ പുരയിടം ഈടുനൽകാമെന്നും അദ്ദേഹത്തോടു പറയുക. നിശ്ചയിച്ച ദിവസം തന്നെ കല്യാണം നടത്തിക്കാണുവാൻ എനിക്ക് അതിയായ ആഗ്രഹമുണ്ടു്.

ഇടി – എനിക്കും അതിയായ ആഗ്രഹമുണ്ടു്. പക്ഷെ ചെറിയാച്ഛൻ ഈ വ്യവസ്ഥയോട് അടുക്കുമെന്നു തോന്നുന്നില്ല.

(രണ്ടു പേരും അല്പനേരം നിശ്ശബ്ദരായിരിക്കുന്നു)

ഇടി – എന്നാൽ സമയം കളയാതെ ഞാനിറങ്ങട്ടെ.

(ഇടിക്കുള തിരിഞ്ഞുനടന്നു വാതില്ക്കലേക്കു വരുമ്പോൾ പാപ്പച്ചൻ പ്രവേശിക്കുന്നു)

പാപ്പ – (ഇടിക്കുളയോടു്) നില്ക്കു്. പോകാൻ വരട്ടെ. നമുക്ക് ഒന്നിച്ചു പോകാം.

ഔസേ – (എഴുന്നേററിട്ടു് പാപ്പച്ചനോടു്) എന്താ കുഞ്ഞേ, നീയും ഇങ്ങോട്ടു പോന്നതു്?

ഇടി – ഇപ്പോൾ ഇങ്ങോട്ടൊന്നു വരേണ്ടതു് ആവശ്യമാണെന്നു തോന്നി. (ഔസേപ്പച്ചനോടു്) ഇരിക്കണം.

(ഔസേപ്പച്ചൻ ഇരിക്കുന്നു)

പാപ്പ – (ഗൗരവഭാവത്തിൽ ഇടിക്കുളയോടു്) നിങ്ങളെന്തിനാണിപ്പോൾ ഇവിടെ വന്നതു്?

ഇടി – (പരിഭ്രമിച്ചു തലചൊറിഞ്ഞുകൊണ്ടു്) ചുമ്മാ വന്നതാ!

പാപ്പ – ചുമ്മാതെയോ?

ഇടി – അല്ല, അല്പം കാര്യവുംകൂടിയുണ്ടായിരുന്നു. (മേശപ്പുറത്തു കിടന്ന ചെക്കു ചൂണ്ടിക്കാണിച്ചുകൊണ്ടു്) ആ ചെക്കു് ഔസേപ്പച്ചനു കൊടുക്കാനായിട്ടാണു്.

പാപ്പ – ഉം. അതു തിരിച്ചെടുക്കണം.

(ഇടിക്കുള തല ചൊറിഞ്ഞുകൊണ്ടു് അമാന്തിച്ചു നില്ക്കുന്നു)

പാപ്പ – (ഉഗ്രസ്വരത്തിൽ) എടുക്കാനല്ലേ ഞാൻ പറഞ്ഞതു്.

(ഇടിക്കുള ചെക്കെടുക്കുന്നു)

പാപ്പ – അതു കൊടുക്കാൻ മാത്രമാണോ നിങ്ങൾ വന്നതു്.

ഇടി – അല്ല. കല്യാണക്കരാർ റദ്ദുചെയ്യുവാൻ കൂടിയാണു്.

പാപ്പ – റദ്ദു ചെയ്തോ?

ഇടി – ചെയ്തു.

പാപ്പ – അതും തിരിച്ചെടുക്കണം.

ഇടി – അതെങ്ങനെയാ കുഞ്ഞേ, തിരിച്ചെടുക്കുന്നതു്?

പാപ്പ – "ഞാൻ പറഞ്ഞ റദ്ദാക്കൽ പിൻവലിച്ചിരിക്കുന്നു" എന്നു പറയൂ.

ഇടി – എന്റെ ഉടയതമ്പുരാനേ! റദ്ദാക്കലിൽ പിടിച്ചു വലിക്കാനോ?

പാപ്പ – "പിൻവലിച്ചിരിക്കുന്നു" എന്നു പറയെടോ.

ഇടി – (പിറകോട്ടു വലിക്കുന്നതായി കൈകൊണ്ടു കാണിച്ചിട്ടു്) പിൻവലിക്കുന്നു.

പാപ്പ – ഇനി ചേട്ടനു പോകാം.

(പാപ്പച്ചൻ ഇരിക്കുന്നു. ഇടിക്കുള പോകാനായി നടക്കുന്നു)

പാപ്പ – നില്ക്കു്. ചേട്ടനിങ്ങു വരണം.

(ഇടിക്കുള തിരിച്ചുവരുന്നു)

പാപ്പ — ആ ചെക്ക് എൻെറ കൈയിൽ തന്നേക്കൂ.

(ഇടിക്കുള കൊടുക്കുന്നു)

പാപ്പ — ഇനി പോകാം.

(ഇടിക്കുള വാതില്ക്കലേക്കു നടക്കുന്നു)

പാപ്പ — നില്ക്കണം.

(ഇടിക്കുള തിരിഞ്ഞു നില്ക്കുന്നു)

പാപ്പ — ചേട്ടൻ ക്ഷീണിച്ചിരിക്കണം (പോക്കററിൽ നിന്നു് ഒരു നാണയം വച്ചുനീട്ടിക്കൊണ്ടു്) ഇതുമിരിക്കട്ടെ. പോകുന്നവഴിക്കു കാപ്പി കുടിക്കാം.

ഇടി — (രണ്ടു കൈയും നീട്ടി വാങ്ങിച്ചുകൊണ്ടു്) നല്ലൊരു കാര്യം. അല്ലെങ്കിൽ നടക്കുവാൻ കാലുറക്കാതെ വന്നേനെ. (അനുവാദം ചോദിക്കുന്ന മട്ടിൽ) അപ്പോൾ ഞാൻ പോകട്ടെ.

പ്പാപ്പ — പോകാം.

(ഇടിക്കുള പോകുന്നു. ലീലാമ്മ കതകിൻെറ മറപിടിച്ചു് രംഗത്തു നടക്കുന്നതു കാണുന്നുണ്ടു്)

പാപ്പ — (ഔസേപ്പച്ചനോടു്) ഇടിക്കുളച്ചേട്ടൻ കൊണ്ടുവന്ന സന്ദേശത്തിനു് മറുപടി വല്ലതും കൊടുത്തോ?

ഔസേ — ഞാനെന്തു മറുപടി കൊടുക്കാനാണു്. ഇനി ഉടനെ 2500 രൂപായുണ്ടാക്കാൻ യാതൊരു വഴിയും കാണുന്നില്ല. രണ്ടു വർഷത്തിനകം പണം കൊടുക്കാമെന്നും അതിനു പുരയിടം ഈടുകൊടുക്കാമെന്നും ഞാൻ അഭിപ്രായപ്പെട്ടു.

പാപ്പ — അങ്ങനെയുള്ള വ്യവസ്ഥകളൊന്നും സ്വീകരിക്കാൻ സാധ്യമല്ലെന്നു അപ്പച്ചൻ ഉറപ്പിച്ചു പറഞ്ഞിരിക്കയാണു്.

ഔസേ – എന്നാൽ ഇനി എല്ലാം ദൈവതിരുമനസ്സു പോലെ നടക്കട്ടെ.

പാപ്പ – പക്ഷേ ഒരു കാര്യം അറിയിക്കുവാനാണ് ഞാൻ വന്നതു്. എന്നെ സംബന്ധിച്ചിടത്തോളം ദേവാലയത്തിൽവച്ചു ചെയ്ത വിവാഹവാഗ്ദാനം പണത്തിന്റെ പേരിൽ ലംഘിക്കുവാൻ ഞാൻ ഉദ്ദേശിക്കുന്നില്ല!

ഔസേ – ചെറിയാച്ചൻ ഈ കട്ടംപിടിച്ചുപിടിക്കുന്ന സ്ഥിതിക്കു് പിന്നെന്തു ചെയ്യാനാണു്?

പാപ്പ – കുറേ വൈഷമ്യങ്ങൾ നേരിടേണ്ടി വന്നേക്കും. എന്നാൽ ലീലാമ്മയേയും അവളുടെ ബന്ധുക്കളേയും മനോവ്യഥയിൽനിന്നു് രക്ഷിക്കുവാനും എന്റെ വാക്കു പാലിക്കുവാനും വേണ്ടി എന്തു ത്യാഗവും സഹിക്കുവാൻ ഞാൻ സന്നദ്ധനാണു്. നിങ്ങൾ എന്നോടുകൂടി സഹകരിക്കാൻ സന്നദ്ധരാണോ?

ഔസേ – ഞങ്ങൾ മാത്രം സഹകരിച്ചാൽ മതിയോ? ചെറിയാച്ചൻകൂടി സമ്മതിക്കേണ്ടേ?

പാപ്പ – വല്ല വിധേനയും അപ്പച്ചന്റെ സമ്മതം വാങ്ങിക്കുവാൻ ശ്രമിക്കണം. കുറച്ചു കാലതാമസം വന്നാൽ തന്നെയും കാത്തിരിക്കുവാൻ നാം ക്ഷമകാണിക്കണം!

ഔസേ – ഞങ്ങളെ സംബന്ധിച്ചിടത്തോളം ക്ഷമിക്കുകയേ നിവൃത്തിയുള്ളൂ. നിന്റെ സന്മനസ്സ് ഞങ്ങൾക്കു വലിയ പ്രത്യാശയാണു നല്കുന്നതു്.

പാപ്പ – എന്നാൽ ഞാൻ തല്ക്കാലം പോകട്ടെ. പിന്നാലെ വിവരങ്ങൾ അറിയിക്കാം. (പോകുന്നു)

— കർട്ടൻ —

## രംഗം നാല്

(പള്ളി മേട. ഫാദർ ജോൺ വായിച്ചുകൊണ്ടിരിക്കുന്നു. കുട്ടപ്പൻ കയറിവന്നു് സ്തുതി ചൊല്ലുന്നു.)

അച്ചൻ – എന്താ കുട്ടപ്പാ കാര്യം?

കുട്ട – ഓ ചുമ്മാ വന്നതാ. ഞാൻ ബസ്സാറിൽ പോയിട്ടുവരികയാ. പള്ളിയിൽ കയറി അല്പം പ്രാൎത്ഥിച്ചിട്ടു പോകാമെന്നു കരുതി.

അച്ചൻ – അതു നല്ലതാണു്.

കുട്ട – പ്രാൎത്ഥിച്ചു കഴിഞ്ഞപ്പം അച്ചനെക്കണ്ടു സ്തുതി പറഞ്ഞിട്ടു പോകാമെന്നു തോന്നി.

അച്ചൻ – വളരെ ഉപകാരം. കുട്ടപ്പനു സുഖം തന്നെയാണോ?

കുട്ട – സുഖംതന്നെ. അച്ചാ, ഒരു വെന്തിങ്ങാ കിട്ടിയാൽ കൊള്ളാമായിരുന്നു.

അച്ച – ഉം; നീ ഇതുവരെ ഉത്തരീയമിടാതെയാണോ നടന്നതു്?

കുട്ട – അല്ല; എന്റെ കഴുത്തിലൊരെണ്ണമുണ്ടു്. അതു വളരെ പഴയതാണു്. കല്യാണമൊക്കെ വരികയല്ലേ. അപ്പോളിടാൻ ഒരു പുതിയ വെന്തിങ്ങ വേണം.

അച്ചൻ – വളരെ നല്ലതു്. (അച്ചൻ ഒരു ഉത്തരീയവും കൊന്തയും കൈയിലെടുക്കുന്നു.)

കുട്ട – അച്ചൻ ഒരു കൊന്തയും തരികയാണോ? അച്ചൻ നല്ല സ്നേഹമുള്ള അച്ചനാ.

അച്ഛൻ – നീ എന്നും ജപമാല പ്രാൎത്ഥിക്കുന്നുണ്ടോ?

കുട്ട – (സ്വല്പം പരുങ്ങലോടേ) ഉണ്ടു്, മിക്കവാറും എല്ലാ ദിവസവും.

അച്ഛൻ – അതെന്താ മിക്കവാറും ദിവസങ്ങളിൽ മാത്രം?

കുട്ട – ചില ദിവസം ഞാൻ പ്രാൎത്ഥിക്കാൻ ചെല്ലുമ്പോൾ ഏലിക്കൊച്ചമ്മ പറയും, 'എടാ ചെറുക്കാ, കോഴിയെല്ലാം കൂട്ടിൽ കയറിയോന്നു നോക്കു്'

അച്ഛൻ – നേരത്തേ കോഴിയെ പിടിച്ചു് കൂട്ടിലടയ്ക്കാഞ്ഞിട്ടല്ലേ?

കുട്ട – നേരത്തേ കോഴിയെ പിടിച്ചു കൂട്ടിലിട്ടാൽ... (തലചൊറിയുന്നു)

അച്ഛൻ – പിടിച്ചു കൂട്ടിലിട്ടാൽ കൂട്ടപ്രാൎത്ഥനയിൽനിന്നു രക്ഷപെടാൻ സാധിക്കയില്ല.

(കതകിലാരോ മുട്ടുന്ന ശബ്ദം)

അച്ഛൻ—കയറി വരാം.

(പാപ്പച്ചൻ കയറിവന്നു് അച്ചനെ അഭിവാദ്യം ചെയ്യുന്നു.)

പാപ്പ—(കുട്ടപ്പനെ കണ്ടിട്ടു്) നീ എന്താ ഇവിടെ വന്നു നില്ക്കുന്നതു്?

അച്ഛൻ—അവൻ ഈ വഴി പോയപ്പോൾ, എനിക്കൊന്നു സ്തുതിപറയാൻ ഇങ്ങോട്ടു കയറിയതാണു്. ഇതാ (ഉത്തരീയവും കൊന്തയും കുട്ടപ്പനു നൽകിക്കൊണ്ടു്) മുടങ്ങാതെ എല്ലാ ദിവസവും ജപമാല പ്രാൎത്ഥിക്കണം. ഇനി കുട്ടപ്പൻ പൊയ്ക്കോൾക. പാപ്പച്ചൻ ഇരിക്കണം.

(കുട്ടപ്പൻ പോകുന്നു. പാപ്പച്ചൻ ഇരിക്കുന്നു)

പാപ്പ—കാര്യങ്ങളെല്ലാം കുഴപ്പത്തിലായിരിക്കുകയാണു്.

അച്ഛൻ—എന്തു പററി?

പാപ്പ—മലബാർ ബാങ്ക് ലിക്വിഡേഷനിലാണല്ലൊ.

അച്ചൻ—അതെ.

പാപ്പ—ഔസേപ്പച്ചൻെറ കരുതൽ ധനമെല്ലാം മലബാർ ബാങ്കിലായിരുന്നു. എനിക്കു സ്ത്രീധനം ഇപ്പോൾ ലഭിക്കുവാൻ സാദ്ധ്യമല്ല.

അച്ചൻ—അതുകൊണ്ടു്?

പാപ്പ—പണം ഉടനെ കിട്ടാതെ കല്യാണം നടത്താൻ അപ്പച്ചൻ സമ്മതിക്കുന്നില്ല.

അച്ചൻ—എന്നാൽ ഉടനെ കല്യാണം വേണ്ടെന്നു വയ്ക്കുക.

പാപ്പ—വാക്കു കൊടുക്കുകയും, വിവാഹദിവസം നിശ്ചയിക്കുകയും ചെയ്തിട്ടു് സ്ത്രീധനത്തിൻെറ പേരിൽ കല്യാണം മാററിവെക്കുകയോ?

അച്ചൻ—സ്ത്രീധനം ഉടനെ തരും എന്ന ധാരണയിലല്ലേ വിവാഹം നിശ്ചയിച്ചതു്. ആ വ്യവസ്ഥ പാലിക്കാൻ പാർട്ടിക്കു കഴിവില്ലാത്ത സ്ഥിതിക്കു് വിവാഹ ഉടമ്പടി റദ്ദുചെയ്യുന്നതിൽതന്നെയും അനീതിയില്ല.

പാപ്പ—എന്നെ സംബന്ധിച്ചിടത്തോളം നിരുപാധികമായാണു് ഞാൻ വാക്കു കൊടുത്തതു്. മാത്രമല്ല, സ്ത്രീധനത്തുകയുടെ വില പൂജ്യമാണെന്നല്ലേ അച്ചൻതന്നെ പറഞ്ഞതു്.

അച്ചൻ—ശരിതന്നെ. പക്ഷെ ചെറിയാച്ചൻ സ്ത്രീധനം കൂടാതെയുള്ള ഒരു കല്യാണത്തിനു് അനുകൂലിക്കുന്നില്ലെങ്കിൽ?

പാപ്പ—അപ്പച്ചൻ അനാവശ്യമായി ദുശ്ശാഠ്യം പിടിക്കയാണെങ്കിൽ, അപ്പച്ചൻെറ സമ്മതം കൂടാതെ എനിക്കു വിവാഹം കഴിച്ചുകൂടെ?

അച്ഛൻ—അതു ഭംഗിയല്ല. മാതാപിതാക്കളുടെ ഇംഗിതത്തിൻ വിപരീതമായും സ്ത്രീധനമില്ലാതെയും നടത്തുന്ന വിവാഹം സാധുവാകും. എന്നിരിക്കിലും, നമ്മുടെ സാമുദായിക രീതികളനുസരിച്ച് അതു നടത്തുന്നതാണ് സാധാരണഗതിയിൽ നല്ലതു്. അല്ലെങ്കിൽ ഭാവിയിൽ അതു് വലിയ വൈഷമ്യങ്ങൾക്കു കാരണമാകാൻ ഇടയുണ്ടു്.

പാപ്പ—അപ്പോൾ ഞാൻ എന്തു ചെയ്യണമെന്നാണ് അച്ഛൻ പറയുന്നതു്.

അച്ഛൻ—ഒന്നുകിൽ ഔസേപ്പച്ഛനു പണം തരുവാൻ സൗകര്യമുണ്ടാകുന്നതുവരെ കാത്തിരിക്കുക. അല്ലെങ്കിൽ മററാരു യുവതിയെ കല്യാണം കഴിക്കുക. പെൺകുട്ടികളല്ലേ വേറേയുള്ളതു്. പണം തരാൻ കഴിവുള്ള കുടുംബങ്ങളിലും കാണും.

പാപ്പ—പണത്തിൻവേണ്ടി ലീലാമ്മയെ വഞ്ചിക്കുവാൻ ഞാനാളല്ല. അവൾക്കുവേണ്ടി എത്ര നാളെങ്കിലും കാത്തിരിക്കുന്നതിനോ, എന്തു ത്യാഗവും സഹിക്കുന്നതിനോ ഞാനൊരുക്കമാണു്.

അച്ഛൻ—പക്ഷേ, ഈ ത്യാഗസന്നദ്ധത നീണ്ടുനില്ക്കുമോ?

പാപ്പ—നീണ്ടുനില്ക്കുമച്ഛാ.

(കതകിൽ ആരോ മുട്ടുന്ന ശബ്ദം)

അച്ഛൻ—കയറി വരണം.

(ചെറിയാച്ചൻ പ്രവേശിക്കുന്നു. പാപ്പച്ചൻ എഴുന്നേല്ക്കുന്നു.)

ചെറി—(പാപ്പച്ചനെ കണ്ടു കോപിച്ചു്) എടാ, കുരുത്തംകെട്ടവനേ, നീ ഇവിടെ വന്നു കുത്തിയിരിക്കയാണോ! എടാ, നീയൊക്കെ ഇങ്ങനെ തുടങ്ങിയാപ്പിന്നെ എങ്ങ

നെ കുടുംബം മുടിയാതിരിക്കും. (അച്ഛന്റെ നേരെ തിരിഞ്ഞു്) അച്ഛാ, ക്ഷമിക്കണം; ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ. ഇവനൊപ്പിച്ച ഒരു മൈന അച്ഛൻ കേട്ടോ?

അച്ഛൻ—കേൾക്കട്ടെ (കസേര ചൂണ്ടിക്കാണിച്ചിട്ടു്) അവിടെ ഇരുന്നു സമാധാനമായി സംസാരിക്കാമല്ലോ.

ചെറി—(ഇരുന്നിട്ടു്) നാലുകാശു സ്ത്രീധനം തരാനില്ലാത്ത ഒരു പെണ്ണിനെ അവനു കെട്ടണംപോലും. ഞാനാ കല്യാണം റദ്ദും ചെയ്തതു് അവൻ ചെന്നു വീണ്ടും ഉറപ്പിച്ചിരിക്കുന്നു. വേറെയെങ്ങും പെണ്ണില്ലത്രെ.

അച്ഛൻ—ഞാനും അക്കാര്യം പറഞ്ഞുകൊണ്ടിരിക്കുകയായിരുന്നു പാപ്പച്ചനോടു്.

ചെറി—അതേയച്ചാ. (പാപ്പച്ചന്റെനേരെ തിരിഞ്ഞു്) എടാ, രണ്ടാണിനു മൂന്നു പെണ്ണുവീതമുണ്ടു ഭൂമിയിൽ. പിന്നെ നീ എന്തിനൊരു ദാരിദ്ര്യവാസിയുടെ വീട്ടിൽ മരുപ്പു കിടക്കണം.

അച്ഛൻ—(പാപ്പച്ചനോടു്) പാപ്പച്ചൻ തല്ക്കാലം പൊയ്ക്കൊൾക. ഒന്നുകൊണ്ടും വിഷമിക്കണ്ട. ഞങ്ങളിതേപ്പററി ഒന്നു ആലോചിക്കട്ടെ.

പാപ്പ—എന്നാൽ ഞാനിറങ്ങട്ടെ. (സ്തുതി പറഞ്ഞു പോകുന്നു)

അച്ഛൻ—ശരി.

ചെറി—(ആത്മഗതമെന്നോണം) ഇതെന്തൊരു കാലം! അവനുണ്ടായി രണ്ടു കൊല്ലം കഴിഞ്ഞാണു് അവന്റെ അമ്മയും ഞാനും മുഖത്തോടുമുഖമായി ഒന്നു നോക്കിയതു്. അവൻ കാണിക്കുന്ന കാട്ടായം കണ്ടില്ലേ? കല്യാണത്തിനു മുൻപുതന്നെ അവൻ പെണ്ണിന്റെ മുമ്പിൽ കുത്തിയിരുപ്പു സത്യാഗ്രഹമാ! എങ്ങനെ നശിക്കാതിരിക്കും!

അച്ഛൻ—എല്ലാത്തിനും ഒരതിരുവേണം.

ചെറി—അതേയച്ഛാ. അതുതന്നെയല്ലേ ഞാനും പറയുന്നതു്. അക്രമം കാണിച്ചാൽ അതിനുമൊരതിരു വേണം.

അച്ഛൻ—പണ്ടൊക്കെ കാരണവന്മാർതന്നെ തങ്ങളുടെ മകനൊ മകൾക്കൊ ഒരു പെണ്ണിനെയോ ചെറുക്കനെയോ നിശ്ചയിച്ചു് കല്യാണമങ്ങു നടത്തുമായിരുന്നു.

ചെറി—അതേന്നു്. ഇപ്പോഴെല്ലാം തലകീഴായാ നടക്കുന്നതു്. അതുകൊണ്ടല്ലേ ഈ ഉരുൾപൊട്ടലും വെള്ളപ്പൊക്കവും യുദ്ധവുമെല്ലാം ഉണ്ടാകുന്നതു്.

അച്ഛൻ—അങ്ങനെയുണ്ടായ വിവാഹബന്ധങ്ങളും ഒട്ടുമുക്കാലുംതന്നെ വലിയ തകരാറൊന്നും കൂടാതെ നിൽക്കയാണു്.

ചെറി—പിന്നല്ലയോ. കുരുത്തമുള്ള കുഞ്ഞുങ്ങൾക്കു് അങ്ങനെയേ വരത്തുള്ളു.

അച്ഛൻ—അങ്ങനെയുള്ള വിവാഹഫലമായി ചില കുടുംബങ്ങളിൽ സ്വഭാവച്ചേർച്ചയില്ലായ്കയും, തീരാത്ത ശണ്ഠകളും കാണാറുമില്ലേ?

ചെറി—ഇല്ലെന്നും പറയാൻ പാടില്ല. കാണരുതോ ആ ചക്കപുരക്കൽ ദേവസ്സിയുടേയും പെമ്പിറന്നോത്തിയുടേയും സ്ഥിതി. എപ്പോഴും കീരിയും പാമ്പുംപോലെയാണു്. ഒന്നിനൊന്നിനെ കണ്ണുകീറിയാൽ കണ്ടുകൂടാ.

അച്ഛൻ—തങ്ങൾക്കിഷ്ടപ്പെടാത്ത ഭാര്യയെയോ, ഭർത്താവിനെയോ കഴുത്തിൽ കെട്ടിവച്ചതുകൊണ്ടാണു് ആ കലഹമെല്ലാം ഉണ്ടാകുന്നതെന്നു്, അവർ കാരണവന്മാരെ പഴിപറയാറുമില്ലേ?

ചെറി—അതെല്ലാം അവരുടെ തലേവിധിയാണു്. കാരണവന്മാരെ പഴിച്ചിട്ടു ഫലമില്ലച്ഛാ.

അച്ഛൻ—എന്നു പറഞ്ഞാൽ പോരാ. വിവാഹം പ്രധാനമായും വധൂവരന്മാരെ സംബന്ധിക്കുന്ന ഒരു കർമ്മമല്ലേ?

ചെറി—അതെ.

അച്ഛൻ—എങ്കിൽ അതു സംബന്ധിച്ച് ഒരു തീരുമാനമെടുക്കുമ്പോൾ അവരുടെ അഭിപ്രായംകൂടി കണക്കിലെടുക്കുന്നതു നല്ലതാണ്. അതു വേണ്ടതുമാണ്. പിന്നീട് എന്തെങ്കിലും തകരാറുണ്ടായാൽ അവർ കാരണവന്മാരെ കുററം പറയേണ്ടിവരില്ല.

ചെറി—അതു ശരിയാണ്. അതുകൊണ്ടല്ലേ ഞാനും വളരെയൊക്കെ വിട്ടുവീഴ്ച ചെയ്തതു്.

അച്ഛൻ—എന്നിട്ടിപ്പോഴെന്തായി?

ചെറി—ആ കല്യാണം വേണ്ടെന്നുതന്നെ തീരുമാനിച്ചു.

അച്ഛൻ—അതു കൊള്ളാം. വിട്ടുവീഴ്ച ചെയ്തു ചെയ്തു വേണ്ടെന്നു വച്ചു!

ചെറി—പിന്നല്ലാതെന്തു ചെയ്യും സ്ത്രീധനമില്ലെന്നു വന്നാൽ?

അച്ഛൻ—സ്ത്രീധനമാണോ വിവാഹത്തിൻെറ മുഖ്യമായ ഘടകം?

ചെറി—അതെന്താ അച്ഛാ, അങ്ങനെ ചോദിക്കുന്നതു്? സമുദായനടപ്പനുസരിച്ച് അതും വേണ്ടതല്ലേ?

അച്ഛൻ—സമുദായ നടപ്പനുസരിച്ച് സ്ത്രീധനമൊത്തു വിവാഹം നിശ്ചയിച്ചു. പക്ഷേ അവിചാരിതമായി ഒരു അത്യാഹിതമുണ്ടാകയാൽ ഔസേപ്പച്ചന് സ്ത്രീധനം ഉടനെ നൽകുന്നതിനു് സാദ്ധ്യമല്ലാതെ വന്നിരിക്കുന്നു. ഇവിടെയാണ് നാം ക്രിസ്തീയമായ ഹൃദയവിശാലതയോടേ സന്ദർഭത്തെ നേരിടേണ്ടതു്.

ചെറി—അപ്പോൾ സ്ത്രീധനം കൂടാതെ കല്യാണം നടത്തണമെന്നാണോ അച്ഛൻ പറയുന്നതു്?

അച്ഛൻ—ഈ സ്ത്രീധനമെന്നു പറഞ്ഞാൽ എന്താണെന്നാണു് ചെറിയാച്ചൻ ധരിച്ചിരിക്കുന്നതു്.

ചെറി—പെണ്ണിൻെറ വീട്ടുകാർ ചെറുക്കൻെറ വീട്ടുകാൎക്കു കൊടുക്കേണ്ട തുക.

അച്ഛൻ—അതു നൽകിയെങ്കിൽ മാത്രമേ പെണ്ണിനെ ചെറുക്കൻെറ കുടുംബത്തിലെ ഒരംഗമായി സ്വീകരിക്കുകയുള്ളൂ അല്ലേ?

ചെറി—അതാണു ചട്ടം.

അച്ഛ—അപ്പോൾ പുഷ്പമംഗലത്തെ ലീലാമ്മയെ നെല്ലിമററത്തെ ഒരംഗമായി സ്വീകരിക്കണമെങ്കിൽ, പുഷ്പമംഗലത്തുകാർ, നെല്ലിമററത്തുകാൎക്കു് 2500 രൂപാ കൊടുക്കണം എന്നല്ലേ ചട്ടം.

ചെറി—ഇതെന്തൊരു ചോദ്യമാണച്ഛാ?

അച്ഛൻ—ക്ഷമിക്കണം. ഞാനൊന്നു ചോദിച്ചുകൊള്ളട്ടെ. പുഷ്പമംഗലത്തെ ഒരു കോഴിയോ, ആടോ, നിങ്ങളുടെ വീട്ടിലേതാകണമെങ്കിൽ അവർ രൂപാ നിങ്ങൾക്കു തരുമോ, നിങ്ങൾ രൂപാ അവൎക്കു കൊടുക്കണമോ?

ചെറി—പിന്നെ ഞങ്ങൾ രൂപാ കൊടുക്കണ്ടേ? അതെന്താണച്ഛാ, ഈ ആടിനേയും കോഴിയേയും കല്യാണത്തിൻെറയിടയിൽ കൊണ്ടുവരുന്നതു്?

അച്ഛൻ—ഒരു കോഴിയോ, താറാവോ, നിങ്ങളുടേതാകണമെങ്കിൽ നിങ്ങൾ വിലകൊടുക്കുന്നു. എന്നാൽ ഒരു മനുഷ്യവ്യക്തി നിങ്ങളുടേതായിത്തീരണമെങ്കിൽ വില നിങ്ങൾക്കു തരണമെന്നായിരിക്കുന്നു. (ആത്മഗതമെന്നോ

ണം) ഒരു മനുഷ്യസ്ത്രീയുടെ വില മൈനസ് 2500 രൂപാ!

ചെറി—കല്യാണം കച്ചവടമാണോ അച്ഛാ?

അച്ഛൻ—അല്ലെന്നു തെളിഞ്ഞല്ലോ. കച്ചവടത്തെക്കാൾ ഹീനമായ ഒരു ഇടപാടായിട്ടാണു് കല്യാണം തരംതാഴ്ന്നിരിക്കുന്നതു്. അതുകൊണ്ടല്ലേ വാങ്ങുന്നവനുതന്നെ വിലയും കിട്ടുന്നതു്.

ചെറി—അതെന്താണച്ഛാ അങ്ങനെ പറയുന്നതു്? അച്ഛൻെറ സംസാരം കുറച്ചു കടുത്തുപോകുന്നല്ലോ. എൻെറ മകനു കിട്ടുവാനുള്ള സ്ത്രീധനം ഞങ്ങൾ ഉപേക്ഷിക്കണമെന്നാണോ അച്ഛൻ അത്ഥമാക്കുന്നതു്?

(അച്ഛൻ എഴുന്നേല്ക്കുന്നു. ചെറിയാച്ചനും എഴുന്നേല്ക്കുന്നു)

അച്ഛൻ—സ്ത്രീതന്നെയാണു് ഒന്നാമത്തെ ധനം. നിങ്ങളുടെ മകനു് മരണംവരെ സഹവത്തിനിയായിരിക്കാൻ യോഗ്യതയുള്ള ഒരു സ്ത്രീ. അവളെപ്പററി അവസാന തീരുമാനം പറയുവാനുള്ള അവകാശം അവനാണു്. അവൾക്കു സ്വഭാവദൂഷ്യമൊന്നും ചൂണ്ടിക്കാണിക്കാനില്ലെങ്കിൽ അവരുടെ വിവാഹത്തിനു് അനുമതി കൊടുക്കുവാൻ നിങ്ങൾക്കു കടമയുണ്ടു്. 10000 രൂപാ സ്ത്രീധനവുമായി വരുന്ന യുവതിയുമായി സഹവസിക്കുന്നതിൽ അവനു സംതൃപ്തിയില്ലെങ്കിൽ ആ ധനംകൊണ്ടു് എന്തു വിശേഷം! വെറുംകൈയോടെ വരുന്ന ഒരുവളുടെ തോളോടുതോളുചേർന്നു പിച്ചച്ചിരട്ടയുമായി നടക്കുന്നതിൽ അവൻ സംതൃപ്തിയടയുന്നെങ്കിൽ അതിനു നാമെന്തിനുതടസ്സംചെയ്യണം?

ചെറി—എങ്കിലും അച്ഛാ, ഒരുവൻെറ കുടുംബത്തിൻെറ സ്ഥിതിയും പാരമ്പര്യവുമൊക്കെക്കൂടി നോക്കണ്ടേ?

അച്ഛൻ—ചെറിയാച്ചാ, മഹാമനസ്കതയാണ് കുടുംബ മാഹാത്മ്യത്തെ ഉയത്ത്ുന്നത്. പണത്തെക്കാൾ സ്വഭാവ ഗുണത്തെ വിലമതിക്കുക. സവ്വതും മംഗളമായി നടക്കും. മംഗളമായി മുമ്പോട്ടു പോകും.

ചെറി – (അസംതൃപ്തി ധ്വനിക്കുന്ന സ്വരത്തിൽ) അച്ഛനങ്ങനെ നിർബ്ബന്ധിച്ചു പറയുകയാണെങ്കിൽ, ഞാനിനി തടസ്സമായി നില്ക്കുന്നില്ല.

— കർട്ടൻ —

## രംഗം അഞ്ച്

(നെല്ലിമററത്തു ഭവനം. പാപ്പച്ചൻ ഒരു മേശയുടെ അരികിൽ ഇരിക്കുന്നു. ലീലാമ്മ മേശയുടെ ഒരു വശത്തോട്ടു ചേർന്നുനില്ക്കുന്നു. നവദമ്പതികളെന്നു ദ്യോതിപ്പിക്കുന്നതെങ്കിലും ലളിതമായ ശുഭ്രവസ്ത്രങ്ങളാണ് ധരിച്ചിരിക്കുന്നത്.)

പാപ്പ – ലീലാമ്മേ, ഒരു പാട്ടുപാട്ടു.

ലീലാ – നമുക്കൊരുമിച്ചു പാടാം. പാപ്പച്ചൻ കോളേജു വാർഷികത്തിനു് പാടിക്കേട്ട ആ ദിവസം മുതൽ ഒരുമിച്ചൊന്നു പാടാൻ ഞാൻ ആഗ്രഹിക്കാൻ തുടങ്ങിയതാണ്.

പാപ്പ – എന്നാൽ ആ ആഗ്രഹം നിറവേറട്ടെ. ഇന്നു വിശുദ്ധമായ വിവാഹശൃംഖലയാൽ നാം ബന്ധിതരാണ്. ഇനി നാം ഒരുമിച്ചാണ് പാടേണ്ടതും അടരാടേണ്ടതും.

ലീലാ – ഏതുപാട്ടാണ്?

പാപ്പ – (ആലോചിച്ചിട്ട്) 'നീലനീല വാനിൽ' എന്ന പാട്ടാകട്ടെ.

(രണ്ടുപേരുംകൂടി ഒരു ഗാനം ആലപിക്കുന്നു.)

പാപ്പ – ലീലാമ്മേ, ഈ ഗാനത്തിൻെറ വാക്കുകൾ ശുഷ്കങ്ങളാണു്.

ലീലാ – അങ്ങുന്നുതന്നെയല്ലേ ഗാനം തിരഞ്ഞെടുത്തതു്?

പാപ്പ – അതെ. എങ്കിലും അതിലെ പദങ്ങൾ ഇന്നത്തെ വികാരങ്ങളെ പ്രകാശിപ്പിക്കുന്നതിനോ, നാളെ വരാനിരിക്കുന്നവയെ ദ്യോതിപ്പിക്കുന്നതിനോ കഴിവുററവയല്ല.

ലീലാ – ദഹിക്കാൻ വിഷമമുള്ള ഏതോ തത്വശകലമാണല്ലോ വിളമ്പിയിരിക്കുന്നതു്!

പാപ്പ – ഭവതിക്കു് അതു ദഹിക്കാൻ വിഷമമുള്ളതായിട്ടു തോന്നുന്നുവോ?

ലീലാ – ഓ! എന്നെ 'ഭവതി, ഭഗവതി' എന്നൊന്നും വിളിക്കേണ്ട. എനിക്കതു കേൾക്കുമ്പോൾ ഒരു ഷോക്കു തട്ടുന്നതുപോലെയാണു്.

പാപ്പ – പിന്നെ എങ്ങനെയാണു് സംബോധന ചെയ്യേണ്ടതു്?

ലീലാ – 'ലീലാമ്മേ, എടി, നീ' എന്നൊക്കെ വിളിച്ചാൽ മതി.

പാപ്പ – കല്പനപോലെ.

ലീലാ – ഓ! കൊടപ്പന.

(ഇടിക്കുള തിട്ടുക്കത്തിൽ പ്രവേശിക്കുന്നു. പ്രതീക്ഷിക്കാതെ പാപ്പച്ചനേയും ലീലാമ്മയേയും കണ്ടതിൽ ജാള്യത നടിക്കുന്നു.)

ഇടി – അയ്യോ, ക്ഷമിക്കണം. ചെറിയാച്ചൻ ഇവിടെയുണ്ടെന്നു വിചാരിച്ചാണു് ഞാൻ കയറി വന്നതു്.

പാപ്പ – അതിനെന്താ അത്ര ക്ഷമിക്കാൻ. ഞങ്ങൾ പരിചയമില്ലാത്ത ആളുകളോ മററോ ആണോ? (ലീലാമ്മയോടു്) ഇടിക്കുളച്ചേട്ടനെ അറിയില്ലേ?

ലീലാ – (ചരിച്ചുകൊണ്ടു്) എനിക്കു നല്ലവണ്ണം അറിയാം. ഇടക്കാരനും വെടിക്കാരനും (ഇടിക്കുള ജാള്യത നടിക്കുന്നു) നിങ്ങൾ രണ്ടുപേരുംകൂടി വെടിവയ്ക്കുവാൻ പോയ കഥയെല്ലാം എന്നോടു പറഞ്ഞിട്ടുണ്ടു്.

(ഇടിക്കുള അബദ്ധത്തിൽ ചെന്നുചാടി എന്ന ഭാവത്തിൽ വിരൽ കടിച്ചു കുടയുന്നു)

പാപ്പ – എന്തു്? ഞങ്ങൾ രണ്ടുപേരുംകൂടി വെടിവയ്ക്കാൻ പോയെന്നോ?

ഇടി – അതെല്ലാം കളകുഞ്ഞേ; ഞാനതൊക്കെ തമാശിനുവേണ്ടി പറഞ്ഞതല്ലേ.

(അണിയറയിൽനിന്നു് "ഇടിക്കുളച്ചേട്ടാ, ഇടിക്കുളച്ചേട്ടാ" എന്നു കുട്ടപ്പൻ വിളിക്കുന്നു.)

ഇടി – (വെറുപ്പോടുകൂടി) വിളികേട്ട ഭാഗത്തേക്കു നോക്കിക്കൊണ്ടു്) എന്തു പററി, ഈ തലതെറിച്ച തന്തതിക്കു്?

പാപ്പ – (അണിയറയിലേക്കു നോക്കിയിട്ടു്) എന്താ കുട്ടപ്പാ കാര്യം? ഇങ്ങു കയറിവരണം.

(കുട്ടപ്പൻ പ്രവേശിക്കുന്നു.)

കുട്ട – (ഇടിക്കുളയോടു്) ഇടിക്കുളച്ചേട്ടാ, ഇങ്ങേരെ കാക്കുച്ചേട്ടൻ തിരക്കുന്നു.

ഇടി – (അസഹ്യതയോടേ) ഇടിക്കുളച്ചേട്ടാ, ഇടിക്കുളച്ചേട്ടാ, കാക്കുച്ചേട്ടാ, കുക്കുച്ചേട്ടാ. എടാ കുന്തമെ! മനുഷേ

രെ കെടത്തിപ്പൊറുപ്പിക്കയില്ലേ. എന്താ, അവന്ന കൊക്ക പ്പുഴ കടിക്കുന്നോ?

കുട്ട – അയാളോട്ട കടംവാങ്ങിച്ച ഋപാ ചോദിക്കാനാ ണ് വന്നിരിക്കുന്നതു്.

ഇടി – നോക്കണേ, മാന്യന്മാരുടെ മാനം കെടുത്താനല്ലേ (ആത്മഗതം) പ്രത്യേകിച്ച് മണവാട്ടിയുടെ മുൻപിൽ വച്ച് ഈ വസന്തയെല്ലാം കിടന്നു ചിലക്കുന്നതു്. (കുട്ടപ്പ നോട്ട്) എടാ, നീ ചെന്നു് അവനോട്ട പറ, കടംപിരിക്കു ന്നതു് എൻെറ വീട്ടിൽ വന്നുവേണമെന്നു്. അല്ലാതെ ഞാൻ പോകുന്ന വഴിയെല്ലാം ക്രകിവിളിച്ചുകൊണ്ടു വരരുതെ ന്നു്. പ്രത്യേകിച്ച് ഞാൻ മാന്യന്മാരുമായി ഗുരുതരമായ കാര്യങ്ങളെക്കുറിച്ചു ചർച്ചചെയ്തുകൊണ്ടിരിക്കുമ്പോൾ അ ലോഹ്യമുണ്ടാക്കരുതെന്നു്.

കുട്ട – ഇന്നു പത്തുമണിക്കു് നിങ്ങളുടെ വീട്ടിൽ ചെ ല്ലാനാണ് അങ്ങേരോട്ട പറഞ്ഞിരുന്നതത്രെ. അവിടെ ചെന്നപ്പോൾ ഇടിക്കുളച്ചേട്ടൻ ഇങ്ങോട്ടു കടന്നുകളഞ്ഞെ ന്നു കേട്ടാണ് പുറകെ എത്തിയിരിക്കുന്നതു്.

ഇടി – എടാ, നീയെന്താടാ നീറുപോലെ അവൻവേ ണ്ടി വക്കാലത്തു പിടിക്കുന്നതു്. നീ, നിൻെറ പാട്ടിനു പോടാ ചെറുക്കാ.

കുട്ട – ദേ, എൻെറ കുററമാണെങ്കിൽ ഞാൻ പോ യേക്കാം. (പോകുന്നു)

പാപ്പ – എത്ര ഋപാ കൊടുക്കാൻണ്ടു് ഇടിക്കുളച്ചേട്ടാ.

ഇടി – ഒന്നര ഋപയോ മറേറാ ഉണ്ടു്.

പാപ്പ – (പോക്കററിൽനിന്നു് 2 ഋപാ എടുത്തു കൊടു ക്കുന്നു) ഇതു കൊണ്ടുചെന്നു കൊടുത്തു് ആ കടമങ്ങു തീർ ത്തേക്കൂ.

ഇടി – (വാങ്ങിച്ചുകൊണ്ട്) നല്ലോരു കാര്യമായി. ഇനി എന്റെ പുറകേ ആ നരകംപിടിച്ചവൻ കുരച്ചുകൊണ്ടു വരില്ല. (കൈകൾ ഉയർത്തിക്കൊണ്ട്) പുതുമണവാളനും മണവാട്ടിയും ആയുരാരോഗ്യ സന്താനസമ്പൽസമൃദ്ധിയോടേ ആയിരമായിരമാണ്ടുകൾ ജീവിച്ചിരിക്കട്ടെ!

— കർട്ടൻ —

## രംഗം ആറ്

(നെല്ലിമററത്തു ഭവനം. ലീലാമ്മ ക്ഷീണിതയായി ഒരു ബഞ്ചിൽ ഇരിക്കുന്നു. സാധാരണ വേഷം. ഒരു വശത്തേക്കു ചരിച്ചിരിക്കുന്ന തല കൈകൊണ്ടു താങ്ങിയിരിക്കുന്നു)

ലീല – (അണിയറയിലേക്കു നോക്കി) കുട്ടപ്പാ, നീ ഇങ്ങോട്ടൊന്നു വരൂ.

(കുട്ടപ്പൻ പ്രവേശിക്കുന്നു)

കുട്ട – എന്താ ചേച്ചീ?

ലീലാ – നീ ആ വൈദ്യശാലയിൽ ചെന്ന് ഒരു കുപ്പി അമൃതാഞ്ജനം വാങ്ങിച്ചുകൊണ്ടുവാ.

കുട്ട – (ഉൽക്കണ്ഠയോടേ) എന്തു പററി ചേച്ചീ?

ലീലാ – ഓ, ഒന്നും സാരമായിട്ടില്ല. നീ പോയിട്ടു വാ.

കുട്ട – ഓ, എനിക്കറിയാം, ഏലിക്കൊച്ചമ്മ ചേച്ചി യെ പിടിച്ചു തള്ളിയപ്പം തലചെന്നു ഭിത്തിയിൽ അടി ച്ചതിൻെറയാ ഈ തലവേദന.

ലീലാ – ഒന്നു മിണ്ടാതിരിക്കു കുട്ടപ്പാ. നീ ഇതൊന്നും ചേട്ടനോട്ട് പറഞ്ഞേക്കരുത്.

കുട്ട – (സങ്കടത്തോടേ) എങ്ങനെ പറയാതിരിക്കും, ചേ ച്ചീ ഇതൊക്കെ കാണുമ്പോൾ. ഏതായാലും ഞാൻ ഓടി പ്പോയി മരുന്നുവാങ്ങിച്ചുകൊണ്ടു വരാം.

(കുട്ടപ്പൻ പോകാനായി തിരിയുന്നു. എതിർവശത്തുനിന്നും ഏലി ക്ഷുഭിതയായി പ്രവേശിക്കുന്നു.)

ഏലി – എടാ, നീ എവിടെപ്പോകുന്നു. നിന്നെ ഞാൻ ഏല്പിച്ച ജോലി നീ തീൎത്തോ?

കുട്ട – ഇന്നത്തേക്കു് ആവശ്യമുള്ള വിറകു മുഴവൻ ഞാൻ വെട്ടിക്കീറി കൊച്ചമ്മേ.

ഏലി – എടാ, നിഷേധി, അതാണോ നിന്നോട്ട ഞാൻ ചോദിച്ചതു്. ഏല്പിച്ച ജോലി മുഴവനാക്കിയോന്നു്?

കുട്ട – ഞാൻ ഇത്തിരി മരുന്നു വാങ്ങിച്ചുകൊണ്ടു് ഓടി വന്നേക്കാം.

ലീലാ – (ശാന്തമായി) ചേട്ടത്തീ, ഞാനാണു് അവനെ പറഞ്ഞുവിട്ടതു്. അവൻ വേഗം തിരിച്ചുവരും.

ഏലി – (ലീലാമ്മയുടെ നേരെ) പിന്നല്ലേടീ! നിന ക്കങ്ങോട്ടും ഇങ്ങോട്ടും ഓടിക്കാനല്ലേ അവനെ ഇവിടെ നിറുത്തിയിരിക്കുന്നതു്! എന്താ, നിൻെറ വീട്ടീന്നുകൊണ്ടു വന്ന മൊതലുകൊണ്ടായിരിക്കും അവനു ശമ്പളം കൊടുക്കു ന്നതു്?

ലീലാ – അതെന്താ ചേട്ടത്തി, അങ്ങനെ പറയുന്നതു്. എൻെറ വീട്ടിലെ മൊതലുകൊണ്ടല്ലെങ്കിലും എൻെറ ഭർത്താവിൻെറ മുതലിൽനിന്നുകൂടിയല്ലേ അവനു കൂലികൊടുക്കുന്നതു്.

ഏലി – ഓഹോ! നിൻെറ പത്താവിൻെറ അവകാശം പിടിച്ചുപററാനാണു് വലിഞ്ഞുകേറി വന്നു താടിക്കൈയും കൊടുത്തിരിക്കുന്നതു്!

ലീലാ – ഞാൻ വലിഞ്ഞുകേറി വന്നതല്ല ചേട്ടത്തി.

(ഈ തക്കംനോക്കി കുട്ടപ്പൻ ഓടിപ്പോകുന്നു.)

ഏലി – എടീ, എന്നോടു തക്കുത്തരം പറഞ്ഞാലുണ്ടല്ലോ, ഞാൻ ചെരവത്തടിയെടുത്തു വീക്കിക്കളയും!

(ലീലാമ്മ മൗനം പാലിക്കുന്നു)

ഏലി – എന്താടീ, നിൻെറ നാക്കിറങ്ങിപ്പോയോ? അവളുടെ വായിൽ നാക്കുണ്ടോന്നു് ഒരു കോലിട്ടിളക്കി നോക്കണമിപ്പം.

ലീലാ – (ആരോടെന്നില്ലാതെ) ഇതെന്തൊരു വിധിയാണാവോ! മിണ്ടിയാലും കുററം, മിണ്ടിയില്ലെങ്കിലും കുററം.

ഏലി – എടീ, എന്നെ കുററംപറഞ്ഞാലുണ്ടല്ലോ: അമ്പടീ, ഒരു പഠിത്തക്കാരി വന്നിരിക്കുന്നു, എന്നെ പഠിപ്പിക്കുവാൻ. ദേ, അടങ്ങിക്കിടന്നില്ലെങ്കിലുണ്ടല്ലോ, ഞാൻ കരണക്കുററി പൊട്ടിച്ചുകളയും.

(പാപ്പച്ചൻ പ്രവേശിക്കുന്നു. ലീലാമ്മ എഴുന്നേററു് അണിയറയിലേക്കു പോകുന്നു.)

പാപ്പ – (സൗമ്യഭാവത്തിൽ) എന്താ ചേട്ടത്തീ? ഇങ്ങനെയാണോ ഒരനിയത്തിയോടു സംസാരിക്കുന്നതു്?

ഏലി – ഹടടാ! ഈ പടയെല്ലാംകൂടി വന്നിരിക്കയാണല്ലോ എന്നെ പഠിപ്പിക്കാൻ! ദേ, ഞാനൊരു കാര്യം പറഞ്ഞേക്കാം, അനിയത്തിയായാലും കൊള്ളാം, അനിയനായാലും കൊള്ളാം, കാര്യമില്ലാതെ എന്നെ മെക്കിട്ടു കേറാൻ വന്നാലുണ്ടല്ലോ!

പാപ്പ – ചേട്ടത്തിയോടു ഞങ്ങൾ എന്തു ചെയ്തു? സ്വല്പം മരുന്നു വാങ്ങിക്കാൻ ലീലാമ്മ കുട്ടപ്പനെ പറഞ്ഞയച്ചതിനാണോ, ഈ ഒച്ചപ്പാടുണ്ടാക്കുന്നതു്.

ഏലി – ഞാനിവിടെ ഒച്ചപ്പാടുണ്ടാക്കിയോ! അതല്ലേലും നീ അവളുടെ വക്കാലത്തല്ലാതെ പിടിക്കുമോ. നിന്റെ തങ്കക്കൊടമല്ലേ. അതുകൊണ്ടല്ലേ നാലുകാശു തരാനില്ലാത്ത ഒരു പെണ്ണിനെ കെട്ടിയെടുത്തുകൊണ്ടു വന്നതു്. (അണിയറയിലേക്കു നോക്കുന്നു. ആരോ വരുന്നതായി കണ്ട മട്ടിൽ, എതിർവശത്തേക്കു നടന്നുകൊണ്ടു്) എന്നെ ആരും പേടിപ്പിക്കാനും മറവും വരണ്ട. പേടിക്കുന്ന കൂട്ടത്തിലല്ലി ഏലി. (പോകുന്നു)

(ചെറിയാച്ചൻ പ്രവേശിക്കുന്നു)

ചെറി – എന്താടാ, ഈ ബഹളം? ഇവിടെ കിടന്നു പൊറുക്കാൻ പാടില്ലല്ലോ.

(പാപ്പച്ചൻ ചിന്താമൂകനായി നില്ക്കുന്നു)

ചെറി – എടാ, നിന്നോടല്ലേ ഈ ചോദിക്കുന്നതു്. നീ അവിടെനിന്നു് നക്ഷത്രമെണ്ണുകയാണോ?

പാപ്പ – ഞാനെന്തു പറയാനാണപ്പച്ചാ? ഞാനൊരു ബഹളവുമുണ്ടാക്കിയില്ല.

ചെറി – പിന്നെ നിന്റെ പെമ്പിളയാണോ? ഞാൻ പടിയ്ക്കൽ വന്നപ്പോൾ കേട്ടല്ലോ വലിയ ആരവം.

പാപ്പ—ഈ വീട്ടിൻെറുള്ളിലിരുന്ന ഞാൻപോലും അവളുടെ സ്വരം കേട്ടിട്ടില്ലെങ്കിൽ, എങ്ങനെ പടിക്കൽ അവളുടെ സ്വരമെത്തും? അവൾ കുട്ടപ്പനെ മരുന്ന വാങ്ങാൻ അയച്ചതിനാണ് ചേട്ടത്തി ഈ വഴക്കെല്ലാം ഉണ്ടാക്കിയത്.

ചെറി—ങ്ട്; എന്തിന മരുന്ന്? എന്തു പററി?

പാപ്പ—തലവേദനയോ മറേറാ ആണത്രെ.

ചെറി—ഒരുത്തിക്ക് തലവേദന. മററവൾക്ക്...... എൻെറ ഉടയതമ്പുരാനേ! ഇതിൻെറയൊക്കെ ഇടയിൽ നിന്ന് എൻെറ തലയൊന്നൊട്ടപ്പിച്ചാൽ മതിയാന്നേ!

(തലയിൽ രണ്ടു കൈയുംവച്ച് പോകുവാനായി നടക്കുന്നു)

പാപ്പ—അപ്പച്ചാ.

(ചെറിയാച്ചൻ തിരിഞ്ഞു നില്ക്കുന്നു)

ചെറി—ങ്ട്?

പാപ്പ—ഞങ്ങളിവിടെയുള്ളതാണ് ഈ അസമാധാനത്തിന കാരണമെങ്കിൽ ഞങ്ങൾ മററു വല്ലിടത്തേക്കും പൊയ്ക്കൊള്ളാം.

ചെറി—(ആലോചിച്ചിട്ട്) എടാ കുഞ്ഞേ, ഇതെല്ലാം നീതന്നെ വരുത്തിവച്ച വയ്യാവേലിയാണ്. ഒരുത്തി വെറുംകൈയോടെ വന്നതുകൊണ്ടല്ലേ, രണ്ടായിരത്തഞ്ഞൂറു കൊണ്ടുവന്നവൾ ഈ ചാട്ടം ചാടുന്നത്. ഇനി ഞാനിപ്പം എന്തു ചെയ്യണം? നീ പഠിച്ചുവച്ചിരിക്കുന്നതുപോലെയൊക്കെ ചെയ്തുകൊള്ളൂ.

പാപ്പ—ഞങ്ങൾനിമിത്തം ഈ കുടുംബത്തിലെ സമാധാനം നശിക്കണ്ടാ! ഞങ്ങൾ മാറിപ്പാർത്തുകൊള്ളാം.

ചെറി—എവിടെപ്പോയി പാക്കും?

പാപ്പ—അപ്പച്ചൻ അനുവദിക്കുന്നെങ്കിൽ നമ്മുടെ വടക്കേപ്പുരയിടത്തിലേക്കു പൊയ്ക്കൊള്ളാം.

ചെറി—വടക്കേപ്പുരയിടത്തിലോ? അവിടെ എന്തിനു കത്തു താമസിക്കും (പുച്ഛരസ്വരത്തിൽ) ഓ, ഒരു മാളികയങ്ങുടനെ പണിയിക്കരുതോ. നിൻെറ സ്ത്രീധനമല്ലേ കുന്നുപോലങ്ങു കൂട്ടിവച്ചിരിക്കുന്നതു്!

പാപ്പ—അപ്പച്ചാ, മണിമാളികയും മണിമഞ്ചവുംകൊണ്ടു മാത്രമേ, സംതൃപ്തിയായി ജീവിക്കുവാൻ കഴിയൂ എന്നു ഞാൻ വിചാരിക്കുന്നില്ല. ആ പുരയിടത്തിൽ ഒരു ചെറിയ വീടുണ്ടല്ലോ. തല്ക്കാലം ഞങ്ങൾ അതിൽ താമസിച്ചുകൊള്ളാം.

ചെറി—നെല്ലിമററത്തിലെ ഒരു സന്തതിക്കു താമസിക്കുവാൻ പററിയ ഒരു വീടു്! അല്ല; ഞാനെന്തിനിതെല്ലാം പറയുന്നു. വരാനുള്ളതു വഴിയിൽ തങ്ങുമോ? എല്ലാം നിൻെറ ഇഷ്ടംപോലെതന്നെ ആകട്ടെ. അടിച്ചു വഴിയേ പോയില്ലെങ്കിൽ പോയ വഴിയേ അടിച്ചേക്കുക.

(പോകുന്നു)

പാപ്പ—(ചിന്താമഗ്നനായി) അതെ, ഇവിടെനിന്നു പോകുന്നതുതന്നെ നല്ലതു്. സ്ത്രീധനമില്ലാതെ വന്നവൾക്കു് സ്ത്രീധനക്കാരിയോടൊപ്പം അനുഭവിക്കുവാൻ അവകാശമില്ലായിരിക്കാം.

(ലീലാമ്മ ശോകവദനയായി പ്രവേശിക്കുന്നു.)

പാപ്പ—(തിരിഞ്ഞുനോക്കാതെ, താഴെ നോക്കിക്കൊണ്ടു്) ലീലാമ്മേ!

ലീലാ—എന്തോ?

പാപ്പ—നാം ഇവിടെനിന്നു പോകുന്നതാണു് നല്ലതു്.

ലീലാ—എങ്ങോട്ടു്?

18064

പാപ്പ—തല്ക്കാലം നമുക്കു് ആ വടക്കേ പുരയിടത്തിലു ള്ള ചെറിയ വീട്ടിൽ പോയി പാക്കാം.

(ലീലാമ്മ ഒന്നും മിണ്ടാതെ നില്ക്കുന്നു.)

പാപ്പ—എന്താ, നിനക്കതിനിഷ്ടമില്ലേ?

ലീലാ—അങ്ങയുടെ ഇഷ്ടംതന്നെ എൻെറയും ഇഷ്ടം. അങ്ങന്നു് എന്നോടൊരുമിച്ചുണ്ടെങ്കിൽ, ഞാൻ ഒരു മാട ത്തിലോ, മരത്തിൻെറ പോടിലോ സന്തോഷപൂവ്വം താ മസിച്ചുകൊള്ളാം.

പാപ്പ—എന്നാൽ, നാളെ രാവിലെതന്നെ പോകുന്ന തിനു് ഒരുങ്ങിക്കൊൾക.

(തോമ്മാച്ചൻ രണ്ടു് ഓറഞ്ചുമായി ഓടിവരുന്നു.)

തോമ്മാ—ചിററപ്പാ, കുഞ്ഞമ്മേ, ഇതാ ഓറഞ്ചു്. ചി ററപ്പനു് ഒന്നു്, കുഞ്ഞമ്മയ്ക്കു് ഒന്നു്.

(പാപ്പച്ചനും ലീലാമ്മയ്ക്കും ഓരോന്നു കൊടുക്കുന്നു.)

ലീലാ—അപ്പോൾ തോമ്മാച്ചനോ?

തോമ്മാ—കുഞ്ഞമ്മയും ചിററപ്പനും എനിക്കു പപ്പാ തി തന്നാൽ മതി.

പാപ്പ—തോമ്മാച്ചൻ ഈ ഒരെണ്ണം മുഴുവനും എടു ത്തോ. (തൻെറ കൈയിലിരുന്ന ഓറഞ്ചു് വച്ചുനീട്ടുന്നു) മററതു മതി ഞങ്ങൾക്കു്.

തോമ്മാ—അങ്ങനെ വേണ്ട ചിററപ്പാ. എനിക്കു രണ്ടിൽനിന്നും കുറേശ്ശെ തന്നാൽ മതി. രണ്ടിൻേറയും 'രുശി'യും ഒന്നറിയാമല്ലൊ.

(പാപ്പച്ചൻ ഓറഞ്ചു പൊട്ടിച്ചു് ഒരു ഭാഗം തോമ്മാച്ചനു കൊ ടുക്കുന്നു. ഏലി കതകിൻെറ മറവിൽനിന്നുകൊണ്ടു് രംഗം നിരീ ക്ഷിക്കുന്നു.)

തോമ്മാ—(ഓറഞ്ചു തിന്നുന്നതിനിടയിൽ) ചിററപ്പാ!

പാപ്പ—എന്താ?

തോമ്മാ—നാളെ വൈകിട്ട് ഞങ്ങളുടെ സ്കൂളിൽ ഒരു നാടകമുണ്ട്. ചിററപ്പൻ എന്നെ കൊണ്ടുപോകണം നാടകം കാണാൻ. കുഞ്ഞമ്മേം കൊണ്ടുപോകണം.

പാപ്പ—തോമ്മാച്ചാ, കുഞ്ഞമ്മയും ഞാനും നാളെ ഇവിടെനിന്നും പോകയാണ്.

തോമ്മാ—എവിടെ?

പാപ്പ—വടക്കേ പുരയിലേക്കു മാറിത്താമസിക്കാൻ.

തോമ്മാ —അതെന്തിനാ?

(ഉത്തരമില്ല.)

തോമ്മാ—ചിററപ്പനും കുഞ്ഞമ്മേം പോകയാണെങ്കിൽ ഞാനും പോരും.

പാപ്പ—വേണ്ട, കുഞ്ഞ് അമ്മച്ചിയുടേയും അപ്പച്ചന്റേയും കൂട്ടത്തിൽ ഇവിടെ താമസിക്ക്.

തോമ്മ—ഇല്ല; ഞാനും പോരും. എന്നേം കൊണ്ടുപോകില്ലേ കുഞ്ഞമ്മേ?

ലീലാ—കുഞ്ഞു കൂട്ടത്തിൽ പോരുന്നതിന് എനിക്കു വിരോധമില്ല പക്ഷേ......

ഏലി—(ഉഗ്രസ്വരത്തിൽ) എടാ തോമ്മാച്ചാ, നീ അവിടെ എന്തുചെയ്കയാ?

തോമ്മാ—(ഏലിയെ നോക്കി) ഓ! അമ്മയ്ക്ക് കൊറച്ചു കൊതി വരുന്നുണ്ടായിരിക്കും, ഓറഞ്ചു കണ്ടപ്പം.

ഏലി—എടാ, നീ ഇങ്ങോട്ടു പോരു്.

തോമ്മാ—എന്തിനാ ഇപ്പം അങ്ങോട്ടു വരുന്നതു്. ഞാൻ കുറച്ചു കഴിഞ്ഞു വന്നോളാം.

ഏലി—അനുസരണംകെട്ടവനേ, ഞാനല്ലേ നിന്നെ വിളിച്ചതു്. അവരോടു് അധികം കൂട്ടുകൂടിയാൽ നീയും ചീത്തയാകും.

തോമ്മാ—മ്; അമ്മച്ചിയാ ചീത്ത.

ഏലി—നീ എന്തു പറഞ്ഞെടാ, അധികപ്രസംഗീ!

പാപ്പ—മോൻ അമ്മ വിളിച്ചിടത്തേക്കു ചെല്ലു്. നല്ല കുട്ടികൾ അമ്മയെ അനുസരിക്കും.

തോമ്മ—ഇല്ല, അമ്മച്ചി എന്നെ തല്ലും. കുഞ്ഞമ്മേ!

(തോമ്മാച്ചൻ ലീലാമ്മയോടു ചേർന്നുനില്ക്കുന്നു; ലീലാമ്മ അവന്റെ തലയിൽ തടവുന്നു.)

ഏലി—കണ്ടില്ലേ, അവരാ കൊച്ചിനെ ചീത്തയാക്കുന്നതു്. (അടുത്തു വരുന്നു) എടാ, നിന്നെ ഞാനല്ലേ വിളിച്ചതു്!

(തോമ്മാച്ചന്റെ കൈയിൽ പിടിക്കുവാൻ ഭാവിക്കുന്നു.)

തോമ്മാ—അയ്യോ കുഞ്ഞമ്മേ!

(കരഞ്ഞുകൊണ്ടു് ലീലാമ്മയെ കെട്ടിപ്പിടിക്കുന്നു.)

— കർട്ടൻ —

## രംഗം ഏഴ്

(പാപ്പച്ചൻെറ പുതിയ പാപ്പീടം – ഒരു ചെറിയ വീട്. കർട്ടനുയരുമ്പോൾ, ശൂന്യമായ ഒരു മുറി. ചുവരിൽ ഒരു തിരുഹൃദയത്തിൻെറ പടം കാണാം. പശ്ചാത്തലത്തിൽ ഒരു പ്രാർത്ഥനാഗാനം കേൾക്കുന്നു. പാപ്പച്ചനും ലീലാമ്മയുംകൂടി ഒരു ചെറിയ മേശ പിടിച്ചുകൊണ്ടു വന്ന് പടത്തിൻെറ മുൻപിൽ ചുവരിനോടു ചേർത്തിടുന്നു.)

പാപ്പ—മേശമേൽ വിരിക്കുന്നതിന് ഒരു വെള്ളത്തുണി എടുത്തുകൊണ്ടു വാ.

(ലീലാമ്മ ഒരു വശത്തേക്കും പാപ്പച്ചൻ മറുവശത്തേക്കും പോകുന്നു. ലീലാമ്മ ഒരു വെളുത്ത തുണി കൊണ്ടുവന്ന് മേശമേൽ വിരിക്കുന്നു. പാപ്പച്ചൻ രണ്ടു പൂച്ചെണ്ടുകൾ കൊണ്ടുവന്ന് മേശപ്പുറത്തു വെച്ചശേഷം അകത്തേയ്ക്കു പോകുന്നു. ലീലാമ്മ ആ ചെണ്ടുകളിലെ പൂക്കൾ ശരിയാക്കി വെക്കുന്നു. പാപ്പച്ചൻ രണ്ടു മെഴുകുതിരി കൊണ്ടുവന്ന് അവ മേശപ്പുറത്ത് ഉറപ്പിച്ചു നിറുത്തുന്നു.)

പാപ്പ—(വാച്ചിൽ നോക്കി) ലീലാമ്മേ, ഇനി 10 മിനിട്ടുകൂടിയേ ഉള്ളു. 10-30ന് അച്ചൻ വീട് ആശീർവ്വദിക്കാൻ വരുമെന്നാണ് പറഞ്ഞിരിക്കുന്നത്.

ലീലാ—എന്നാൽ മെഴുകുതിരികൂടി കത്തിച്ചേക്കുക. സമയത്തിൻെറ കാര്യത്തിൽ അദ്ദേഹത്തിനു വലിയ ചിട്ടയാണ്.

പാപ്പ—ഓ, അതിൻെറ ആവശ്യമൊന്നുമില്ല. അച്ചനിങ്ങു വന്നിട്ട് കത്തിച്ചാൽ മതിയാകും. എത്ര കണിശക്കാരനായാലും നിനച്ചിരിക്കാതെ വല്ലവർക്കും അന്ത്യകൂദാശയോ മറേറാ കൊടുക്കേണ്ടി വന്നാൽ ഇവിടെയെത്താൻ താമസിച്ചെന്നു വരരുതോ.

ലീലാ—അതു ശരിയാണ്. ഞാനത്ര കടന്നു ചിന്തിച്ചില്ല. വാസ്തവത്തിൽ പുരുഷന്മാർക്കാണ് കൂടുതൽ ബുദ്ധിയുള്ള തല ദൈവം നൽകിയിരിക്കുന്നതു്.

പാപ്പ—സ്ത്രീയ്ക്കു് കൂടുതൽ സ്നേഹമുള്ള ഹൃദയവും.

ലീലാ—അതെന്തോ?

പാപ്പ—അതെ, വിവേകമുള്ള ഒരു തലയും സ്നേഹമുള്ള ഒരു ഹൃദയവുമാണ് ഒരു കുടുംബത്തെ ഐശ്വര്യമുള്ളതാക്കുന്നതിന് ആവശ്യം. അല്ലാതെ വൻപിച്ച പിതൃസ്വത്തോ, ഭാരിച്ച സ്ത്രീധനമോ അല്ല.

ലീലാ—തുടങ്ങീ പ്രസംഗം. നിങ്ങൾ ഒരച്ചനാകേണ്ടിയിരുന്നു. എന്നാൽ എല്ലാവർക്കും നല്ല പ്രസംഗം കേൾക്കാമായിരുന്നു. ആട്ടെ, വികാരിയച്ചനെ കൂട്ടിക്കൊണ്ടു വരുവാൻ ആരെയെങ്കിലും അയച്ചിട്ടുണ്ടോ?

പാപ്പ—ആ ചുമതല ഞാൻ ഇടിക്കുളച്ചേട്ടനെ ഏല്പിച്ചിരിക്കുകയാണ്.

ലീലാ—അതു കൊള്ളാം. വഴിനീളെ ആചാരവെടിയുമായി അയാൾ അച്ചനെ എതിരേററുകൊണ്ടുവരും.

പാപ്പ – (അണിയറയിലേക്കു നോക്കി) ആരോ വരുന്നതുപോലെ തോന്നുന്നല്ലോ.

(കുട്ടപ്പൻ ഒരു ഭാണ്ഡവുമായി പ്രവേശിക്കുന്നു.)

കുട്ട – ചേട്ടാ ഞാനിങ്ങു പോന്നു. എനിക്കു നെല്ലിമററത്തു് ഇനി താമസിക്കാൻ സാധ്യമല്ല.

(പാപ്പച്ചനും ലീലാമ്മയും വലിയ സന്തോഷം പ്രകടിപ്പിക്കുന്നു.)

പാപ്പ – ങ്, നീയിങ്ങു പോന്നോ! നിനക്കെന്തു പററി?

കുട്ട – ഏലിക്കൊച്ചമ്മയുടെ കിഴുക്കും തല്ലുംകൊണ്ടു്

ഞാൻ മടുത്തു. ഞാൻ ചേട്ടൻേറയും ചേട്ടത്തിയുടേയും കൂട്ടത്തിൽ താമസിച്ചുകൊള്ളാം.

പാപ്പു – നീ ഞങ്ങളുടെ കൂട്ടത്തിൽ താമസിക്കുന്നതിൽ ഞങ്ങൾക്കു വളരെ സന്തോഷമേയുള്ളു. പക്ഷെ നിനക്കു് നെല്ലിമററത്തു കിട്ടുന്ന സൗകര്യങ്ങളൊന്നും ഇവിടെ കിട്ടുകയില്ല. ഇതൊരു കൊച്ചുവീടാണു്. ഞങ്ങൾ പാവപ്പെട്ടവരാണു്.

കുട്ടു – ഞാനൊരു കൊച്ചുപയ്യനാണു്, പാവവുമാണു്. നമുക്കൊന്നിച്ചു കൂടാം.

പാപ്പു – ശരി. ചേച്ചിക്കൊരു സഹായവുമായി. (ലീലാമ്മയെ നോക്കി) ഇവൻെറ കെട്ടു വാങ്ങിച്ചു് അകത്തു കൊണ്ടുചെന്നു വയ്ക്കു്.

ലീലാ – (അടുത്തു ചെന്നു് കെട്ടു വാങ്ങിച്ചുകൊണ്ടു്) ഇതിനകത്തെന്താ? വല്ല സമ്പാദ്യവുമുണ്ടോ?

പാപ്പു – (ലീലാമ്മയോടു്) പിന്നെ ഒരു കാര്യം: അവൻ തള്ളയില്ലാത്ത ഒരു കുഞ്ഞാണു്. മേലിൽ അവനെ സംബന്ധിച്ചുള്ള ഉത്തരവാദിത്വം മുഴുവനും നിനക്കായിരിക്കും. സൂക്ഷിച്ചുകൊള്ളണം. (ചിരിച്ചുകൊണ്ടു്) ചിലപ്പോൾ ചില്ലറ കുസൃതികളും മററും കാണിക്കും.

ലീലാ – അതൊക്കെ ഞാൻ നോക്കിക്കൊള്ളാം. കുസൃതി കാണിച്ചാൽ ചെവി ഞാൻ പൊന്നാക്കും.

കുട്ടു – എൻെറ പൊന്നുചേച്ചി, അതു മാത്രം ചെയ്യേക്കരുതു്. ചെവിയേലാണു് എൻെറ ജീവനിരിക്കുന്നതു്. എന്നെ തല്ലണമെന്നു തോന്നുമ്പോൾ പറഞ്ഞേക്കുക. ഞാൻ ഒരു വടി എടുത്തുകൊണ്ടുവന്നു തരാം. ഇഷ്ടംപോലെ ചേച്ചി തല്ലിക്കൊള്ളണം. (പാപ്പച്ചൻെറ നേരേ തി

രിഞ്ഞു്) ചേട്ടാ, ചേട്ടൻെറ കല്യാണത്തിനു തയ്പിച്ചതന്നെ ആ കട്ടിയുള്ള നിക്കറും ഞാൻ കൊണ്ടുപോന്നിട്ടുണ്ടു്.

(കതകിൽ മുട്ടുന്ന ശബ്ദം. ഇടിക്കുളയും ഫാദർ ജോണും പ്രവേശിക്കുന്നു. പാപ്പച്ചനും മററും സ്തുതിപറയുന്നു.)

അച്ചൻ – എല്ലാപ്പോഴും സ്തുതിയായിരിക്കട്ടെ. എങ്ങനെയിരിക്കുന്നു പാപ്പച്ചാ, പുതിയ വീട്ടിലെ പൊറുതി?

പാപ്പ – ദൈവാനുഗ്രഹത്താൽ സുഖംതന്നെ.

അച്ച – ഇങ്ങോട്ടു പോന്നിട്ടു് ഇപ്പോഠം എത്ര ദിവസമായി?

ലീലാ – ഒൻപതു ദിവസമായി.

അച്ച – ഓഹോ, ഒൻപതു ദിവസമായോ? ഞാൻ മിനിയാന്നാണു് അറിഞ്ഞതു്.

ഇടി – അതെന്തു പറയാനാ അച്ചാ, ഇതിനു വല്ലോം ഇപ്പോഠം ആവശ്യമുള്ളതാണോ? ആ ഏലിയുടെ കുശുമ്പും കുന്നായ്മയും കാരണം അവിടെ പൊറുക്കാൻ നിവൃത്തിയില്ലാതെ വന്നതുകൊണ്ടാണു്.

അച്ച – ദയനീയംതന്നെ. എന്നാൽ അസൂയ ബാധിച്ചവരുടെ സ്ഥിതിയാണു് കൂടുതൽ ദയനീയം. മനസ്സിൻെറ സമാധാനത്തേയും ശരീരത്തിൻെറ ആരോഗ്യത്തേയും കാൻറു തിന്നുന്ന ഒരു കാൻസറാണു് അസൂയ.

ഇടി – മാത്രമല്ല, മററുള്ളവരെ നാക്കുകൊണ്ടു കുത്തിക്കീറുകയും. അല്ല; അതുകൊണ്ടല്ലേ, അവളുടെ കെട്ടിയോൻ തന്നെയും അരനിമിഷം വീട്ടിലെങ്ങുമിരിക്കാതെ വല്ല ചായക്കടയിലും വഴിമുക്കിലുമൊക്കെ കഴിഞ്ഞുകൂടുന്നതു്.

അച്ച – ഏതായാലും ഇങ്ങനെയൊക്കെ വന്നു സംഭവിച്ച സ്ഥിതിക്കു്, പാപ്പച്ചനു് സ്വതന്ത്രമായി ഒരു കുടുംബം പുലർത്തുന്നതിനുള്ള സാഹചര്യങ്ങളുണ്ടോ?

പാപ്പ – വളരെ ഞെരുങ്ങി ഉള്ളതുകൊണ്ടോണംപോലെ കഴിഞ്ഞുകൂടുന്നു. എന്തെങ്കിലുമൊരു ജോലി കിട്ടിയാൽ നന്നായിരുന്നേനെ.

അച്ചൻ – നമ്മുടെ പ്രൈമറിസ്കൂളിൽ ആറുമാസത്തേക്കു് ഒരു വേക്കൻസിയുണ്ടു്. പാപ്പച്ചന് ഇഷ്ടമാണെങ്കിൽ ആ പോസ്റ്റു സ്വീകരിക്കാം.

പാപ്പ – വളരെ ഉപകാരം. അദ്ധ്യാപനം ഞാൻ വളരെയധികം വിലമതിക്കുന്ന ഒരു തൊഴിലാണു്.

അച്ചൻ – സ്തുത്യർഹമായ ഒരു സേവനരംഗമാണതു്. പക്ഷെ, നിർഭാഗ്യവശാൽ അതു വിലമതിക്കപ്പെടുന്നില്ല.

ശരി, സമയം അതിക്രമിക്കുന്നു. നമുക്കു് ആശീർവ്വാദകർമ്മം നടത്താം.

(വൈദികൻ തിരുഹൃദയപടത്തിന്റെ സമീപത്തേക്കു തിരിയുന്നു. പാപ്പച്ചൻ മെഴുകുതിരികൾ കത്തിക്കുന്നു. വൈദികൻ സർപ്ലീസും സ്റ്റോളും ധരിക്കുന്നു. ലീലാമ്മയും കുട്ടപ്പനും ഒരു വശത്തും പാപ്പച്ചനും ഇടിക്കുളയും മറുവശത്തും മുട്ടുകുത്തുന്നു. വൈദികൻ ജപം വായിക്കുന്നു.)

"പാപികളുടെ അഭയകേന്ദ്രമായ ക്രിസ്തുവിന്റെ പരിപാവന ഹൃദയമേ, ഈ കുടുംബത്തിന്മേലുള്ള അവിടുത്തെ പരമാധികാരം ഇതാ ഞങ്ങൾ പ്രഖ്യാപനം ചെയ്യുന്നു. നാഥാ, അവിടുന്നു് ഞങ്ങളുടെ ഈ ഭവനത്തിലും ഞങ്ങളുടെ ഹൃദയങ്ങളിലും വാണരുളിയാലും. ഞങ്ങളുടെ ആത്മീയവും ലൗകികവുമായ കാര്യങ്ങളെ അങ്ങുന്നു് ആശീർവ്വദിക്കണമേ. ഈ കുടുംബത്തിലുള്ളവരുടെ സന്തോഷങ്ങളെ അവിടുന്നു ശുദ്ധീകരിക്കേണമെ; ഇവരുടെ സങ്കടങ്ങളെശമിപ്പിക്കേണമേ. അവിടുത്തെ പരിശുദ്ധ പ്രമാണങ്ങളെ ലംഘിക്കുന്നതിനുള്ള നിർഭാഗ്യം ഞങ്ങൾക്കാർക്കും ഉണ്ടാകാതിരിക്കട്ടെ. ഈ കുടുംബാംഗങ്ങളേവരും ഇ

ഹലോക ജീവിതാനന്തരം, നിത്യമായി അവിടുത്തെ മഹത്വങ്ങളെ പാടിസ്തുതിക്കുവാൻ സ്വർഗ്ഗീയഭവനത്തിലെത്തുന്നതിന് ഇടയാക്കിയരുളേണമേ."

എല്ലാവരും – ആമ്മേൻ.

(അച്ചൻ എഴുന്നേററു് വിശുദ്ധജലം തളിക്കുന്നു.)

അച്ച – ഇനി ഒരു പ്രാർത്ഥനാഗാനം ആലപിക്കുക.

(എല്ലാവരുംകൂടി ഒരു ഗാനം ആലപിക്കുന്നു.)

— കർട്ടൻ —

## രംഗം എട്ടു്

(പാപ്പച്ചൻെറ ഭവനം. രോഗിണിയായ ലീലാമ്മ ഒരു കട്ടിലിൽ എഴുന്നേററിരിക്കുന്നു. കട്ടിലിനു തൊട്ടടുത്തു് ഒരു തൊട്ടിൽ തൂക്കിയിരിക്കുന്നു. തൊട്ടിലാട്ടിക്കൊണ്ടു് ലീലാമ്മ ശോകാത്മകമായ ഒരു താരാട്ടുപാടുന്നു. പാട്ടു കഴിഞ്ഞു് അണിയറയിലേക്കു നോക്കി വിളിക്കുന്നു.)

ലീലാ – കുട്ടപ്പാ.

കുട്ട – (അണിയറയിൽനിന്നു്) എന്തോ.

(കുട്ടപ്പൻ ഒരു തവിയുമായി പ്രവേശിക്കുന്നു)

കുട്ട – ചേച്ചി എന്നെ വിളിച്ചോ.

ലീലാ – ഉം. വിളിച്ചു.

കുട്ട – എന്തുവേണം ചേച്ചി?

ലീലാ — (ഒരു നെടുവീർപ്പോടുകൂടി) ഒന്നും വേണ്ടാ. (കുട്ടപ്പനെ ദയാപൂർവ്വം നോക്കിയിട്ട്) നീ ഇന്നു വല്ലതും കഴിച്ചോ?

കുട്ട — പഴങ്കഞ്ഞി കുടിച്ചു.

ലീലാ — പഴങ്കഞ്ഞി! പാവം! അതിനകത്തു വററുവല്ലതുമുണ്ടായിരുന്നോ?

കുട്ട — അരിവച്ച കലമല്ലേ, വററില്ലാതെ വരുമോ?

ലീലാ — (നെടുവീർപ്പിട്ടുകൊണ്ട്) അററപ്പറെറയാണ് ഇന്നലെ അത്താഴമൂണു നടത്തിയത്. പിന്നെയാണ് വററു ശേഷിക്കാൻ. (അല്പനേരം ആലോചിച്ചിരുന്ന ശേഷം) കുട്ടപ്പാ!

കുട്ട — എന്താ ചേച്ചി?

ലീലാ — ഞാൻ നിന്നോടൊരു കാര്യം പറയട്ടെ.

കുട്ട — അതെന്താ ചേച്ചി അങ്ങനെയൊരു മുഖവുര?

ലീലാ — കുഞ്ഞേ, നിന്നോടതു പറയുവാൻ എനിക്കു ഇഷ്ടമുണ്ടായിട്ടല്ല. എങ്കിലും മററു വഴിയില്ലാത്തതുകൊണ്ടു ഞാൻ പറയുകയാണ്......

കുട്ട — (ഉദ്വേഗത്തോടെ) എന്താണു ചേച്ചി?

ലീലാ — കുഞ്ഞേ, മൂന്നുനാലു മാസമായിട്ടു നിനക്കു ശമ്പളം തരാൻ സാധിക്കുന്നില്ലെന്നു മാത്രമല്ല, നിൻെറ വിശപ്പടക്കുവാൻകൂടി വേണ്ടത്ര തരുന്നതിനു നിൻെറ ചേട്ടനും ചേച്ചിക്കും കഴിയുന്നില്ല.

കുട്ട — അങ്ങനെ പറയാതെ ചേച്ചി. ഞാൻ ശമ്പളമെല്ലാംവാങ്ങിച്ചുകൂട്ടി നാളെയൊരു ബങ്കളാവു പണിയാൻപോകയാണോ? ഇതൊക്കെപ്പോയി, ചേട്ടനു വീണ്ടും ജോലികിട്ടി കൈയിൽ കാശുണ്ടാകയില്ലേ? അപ്പം ഞാൻ കണക്കുപ

റഞ്ഞു വാങ്ങിച്ചുകൊള്ളാം. ചേച്ചി അതേപ്പററി വിഷമിക്കേണ്ട. വേറെ വല്ലതും പറയാനുണ്ടെങ്കിൽ പറയണം.

ലീലാ – കുട്ടപ്പാ നീ പട്ടിണികിടന്ന് വല്ലാതെ ക്ഷീണിച്ചു. കുറേ നാളത്തേക്കു നീ വേറേ വല്ലയിടത്തും പോയി ജോലി ചെയ്യുക. ഇവിടത്തെ കഷ്ടപ്പാടുകളെല്ലാം മാറുമ്പോൾ, വേണമെങ്കിൽ വീണ്ടും ഇങ്ങുവരാം.

കുട്ട – അങ്ങനെ പറയാതെ ചേച്ചി. ഒന്നും കഴിച്ചില്ലെങ്കിലും ചേച്ചിയുടെ "കുഞ്ഞേ, കുട്ടപ്പാ" എന്നുള്ള വിളികേൾക്കുമ്പോൾതന്നെ എൻെറ വയറുനിറഞ്ഞുകൊള്ളും. പോരെങ്കിൽ ചേച്ചിക്കു സുഖമില്ലാതെയിരിക്കുന്നു. ഈ സമയത്ത് ആരുമൊരു സഹായത്തിനില്ലാതെ ഞാൻ ചേച്ചിയെ അങ്ങനെ ഉപേക്ഷിച്ചു പോകാനോ? അതു നടപ്പില്ല ചേച്ചി.

ലീലാ – ഇല്ല കുട്ടപ്പാ. എനിക്കിപ്പോൾ കുറെയൊക്കെ സുഖം തോന്നുന്നുണ്ട്. ഇനി ഇവിടത്തെ ജോലിയൊക്കെ എനിക്കുതന്നെ ചെയ്യുവാൻ കഴിയും. എനിക്കു കഴിയാത്തതു് ചേട്ടൻ ചെയ്തുകൊള്ളും. നീ പൊയ്ക്കോ.

കുട്ട – എനിയ്ക്കതിനു മനസ്സു വരുന്നില്ല ചേച്ചി.

ലീലാ – എൻെറ പൊന്നു കുട്ടപ്പനല്ലേ; ചേച്ചി പറയുന്നതു് അനുസരിക്കൂ. നീ അകത്തുചെന്ന് ആ പെട്ടി തുറന്നു നോക്കൂ. അതിലൊരു അരരൂപ കാണും. അതിങ്ങു എടുത്തുകൊണ്ടു വാ.

(കുട്ടപ്പൻ പോയി അതെടുത്തുകൊണ്ടു വരുന്നു)

ലീലാ – അതു നിൻെറ കൈയിലിരിക്കട്ടെ. പോകുന്ന വഴിക്ക് നിനക്ക് അല്പം കാപ്പിയോ മററോ വാങ്ങിച്ചു കുടിക്കാം. നിനക്കു തരാൻ ചേച്ചിയുടെ കൈയിൽ വേറെയൊന്നുമില്ല കുട്ടപ്പാ. (കരയുന്നു)

കുട്ട — ഏതായാലും ചേട്ടൻെറ അനുവാദംകൂടി വാങ്ങിക്കാതെ എനിക്കു പോകാൻ മേല.

ലീലാ — ചേട്ടൻ വരാൻ നീ കാത്തിരിക്കേണ്ട. എന്നൊല്ലൊല്ലി, ചേട്ടൻ നീ പോകാൻ അനുവദിക്കുകയില്ല. പക്ഷേ, നീ ഇവിടെ കിടന്നു വെറുതേ കഷ്ടപ്പെടേണ്ടിവരും. അതുകൊണ്ടു ചേട്ടൻ വരുന്നതിനു മുൻപുതന്നെ നീ പോകുന്നതാണു് നല്ലതു്. ഞാൻ ചേട്ടനോടു പറഞ്ഞുകൊള്ളാം.

കുട്ട — ചേച്ചീ (കരഞ്ഞുകൊണ്ടു്) ഞാൻ പോകണമെന്നുതന്നെയാണോ ചേച്ചി പറയുന്നതു്.

ലീലാ — തല്ക്കാലം കുട്ടപ്പൻ പൊയ്ക്കോ. അതാണു് നിനക്കു നല്ലതു്. നീ പട്ടിണി കിടക്കുന്നതു കാണുവാൻ ചേച്ചിക്കു ശക്തിയില്ല.

(കുട്ടപ്പൻ വാതില്ക്കലേക്കു നടക്കുന്നു. ലീലാമ്മ കണ്ണുപൊത്തിക്കരയുന്നു. കുട്ടപ്പൻ തിരിഞ്ഞുനോക്കുന്നു.)

ലീലാ — കുഞ്ഞേ, വല്ലപ്പോഴുമൊക്കെ നീ ഈ ചേച്ചിയെയും ചേട്ടനെയും കാണാൻ വരണം.

കുട്ട — അധികം താമസിയാതെ ഞാൻ തിരിച്ചുവരും ചേച്ചി.

(പോകുന്നു.)

ലീലാ — (കണ്ണുകളുയർത്തി) ദൈവമേ! ആ കുഞ്ഞിനെ കാത്തുകൊള്ളേണമേ. അവൻ യാതൊരപകടവും വരുവാൻ ഇടയാക്കരുതേ. (പതുക്കെ എഴുന്നേല്ക്കുന്നു) അദ്ദേഹം അതിരാവിലെ പുറത്തേക്കിറങ്ങിയതാണു്. തിരിച്ചു വരുമ്പോഴേക്കും അല്പം വെറും കാപ്പിയെങ്കിലും കൊടുക്കാനില്ലെങ്കിൽ! (അണിയറയിലേക്കു നോക്കുന്നു) കഷ്ടം! അടുപ്പിലെ തീപോലും കെട്ടുപോയിരിക്കുന്നു: (തൊട്ടിലിലേ

ക്കു നോക്കിയിട്ട്) അനിൽമോനേ, നീ ഉറങ്ങിക്കിടന്നു കൊള്ളൂ.

(വളരെ ബദ്ധപ്പെട്ടു പതുക്കെ അടുക്കളയിലേക്കു പോകുന്നു. ഒരു ശോകഗാനം മാറെറാലിക്കൊള്ളുന്നു. കുറച്ചു കഴിഞ്ഞു് ഒരു കൈയിൽ ഏതാനും മരച്ചീനിക്കിഴങ്ങുകളും മറേറ കൈയിൽ ഒരു പൊതിയുമായി പാപ്പച്ചൻ പ്രവേശിക്കുന്നു. ആരേയും കാണാത്തതിൽ അങ്ങുമിങ്ങും നോക്കുന്നു. അനന്തരം അടുത്തുവന്നു് തൊട്ടിലിലേക്കു നോക്കുന്നു.)

പാപ്പ – കുഞ്ഞിനെ തനിച്ചിവിടെ കിടത്തിയിട്ട് അവൾ എവിടെ പോയി. (ഉയന്ന ശബ്ദത്തിൽ) കുട്ടപ്പാ, കുട്ടപ്പാ..... (അസ്വസ്ഥനായി) അവർ രണ്ടുപേരും എവിടെപ്പോയി? ലീലാമ്മേ!

(അകത്തുനിന്നു് ഒരു ഞരക്കത്തോടുകൂടി വിളികേട്ടിട്ടു്, ലീലാമ്മ സാവധാനം പ്രവേശിക്കുന്നു.)

പാപ്പ – നീ കുഞ്ഞിനെ തനിച്ചിവിടെ ഇട്ടിട്ട് എവിടെ പോയതാ? കുട്ടപ്പൻ ഇവിടില്ലേ?

ലീലാ – ഞാൻ കാപ്പിക്കു വെള്ളം തിളപ്പിക്കുകയായിരുന്നു. കുട്ടപ്പൻ പോയി.

പാപ്പ – എവിടെപ്പോയി?

ലീലാ – അവനെ ഞാൻ പറഞ്ഞുവിട്ടു. ഒന്നും തിന്നാൻകൂടി കൊടുക്കാനില്ലാതെ അവനെ എന്തിന് ഇവിടെയിട്ടു കഷ്ടപ്പെടുത്തണം? അവൻ വല്ലതും കിട്ടുന്നിടത്തു പോയി ജോലിചെയ്യട്ടെ.

പാപ്പ – (കോപിച്ച്) അവനെ നീ പറഞ്ഞയച്ചോ? എന്നിട്ട് എഴുന്നേല്ക്കാൻകൂടി ജീവനില്ലാത്ത നീ ഇവിടെ എന്തു ചെയ്യാനാണ് ഭാവം? എന്നോടൊന്നു ചോദിക്കുകകൂടി ചെയ്യാതെ നീ അവനെ പറഞ്ഞയച്ചു അല്ലേ?

(കുട്ടപ്പൻ കൈയിലൊരു പടലപ്പഴവുമായി ഓടിക്കയറിവരുന്നു.)

കുട്ട – അയ്യോ ചേട്ടാ, ഞാനെങ്ങും പോയില്ല. ചേച്ചിയെ വെറുതെ വഴക്കു പറയണ്ട.

(കുട്ടപ്പൻ ലീലാമ്മയുടെ അരികിൽ ചെന്നു നില്ക്കുന്നു. പാപ്പച്ചനും ലീലാമ്മയും അത്ഭുതസ്തബ്ധരായി പരസ്പരം നോക്കുന്നു.)

ലീലാ– കുഞ്ഞേ, നീയിങ്ങു തിരിച്ചു പോരികയായിരുന്നോ പട്ടിണി കിടക്കാൻ! നിനക്കു് എങ്ങും ജോലി കിട്ടിയില്ലേ?

കുട്ട – ജോലിയും കിട്ടും. കാശും കിട്ടും. പക്ഷെ, എന്റെ ചേച്ചീ, "മനുഷ്യപ്പറവുള്ള" ഒരു ചേച്ചിയേയും ചേട്ടനേയും കിട്ടാനില്ല. അതുകൊണ്ടു ഞാനിങ്ങു പോന്നു.

ലീലാ – (കുട്ടപ്പന്റെ തലയിൽ തടവിക്കൊണ്ടു്) എന്റെ കുഞ്ഞനുജാ, നിനക്കിങ്ങനെ ഒരു ഹൃദയം ആരു തന്നു! നിന്റെ കൈയിലെന്താ ഇരിക്കുന്നതു്?

കുട്ട – ഞാണിപ്പൂവൻ പഴമാണു്. തിന്നാമെന്നു വിചാരിച്ചു ഞാൻ വാങ്ങിച്ചു. തൊലി പൊളിക്കാൻ തുടങ്ങിയപ്പോൾ അനിൽമോന്റെ കാര്യം ഓർത്തു. ഇങ്ങോട്ടു് ഒരോട്ടവും വച്ചുകൊടുത്തു.

പാപ്പ – (മരച്ചീനിക്കിഴങ്ങുകൾ വച്ചുനീട്ടിക്കൊണ്ടു്) കുട്ടപ്പാ, നീ ഇതു കൊണ്ടുചെന്നു് കാപ്പിക്കു വല്ലതും തയാറാക്കൂ. (കുട്ടപ്പൻ സ്വീകരിക്കുന്നു)

കുട്ട – ചെണ്ടമുറിയനാക്കി പുഴുങ്ങിക്കളയാം.

പാപ്പ – (പൊതിയും കൊടുത്തുകൊണ്ടു്) ദാ, ഇതിനുള്ളിൽ അരിയാണു്. അകത്തു കൊണ്ടുചെന്നു് വയ്ക്കുക. (മറ്റൊരു ചെറിയ പൊതികൂടി കൊടുക്കുന്നു) ഇതു നിനക്കൊരു ചെറിയ ബനിയനാണു്. നീ ഇട്ടിരിക്കുന്നതു മുഴുവനും കീറിയല്ലോ.

കുട്ട – (പൊതി വാങ്ങിച്ചുകൊണ്ടു്) എനിക്കിതിനത്ര ധൃതിയില്ലായിരുന്നല്ലോ. അനിൽമോന് ഒരു കുട്ടിയുടുപ്പു വാങ്ങിക്കണമെന്നു ഞാൻ പറഞ്ഞിട്ടു് എത്ര നാളായി? ഇതുവരെ വാങ്ങിച്ചില്ലല്ലോ.

പാപ്പ – വാങ്ങിക്കാം. കുറച്ചു ദിവസംകൂടി കഴിയട്ടെ. നീ ഇതൊക്കെ അകത്തേയ്ക്കു കൊണ്ടുപൊയ്ക്കോ.

(കുട്ടപ്പൻ പോകുന്നു.)

പാപ്പ—(ലീലാമ്മയോടു്) ഞാൻ ജോണച്ചനോടു് അഞ്ചുരൂപാ കടം വാങ്ങിയതുകൊണ്ടാണു് ഇതെല്ലാം മേടിച്ചതു്.

(പാപ്പച്ചനും അനന്തരം ലീലാമ്മയും ഇരിക്കുന്നു.)

ലീലാ—ഇങ്ങനെ കടമെല്ലാം വാങ്ങിച്ചു കൂട്ടിയാൽ എന്നാണിതെല്ലാം വീട്ടാൻ പോകുന്നതു്?

പാപ്പ—"മഴക്കാറു മാറി മാനം തെളിയും". നീ എണീറ്റോടാൻ ധൃതികൂട്ടാതെ കുറച്ചു ദിവസംകൂടി വിശ്രമിക്കുകയാണെങ്കിൽ നിനക്കു പൂർണ്ണസുഖം കിട്ടും. പിന്നെ മരുന്നു വാങ്ങുവാനും ഡോക്ടർക്കു കൊടുക്കുവാനും മററും പണം ചെലവിടേണ്ടിവരികയില്ല. അപ്പോൾ കടവും കുറേശ്ശെ വീട്ടുവാൻ കഴിയും.

(കതകിൽ മുട്ടുന്ന ശബ്ദം)

പാപ്പ—കയറിവരണം.

(ഡോക്ടർ ഭാസ്കരൻ പ്രവേശിക്കുന്നു.)

പാപ്പ—(എഴുന്നേല്ക്കുന്നു) ഗുഡ്മോർണിംഗ് ഡോക്ടർ

ഡോ—ഗുഡ്മോർണിംഗ് പാപ്പച്ചൻ. ലീലാമ്മയ്ക്കു് ഇപ്പോൾ സുഖം തോന്നുന്നുണ്ടോ?

പാപ്പ—അവൾ എണീറ്റോടാൻ ധൃതികൂട്ടുകയാണു്.

ഡോ—(ലീലാമ്മയെ സമീപിച്ച്) ഉം; മുഖത്തു കുറേശ്ശെ ആരോഗ്യത്തിൻെറ ലക്ഷണം കണ്ടുതുടങ്ങി. (കൈയിൽപിടിച്ച് നാഡിയിട്ടപ്പു പരിശോധിക്കുന്നു) ഇനി ഭയപ്പെടാനൊന്നുമില്ല. ഒരാഴ്ചകൂടി വിശ്രമിക്കുകയും നല്ല ഭക്ഷണം കഴിക്കുകയും ചെയ്താൽ പരിപൂർണ്ണ സുഖം ലഭിക്കും. (പാപ്പച്ചനോട്) ഇന്നെനിക്കല്പം ലെഷർടൈം ഉണ്ടു്. അതുകൊണ്ടു് അല്പനേരം സംസാരിക്കാമെന്നു കരുതുന്നു. പാപ്പച്ചനു് ജോലിത്തിരക്കുണ്ടോ? (ഇരിക്കുന്നു)

പാപ്പ—ഇനിയിപ്പോൾ വിശേഷിച്ചു ജോലിയൊന്നുമില്ല. (ഇരിക്കുന്നു) സംസാരിക്കാമല്ലോ.

(ലീലാമ്മ കുഞ്ഞിനെ എടുത്തുകൊണ്ടു് അകത്തേക്കു പോകുന്നു)

ഡോ—നിങ്ങളുടെ ഒരു ഗുണകാംക്ഷി എന്ന നിലയിൽ അല്പം കഴമ്പുള്ള ഒരു കാര്യത്തെക്കുറിച്ചാണു് ഞാൻ സംസാരിക്കാനുദ്ദേശിക്കുന്നതു്.

പാപ്പ—(ചിരിച്ചുകൊണ്ടു്) വളരെ ഉപകാരം. എൻെറ ഗുണകാംക്ഷി എന്ന നിലയിൽ മാത്രമല്ല, ഒരു കഴിവുററ ഭിഷഗ്വരൻ എന്ന നിലയിലും ഡോക്ടറുടെ സംഭാഷണം കഴമ്പുള്ളതായിരിക്കാനേ തരമുള്ളു.

ഡോ—പാപ്പച്ചൻ് ഇപ്പോൾ ഒരു മകനുണ്ടായിട്ടുണ്ടു്. ആദ്യത്തെ പ്രസവത്തോടുകൂടിതന്നെ നിങ്ങളുടെ ഭാര്യ അവശയായിരിക്കയാണു്. ഈ സാഹചര്യം സാമ്പത്തികമായും നിങ്ങളെ വളരെയധികം ഉലച്ചിട്ടുണ്ടെന്നാണു് ഞാൻ മനസ്സിലാക്കുന്നതു്.

പാപ്പ—ഡോക്ടർ പറയുന്നതു് ശരിയാണു്.

ഡോ—ഇങ്ങനെയൊരു വിഷമസന്ധിയെ വീണ്ടും നേരിടാൻ നിങ്ങൾ ആഗ്രഹിക്കുന്നില്ലെന്നു ഞാൻ വിശ്വസിക്കട്ടെ?

പാപ്പ—എന്തിനു സംശയിക്കണം?

ഡോ—എങ്കിൽ അതിനു ചില മുൻകരുതലുകൾ ചെയ്യണമെന്നു് ഞാൻ ഉപദേശിക്കുന്നു.

പാപ്പ—എന്തു മുൻകരുതൽ ചെയ്യാൻ കഴിയും?

ഡോ—നിങ്ങൾക്കു് ഒരു സന്താനം മാത്രം മതിയെന്നു് തീരുമാനിക്കണം.

പാപ്പ—(അല്പനേരം ചിന്തിച്ചിട്ടു്) ഓ! ഇപ്പോഴെനിക്കു മനസ്സിലായി. പക്ഷെ, ഡോക്ടർ, എന്റെ തീരുമാനം കൊണ്ടോ, മുൻകരുതൽകൊണ്ടോ, മാത്രം നിശ്ചയിക്കാവുന്ന ഒരു കാര്യമാണതു് എന്നു ഞാൻ കരുതുന്നില്ല.

ഡോ—എന്തിനു സംശയിക്കണം! ശാസ്ത്രീയനേട്ടങ്ങളുടെ സഹായത്താൽ അതൊക്കെ മനുഷ്യനു് ഇന്നു് ഇഷ്ടം പോലെ നിശ്ചയിക്കാൻ കഴിയും.

പാപ്പ—ഇഷ്ടംപോലെയോ? എനിക്കതു ബോധ്യമാകുന്നില്ല.

ഡോ—നിങ്ങൾ ഒരു വന്ധീകരണശസ്ത്രക്രിയയ്ക്കു വിധേയനാകുന്നതാണു് ഏററവും എളുപ്പമായ മാർഗ്ഗം.

പാപ്പ—(ആലോചിച്ചിട്ടു്) അങ്ങനെയൊരു ഓപ്പറേഷനു് ഞാൻ വിധേയനാകുന്നപക്ഷം എനിക്കൊരു സന്താനമേ ഉണ്ടായിരിക്കൂ എന്നതുപോലെതന്നെ, ആ സന്താനം എന്നും ഉണ്ടായിരിക്കുമെന്നും തീർച്ചയാക്കുവാൻ കഴിയുമോ?

ഡോ—കഴിയും.

പാപ്പ—എന്റെ മകൻ മരിച്ചുപോകയില്ലെന്നു് നിങ്ങളുടെ ശാസ്ത്രീയ നേട്ടങ്ങൾക്കു് ഉറപ്പു തരുവാൻ സാധിക്കുമോ?

ഡോ—അതിനു കഴിയുമെന്നു ഞാൻ പറയുന്നില്ല.

പാപ്പ—ഞാൻ ശസ്ത്രക്രിയയ്ക്കു വിധേയനായ ശേഷം എൻെറ ഏക മകൻ മരിച്ചുപോകുന്നതിനിടയാകുന്ന പക്ഷം എനിക്കു് മറെറാരു മകനെ തരുവാൻ നിങ്ങളുടെ ശാസ്ത്രത്തിനു കഴിയുമോ?

ഡോ—ഇല്ല.

പാപ്പ—(ചരിച്ചുകൊണ്ടു്) ഒരു മകളെയെങ്കിലും; സ്ത്രീ ധനപ്രശ്നമുണ്ടാകും, എന്നിരിക്കിലും.

ഡോ—(ചിരിച്ചുകൊണ്ടു്) സാധ്യമല്ല.

പാപ്പ—എങ്കിൽ നിങ്ങളുടെ ശാസ്ത്രീയ നേട്ടങ്ങളെ ആശ്രയിച്ചു് ഭാഗ്യം പരീക്ഷിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. എൻെറ ഏക സന്താനത്തെ നഷ്ടപ്പെട്ടിട്ടു് ശൂന്യമായ ഒരു കുടുംബത്തിൽ ജീവിക്കാനിടയാകുന്ന ഒരു സാഹചര്യത്തെപ്പററി ചിന്തിക്കുവാൻതന്നെ ഭയമാകുന്നു.

ഡോ—ശസ്ത്രക്രിയയെ പാപ്പച്ചൻ ഭയപ്പെടുന്നുവെങ്കിൽ, ചില കൃത്രിമോപകരണങ്ങളുടെ സഹായത്തോടുകൂടിയും പിടിയിലൊതുങ്ങിയ ഒരു കുടുംബത്തെ സംവിധാനം ചെയ്യാവുന്നതാണു്.

പാപ്പ—ഡോക്ടർ, ജി. കെ. ചെസ്റ്റർട്ടൺ ജനനനിയന്ത്രണത്തെപ്പററി പറഞ്ഞിട്ടുള്ളതു കേട്ടിട്ടുണ്ടോ?

ഡോ—കേൾക്കട്ടെ.

പാപ്പ—അതൊരു "Neither birth nor control" പ്രസ്ഥാനമെന്നാണു് ചെസ്റ്റർട്ടൺ പറയുന്നതു്. ജനനവുമില്ല, നിയന്ത്രണവുമില്ല. ആത്മനിയന്ത്രണവും മിതത്വവും പാലിക്കാതെ, കൃത്രിമമാർഗ്ഗങ്ങളുപയോഗിച്ചു് സംതൃപ്തി

നേടാമെന്നു കരുതുന്നതിൽതന്നെ ഒരു വിരോധാഭാസം അടങ്ങുന്നില്ലേ?

ഡോ—അതെല്ലാം കുറെ പഴകിയ തത്വങ്ങളാണു പാപ്പച്ചാ. ഇന്നത്തെ പ്രശ്നങ്ങളെ നാം കുറേക്കൂടി പുരോഗമനപരമായി നേരിടേണ്ടിയിരിക്കുന്നു.

പാപ്പ—തത്വങ്ങൾക്കു പഴക്കംതട്ടുകയോ? കാലചക്രത്തിലുരഞ്ഞു് അവയ്ക്കു തിളക്കം കൂട്ടുകയാണു് ചെയ്യുന്നതു്. സുഖഭോഗങ്ങൾക്കു കൂടുതൽ സൗകര്യങ്ങൾ നല്കുന്ന പരിഷ്കൃത രാജ്യങ്ങളിൽ വിവാഹമോചനത്തിന്റെയും ആത്മഹത്യയുടെയും നിരക്കു് ഉയൻു നില്ക്കുന്നില്ലേ? അമിതവും അവിഹിതവുമായ സുഖാനുഭൂതികൾ മനുഷ്യനു് ഹൃദയസംതൃപ്തി നൽകുന്നില്ലന്നല്ലേ അതു തെളിയിക്കുന്നതു്?

ഡോ—പക്ഷെ, ജനപ്പെരുപ്പത്തെ തടയാതെ എങ്ങനെ നമുക്കു് തൊഴിലില്ലായ്മയേയും ദാരിദ്ര്യത്തേയും അകററിനിർത്തുവാൻ കഴിയും?

പാപ്പ—ദാരിദ്ര്യത്തിനു കാരണം ജനപ്പെരുപ്പം മാത്രമാണോ? ഇന്ത്യയിൽ ചതുരശ്രമൈലിനു് ശരാശരി 250 ആളുകളാണുള്ളതു്. ഇംഗ്ലണ്ടു്,ബൽജിയം,ഹോളണ്ടു് മുതലായ രാജ്യങ്ങളിൽ ച:മൈലിൽ എഴുനൂറും അതിലധികവും ജനങ്ങളുണ്ടു്. ആ രാജ്യങ്ങൾ നമ്മെക്കാൾ ദരിദ്രമല്ലല്ലോ.

ഡോ—അവിടങ്ങളിൽ തൊഴിലിനും ഭക്ഷണസാധനങ്ങൾക്കും പഞ്ഞമില്ല.

പാപ്പ—അതെ, അവരെപ്പോലെ തൊഴിലിനുള്ള സൗകര്യങ്ങളും വിളവും വർദ്ധിപ്പിക്കുന്നതിനും, വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിനും നാം പരിശ്രമിക്കണം. അതാണു് പ്രശ്നങ്ങളോടുള്ള നിർമ്മാണപരമായ സമീപനം. അല്ലാ

തെ, മഹാത്മഗാന്ധി തുടങ്ങിയ മഹാശയന്മാർ അപലപിച്ചിട്ടുള്ള കൃത്രിമ മാർഗ്ഗങ്ങളുപയോഗിച്ച്, മനുഷ്യവർഗ്ഗത്തെയും സന്മാർഗ്ഗബോധത്തെയും സംഹരിക്കുവാനല്ല നോക്കേണ്ടതു്.

ഡോ—(എഴുന്നേററുകൊണ്ടു്) സ്നേഹിതാ, ഞാനിവിടത്തെ കുടുംബസംവിധാനകേന്ദ്രത്തിലെ ഒരു പ്രവത്തകൻ കൂടിയാണു്. നിങ്ങളുടെ ചിന്താഗതിയെ സ്വീകരിക്കുവാൻ എനിക്കു നിവ്വാഹമില്ല.

പാപ്പ—(എഴുന്നേല്ക്കുന്നു) ക്ഷമിക്കണം. സ്നേഹിതൻ എന്ന നിലയ്ക്കു് ഡോക്ടർ സംഭാഷണം ആരംഭിച്ചു. സ്നേഹിതൻ എന്ന നിലയിൽ ഞാൻ ഒന്നുകൂടി ചോദിച്ചുകൊള്ളട്ടെ. രണ്ടു ദമ്പതികളുടെ പരസ്പരസ്നേഹത്തെ മൂത്തിമത്തായി പ്രതിഫലിപ്പിക്കുന്നതിനുള്ള ഒരു ദിവ്യശക്തിയാണു് മനുഷ്യൻെറ ഉല്പാദനശക്തി. നിങ്ങളുടെ ശാസ്ത്രത്തിനു സൃഷ്ടിക്കുവാനോ, നശിപ്പിച്ചാൽ പരിഹരിക്കാനോ കഴിയാത്ത ആ അമൂല്യശക്തിയെ, ശസ്ത്രക്രിയയാൽ നിർമ്മൂലനംചെയ്യുന്നതു് നിങ്ങളുടെ അധികാരപരിധിയെ കവച്ചുവയ്ക്കുന്ന ഒരു പ്രവൃത്തിയല്ലെന്നു പറയാമോ?

ഡോ—മററുള്ളവരുടെ മനഃസാക്ഷിയെ അലട്ടരുതെന്നാണു് ഞങ്ങളുടെ നയം. എന്നാൽ ഇപ്പോൾ എൻെറ മനഃസാക്ഷിക്കും ഇളക്കം തട്ടിയിരിക്കുന്നതായി തോന്നുന്നു. ഏതായാലും എനിക്കു പോകുവാൻ സമയമായി. തല്ക്കാലം നമ്മുടെ സംഭാഷണം നിത്താം.

പാപ്പ—എന്നാൽ അങ്ങനെയാകട്ടെ. ഡോക്ടർ, ഒരു നല്ല ധാമ്മികനിലവാരം ഉണ്ടായിരിക്കുകയാണു് നമുക്കൊരു ക്ഷേമരാഷ്ട്രം കെട്ടിയുയത്തുവാൻ അവശ്യം ഉണ്ടായിരിക്കേണ്ട അസ്ഥിവാരം.

ഡോ—അതാകട്ടെ നിഷേധിക്കുവാൻ സാദ്ധ്യമല്ല. എന്നാൽ ഞാനിറങ്ങട്ടെ. ഗുഡ്മോർണിംഗ്.

പാപ്പ—ഗുഡ്മോർണിംഗ്.

— കർട്ടൻ —

## രംഗം ഒൻപതു്

(നെല്ലിമററത്തു ഭവനത്തിലെ സ്വീകരണമുറി. ഒരു കസേരയും അതിനടുത്തു് ഒരു ടിപ്പോയിമേൽ മുറുക്കാൻപാത്രവും. ചാണ്ടികുഞ്ഞു് കോപിഷ്ടനായി, അല്പം അകലെ നില്ക്കുന്ന തോമ്മാച്ചനെ നോക്കിനില്ക്കുന്നു.)

ചാണ്ടി—എടാ തോമ്മാച്ചാ, നീ എന്തോന്നാ ചെയ്തതു്. നീ കല്ലെറിഞ്ഞു് ആ പുത്തൻപുരയിലെ ബേബിയുടെ നെററി പൊട്ടിച്ചില്ലേ?

തോമ്മാ—അയ്യോ! ഞാനൊന്നും അറിഞ്ഞില്ല!

ചാണ്ടി—നീ ഒന്നും അറിഞ്ഞില്ലല്ലേ! കള്ളം പറയുന്നോ?

തോമ്മാ—ഞാൻ ആരേം ഒന്നും ചെയ്തില്ല.

ചാണ്ടി—ങ്ഹാ! ഞാൻ പുറകേ വന്നതു നീ കണ്ടില്ല അല്ലേ? നിന്നോടു ഞാൻ എത്ര തവണ പറഞ്ഞിട്ടുണ്ടു് കുരുത്തക്കേടൊന്നും കാണിക്കരുതെന്നു്. (ചൂരൽവടി എടുക്കുന്നു) എടാ ഇങ്ങോട്ടു വാ.

(തോമ്മാച്ചൻ പിറകോട്ടു മാറുന്നു.)

ചാണ്ടി—(പൂർവ്വാധികം കോപിച്ച്) നീ പറഞ്ഞാൽ കേൾക്കത്തില്ലേ? നിന്നോട് ഇങ്ങോട്ടു വരാനല്ലേ പറഞ്ഞതു്. (അടുത്തു ചെല്ലുന്നു. തോമ്മാച്ചൻ അണിയറയിലേക്കു് ഓടുന്നു. "നീ അതൃയ്ക്കായോ" എന്നുപറഞ്ഞുകൊണ്ടു് പിന്നാലെ ചെന്നു് തോമ്മാച്ചനെ പിടിച്ചുകൊണ്ടു വരുന്നു) അധികപ്രസംഗീ, നിന്നെയൊരു പാഠം പഠിപ്പിച്ചിട്ടേയുള്ളു.

തോമ്മാ—(ഉച്ചത്തിൽ) അയ്യോ! അമ്മച്ചിയേ! അയ്യോ! എന്നെ തല്ലിക്കൊല്ലുന്നേ. അയ്യോ ഓടിവായോ. എന്നെ കൊല്ലുന്നേ.

(ഏലിക്കുട്ടി ഓടിവരുന്നു)

ഏലി—ഇതെന്തൊരു ക്രൂത്താ? ഇവിടെ കിടന്നുപൊറുക്കാൻ പാടില്ലല്ലോ. അതിനെ കൊല്ലാൻ പോകയാണോ?

ചാണ്ടി—എടീ, അവൻ കാണിച്ച കട്ടായം നീ കണ്ടോ? കല്ലെടുത്തെറിഞ്ഞു് ആ ബേബിയുടെ നെററിപൊട്ടിച്ചു. അതാ ചോരയൊലിപ്പിച്ചുകൊണ്ടു് അവനാ വഴിയിൽ നിൽക്കുന്നു!

ഏലി—ഈ ബേബിയും ക്രൂബിയുമൊക്കെ എന്തിനു് നെററിയുമായി ഇവൻെറ മുൻപിൽ ചെന്നു?

ചാണ്ടി—ങ്ഹാ! അതാണോ നിൻെറ വാദം?

ഏലി—ഓ! വാദിക്കാനും തർക്കിയ്ക്കാനുമൊന്നും എനിയ്ക്കു നേരമില്ല. ആ കുഞ്ഞിനെ അങ്ങു വിട്ടു. (തോമ്മാച്ചനെ ചാണ്ടിക്കുഞ്ഞിൻെറ പിടിയിൽനിന്നു വിടുവിക്കുന്നു) പോ. അകത്തുപോയിരുന്നു് വല്ലതും വായിക്കു്.

(തോമ്മാച്ചനെ തള്ളി അണിയറയിലേക്കു വിടുന്നു.)

ചാണ്ടി— നീയാണു് അവനെ ചീത്തയാക്കുന്നതു്.

ഏലി—ഞാൻ ചീത്തയാകുന്നു. നിങ്ങൾ ഇല്ലാതാകുന്നു. ആകെക്കൂടി ഒന്നല്ലാതുള്ളോ? അതിനെയങ്ങു തല്ലിക്കൊന്നാൽ മുതലെല്ലാം അനിയനെയും അനിയത്തിയെയും ഊട്ടാമല്ലൊ. അതിനിച്ചിരി ചേതമുണ്ട്. ഞാൻ കൊണ്ടുവന്ന മുതലാ ഇതെല്ലാം.

ചാണ്ടി—നിൻെറയൊരു മുതല്! അവരിറങ്ങിപ്പോയിട്ടും നിനക്കു സമാധാനമായില്ലേ? നിനക്കെന്നു സമാധാനമുണ്ടാകും. (ഇരിക്കുന്നു)

ഏലി—(ഭാവം മാറി) പിന്നെ എനിക്കൊരു കാര്യം പറയാനുണ്ടായിരുന്നു.

ചാണ്ടി—ഉം?

ഏലി—എനിക്കൊരു നല്ല സാരി വേണം.

ചാണ്ടി—നിൻെറ പെട്ടിയിലിരിക്കുന്നതെല്ലാം മോശപ്പെട്ടതാണോ?

ഏലി—ദേ, തുടങ്ങി ഒരു കിണ്ണാരച്ചോദ്യം! അതുവല്ലതും ഇക്കാലത്ത് പുറത്തെടുക്കുവാൻ കൊള്ളുമോ? എനിക്കിങ്ങനെയൊരു ആന്ത്രന്നോനെ കിട്ടിയല്ലോ. (തലതിരിച്ച് ആത്മഗതമായി) ഒരു പഴഞ്ചൻ!

ചാണ്ടി—(ചാടി എണീററ്) അമ്പടീ പരിഷ്ക്കാരി. നിനക്കിനി ഏതു മോഡലാ വേണ്ടതു്?

ഏലി—ഓ! അത്ര ചാടുകയൊന്നും വേണ്ടാ. ആ വടക്കേതിലെ തങ്കമ്മയുടെ മാതിരി ഒരു സാരി വാങ്ങിച്ചാൽ മതി.

ചാണ്ടി—ഓഹോ! ഇപ്പം മനസ്സിലായി. നിനക്കു നൈലോൺ സാരിവേണം.....എടീ അസത്തെ.....വയസ്സു നാല്പതു കഴിഞ്ഞല്ലോ. നീ ഈ കുടുംബം വെളുപ്പിക്കാനാ വലത്തുകാലുംവച്ച് നെല്ലിമററത്തേക്കു കയറിയതു്.

(കോപിച്ച് ഇറങ്ങിപ്പോകുന്നു. ഏലിക്കുട്ടി അല്പനേരം ചാണ്ടി കുഞ്ഞു പോയ വശത്തേക്കു നോക്കിനില്ക്കുന്നു.)

ഏലി—ഈ കാട്ടുജാതിക്കാരുടെ കൂട്ടത്തിൽ ഞാൻ വന്നു കപ്പെട്ടല്ലോ. എന്റെ തലേവിധിതന്നെ. (ആരോ വരുന്നതു കണ്ട മട്ടിൽ) അതാ, ആ മൂതുക്കനും വലിഞ്ഞു കയറിവരുന്നുണ്ട്. (പോകുന്നു)

(ചെറിയാച്ചൻ ഒരു വടിയും കുത്തിപ്പിടിച്ചു കയറിവരുന്നു. അവശനായ മട്ടിൽ കസേരയിൽ ഇരിക്കുന്നു.)

ചെറി—ഏലീ .. .....

(ഉത്തരമില്ല)

ഏടീ ഏലീ.

(ഉത്തരമില്ല)

ഏടീ ഏലിപ്പെണ്ണേ.

ഏലി—(അണിയറയിൽനിന്ന് ആത്മഗതമെന്നോണം) ഏലീ! ഏലീ! ഏതു് ഏലിയാണു് വിളികേൾക്കുന്നതെന്നു കാണട്ടെ.

ചെറി—(കുറച്ചുകൂടി ഉച്ചത്തിൽ) ഏലിക്കുട്ടീ.

ഏലി—(അകത്തുനിന്നു്) എന്തോ?

ചെറി—നീ ഈ വശത്തേക്കൊന്നു വന്നേ.

(ഏലി കൈയിൽ ഒരു തവിയുമായി പ്രവേശിക്കുന്നു.)

ഏലി—എന്താ അപ്പാ?

ചെറി—നിന്നെ ഞാൻ എത്ര നേരമായി വിളിക്കാൻ തുടങ്ങിയിട്ട്. എന്താ നിന്റെ ചെവി പൊട്ടിപ്പോയോ?

ഏലി—(സദസ്സിനോട്) ഉം. തുടങ്ങി. ഇനി കാര്യം പറയത്തില്ല. (ചെറിയാച്ചന്റെ നേരെ തിരിഞ്ഞു്) എന്നെ വിളിക്കയായിരുന്നുവെന്നു് ഞാൻ വിചാരിച്ചില്ല.

ചെറി—എടീ, ആ ചാണ്ടിക്കുഞ്ഞ് എങ്ങോട്ടുപോയി.

ഏലി—എന്നോടെന്തിനാ ചോദിക്കുന്നതു്? മകൻ അപ്പനോടു പറഞ്ഞിട്ടല്ലേ പോയതു്?

ചെറി—(സദസ്സിനോടു്) കണ്ടോ, കണ്ടോ അവൾ എങ്ങനെയാ ചോദിക്കുന്നതിനു് ഉത്തരം പറയുന്നതെന്നു്. (ഏലിയോടു്) നിൻെറ നാക്കിൻെറ ദോഷംകൊണ്ടാടീ ഈ വീട്ടിലൊരു സമാധാനവുമില്ലാത്തതു്.

ഏലി—(സദസ്സിനോടു്) തൗതാരിക്കാനാ വിളിച്ചതെങ്കി അവിടെക്കെടന്നു തൗതാരിക്കു്. ഞാനെൻെറ ജോലിക്കു പോണു. (പോകുന്നു)

ചെറി—എടീ ഏലി.

(ഉത്തരമില്ല)

ഏലിക്കുട്ടി.

(ഏലി വീണ്ടും വരുന്നു)

ഏലി—എന്താ?

ചെറി—നീ എന്താടീ ഓടിപ്പോയ്ക്കളഞ്ഞതു്?

ഏലി—വിളിച്ചിട്ടു കാര്യം പറയാതിരുന്നാൽ പിന്നെ ഞാനെന്തുചെയ്യണം. എനിക്കു് അടുക്കളെയിൽ ജോലിയുണ്ടു്.

ചെറി—(മുറുക്കാൻപെട്ടി കാണിച്ചുകൊണ്ടു്) ദേ, ഇതിനകത്തു് ഒട്ടും പുകയിലയില്ല. കുറച്ചു പുകയില വാങ്ങിപ്പിക്കണം.

ഏലി—ആ വേലു വെളിയിലേക്കു പോയിരിക്കുകയാ. അവൻ വരുമ്പം കടയിൽവിട്ടു വാങ്ങിപ്പിക്കാം.

ചെറി—അവൻ വരുന്നതിനു താമസിക്കും. അതുവരെ എനിക്കു മുറുക്കണ്ടേ? ഇന്നു നേരം വെളുത്തിട്ടു് ഒന്നു നല്ല

വണ്ണം മുറുക്കിയില്ല. ആ തോമ്മാച്ചൻ അകത്തില്ലേ. അവനെ വിട്ട് കുറച്ചു പുകയില വാങ്ങിപ്പിക്ക്.

ഏലി—അവൻ അകത്തിരുന്ന് വായിക്കയോ. അവൻ പോകത്തില്ല; അവന്ന് നാളെ പരീക്ഷയാ.

ചെറി—പരീക്ഷ! അവൻെറയൊരു പരീക്ഷ! വായനയുടെ കുറ്റതല്യകൊണ്ടാ അവൻ ആണ്ടുതോറും തോക്കുന്നത്.

(തോമ്മാച്ചൻ ഒരു വണ്ടിയുരുട്ടിക്കൊണ്ടു വരുന്നു.)

ചെറി—ഇതാണോ പരീക്ഷയ്ക്കെഴുതാൻ പഠിക്കുന്ന മകൻ?

ഏലി—(തോമാച്ചനോടു കോപിച്ച്) എടാ നിനക്കു പരീക്ഷയല്ലേ? പഠിക്കുന്നതിനു പകരം വണ്ടിയുരുട്ടുകയാണോ?

തോമ്മാ—പരീക്ഷയെല്ലാം ഇന്നലെക്കൊണ്ടു തീർന്നു. ഓണമവധി തുടങ്ങിയിരിക്കയാ.

ഏലി—എന്നിട്ടു വീട്ടിനകത്താണോ വണ്ടിയുരുട്ട്?

തോമ്മാ—ഞാൻ വണ്ടി സ്റ്റാർട്ടുചെയ്ത് പുറത്തേക്കു പോകയാ. (വണ്ടി ഓടിച്ചുകൊണ്ടു പോകുന്നു)

ചെറി—അവനും സ്റ്റാർട്ടുചെയ്തു പഠിക്കട്ടെടീ. (കോട്ടുവായിട്ട്) എനിക്കു കുടിക്കുവാൻ വല്ലതും എടുത്തുകൊണ്ടു വാ.

ഏലി—പച്ചവെള്ളം മതിയോ?

ചെറി—(വയറു തടവിക്കൊണ്ട്) പച്ചവെള്ളം കുടിച്ചാൽ വായു ഭിന്നിക്കും. കുറച്ച് ഓവൽടിൻ തയാറാക്കിക്കൊണ്ടു വാ.

ഏലി—ഇപ്പോൾ അടുപ്പൊന്നും ഒഴിഞ്ഞതില്ല. കുറച്ചു നേരം കഴിയട്ടെ.

ചെറി – (കോപിച്ച്) എടീ, നീ എന്താടി ഈ അട്ടപ്പത്തെല്ലാം വച്ചു പുഴങ്ങി മുടിക്കുന്നതു്? എനിക്കല്ലെം ഓവൽടിൻ ചൂടാക്കാൻ നിനക്കുട്ടപ്പിഌേ? എടീ ആ അട്ടപ്പും, നീ പുഴങ്ങുന്നതുമെല്ലാം ഞാൻ വേലചെയ്തുണ്ടാക്കിയതാണെന്നു നിനക്കറിയാൻമേലേ.

ഏലി – ഒണ്ടൊണ്ടു്! എൻെറ സ്ത്രീധനം കൊണ്ടുവന്നു് ഈ വസ്തുവിൻെറ കടം വീട്ടിയില്ലായിരുന്നുവെങ്കിൽ ഇപ്പം കാണാമായിരുന്നു അപ്പനും മക്കളും പെരുവഴിയിൽ കിടക്കുന്നതു്?

ചെറി – (എഴുന്നേല്ക്കുന്നു) എന്തെടീ നീ പറഞ്ഞതു്? നിൻെറ മുതലുകൊണ്ടാണോ ഞാൻ കഴിയുന്നതു്?

ഏലി – പിന്നല്ലാണ്ടു്. നിങ്ങടെ മൊതലുകൊണ്ടായിരിക്കും ഞാൻ കഴിയുന്നതു്.

ചെറി – എടി മൂശ്ശേട്ടേ! നിൻെറ സ്ത്രീധനമാണെന്നു പറഞ്ഞാണോ നീ ഇതെല്ലാം മുടിച്ചു തേച്ചുകഴുകുന്നതു്? ങ്ഹാ! വായാടീ! നീതന്നെ ഇവിടെ പൊറുത്തോ. ആ കളിയൊന്നു കാണട്ടെ. (പോകുന്നു)

ഏലി – (കൊഞ്ഞനം കാണിച്ചുകൊണ്ടു്) അങ്ങോട്ടു ചെന്നോക്കട്ടെ. എന്നെ ആരും പേടിപ്പിക്കാൻ വരണ്ട.

(കുറച്ചു നേരം ചെറിയാച്ചൻ പോയ വശത്തേക്കു നോക്കി നില്ക്കുന്നു.)

ഏലി – പെട്ടിതുറന്നെല്ലാം കെട്ടിപ്പെറുക്കിക്കൊണ്ടു പോകുവാ. കൊണ്ടുചെല്ലട്ടെ. അവനവൻ്റാനത്തെ പോക്കാണു്. (സദസ്സിനെ നോക്കി) വയസ്സാകുമ്പോൾ മനുഷ്യർക്കു പിരാന്താണു്. (പോകുന്നു)

(കുറച്ചു സമയം കഴിയുമ്പോൾ ഇടിക്കുള പ്രവേശിക്കുന്നു)

ഇടി – ഇവിടാരുമില്ലേ? (വീട്ടിനുള്ളിലേക്കു നോക്കിയിട്ടു്) ചാണ്ടിക്കുഞ്ഞേ, ചാണ്ടിക്കുഞ്ഞേ. (അല്പം കഴി

ഞ്ഞു്) ചെറിയാച്ചാ, ചെറിയാച്ചാ: (പിന്നെയും) തോമ്മാച്ചാ, തോമ്മാച്ചാ. ഇവരെല്ലാംകൂടി എവിടെപ്പോയി! ഏലി, ഏലി.

(ഏലി കോപാവിഷ്ടയായി പ്രവേശിക്കുന്നു)

ഏലി – ഏലീ, ഏലീ! ഏതു മലവേടനാ ഇവിടെ ഏലിയെ തിരക്കി വന്നിരിക്കുന്നതു്.

(ഇടിക്കുള ഇളഭ്യനായി തലയിൽ കൈ തടവിക്കൊണ്ടു നില്ക്കുന്നു.)

ഏലി – എടോ, ഞാൻ തന്റെ കെട്ടിയോളോ, വേലക്കാരിയോ ആണോ 'ഏലീ, ഏലീ' എന്നു വിളിക്കാൻ.

ഇടി – ക്ഷമിക്കണം ഏലിക്കുട്ടി, ഓർക്കാതെ വിളിച്ചുപോയതാ.

ഏലി – ക്ഷമിക്കണം! ക്ഷമിച്ചു ക്ഷമിച്ചു് ഞാൻ മടുത്തു. ഇനി ഞാൻ എല്ലാവരേയും ഒന്നു ക്ഷമ പഠിപ്പിച്ചിട്ടേയുള്ളൂ.

ഇടി – എന്നാ അങ്ങനെയാട്ടെ. ഞാനും പഠിക്കാം. (വളരെ വിനത്തോടെ) ഏലിക്കുട്ടിയേ, പിന്നെ ചെറിയാച്ചൻ എങ്ങോട്ടു പോയി.

ഏലി – ചെറിയാച്ചൻ എന്നോടു പറഞ്ഞിട്ടാണോ പോവുകയും വരികയും ചെയ്യുന്നതു്?

ഇടി – അല്ല, ഒരല്ല അത്യാവശ്യകാര്യമുണ്ടായിരുന്നു. അത്യാവശ്യമായിട്ടു് ഒരു 15 രൂപാ വേണ്ടിയിരുന്നു.

ഏലി – അതിനു ഞാനെന്തു വേണം!

ഇടി – (തല ചൊറിഞ്ഞുകൊണ്ടു്) അല്ല, ഏലിക്കുട്ടി നിരുവിച്ചാലും 15 രൂപായുണ്ടാകും.

ഏലി – താൻ എന്നോടു രൂപാ ചോദിക്കാനല്ലല്ലോ വന്നതു്. താൻ പോയി തന്റെ മുതലാളിയോടുതന്നെ

ചോദിക്കു്. ഏലിക്കുട്ടിയെ വെലവെയ്ക്കുന്നവരു് ഏലിക്കുട്ടിയുടെ വിലയറിയും. താൻ പോയി അതു പഠിക്കു്.

(അകത്തേയ്ക്കു പോകുന്നു.)

ഇടി – (തലചൊറിഞ്ഞുകൊണ്ടു്) അരക്ഷിതാവസ്ഥയായല്ലോ.

— കർട്ടൻ —

## രംഗം പത്തു്

(പാപ്പച്ചന്റെ ഭവനം. കുട്ടപ്പൻ ഒരു കസേരയിൽ ഇരുന്നു് അനിൽമോനെ പാട്ടുപാടി കളിപ്പിക്കുന്നു. ഗാനം അവസാനിക്കുമ്പോൾ ചെറിയാച്ചൻ ഒരു വടിയുംകുത്തിപ്പിടിച്ചു് കയറിവരുന്നു. കുട്ടപ്പൻ എണീറ്റു് ഒരു വശത്തേക്കു മാറിനിന്നു് അണിയറയിലേക്കു നോക്കി വിളിക്കുന്നു.)

കുട്ട – ചേട്ടാ, ചേച്ചി, ഇതാ അപ്പച്ചൻ വന്നു.

(ചെറിയാച്ചൻ കസേരയിൽ ഇരിക്കുന്നു. പാപ്പച്ചനും പിറകെ ലീലാമ്മയും പ്രവേശിക്കുന്നു. അത്ഭുതവും സന്തോഷവും പ്രകടിപ്പിക്കുന്നു.)

പാപ്പ – (ഉൽക്കണ്ഠയോടേ) അപ്പച്ചൻ തനിച്ചാണോ വന്നതു്? വളരെ ക്ഷീണിച്ചിരിക്കുന്നല്ലോ. (ലീലാമ്മയോടു്) ഒരു വിശറി എടുത്തുകൊണ്ടുവാ.

(ലീലാമ്മ പോകുന്നു)

ചെറി – (നെടുവീർപ്പിട്ടുകൊണ്ടു്) ക്ഷീണം സാരമില്ല. മക്കളെ, നിങ്ങൾക്കെല്ലാം സുഖമാണോ?

പാപ്പ – ഞങ്ങൾക്കെല്ലാം ഒരുവിധം സുഖംതന്നെ.

ചെറി – ഓ! എന്തു സുഖം! ഇതെല്ലാം എൻെറ കാറാം കൊണ്ടുതന്നെ. അതുകൊണ്ടു ഞാനും അനുഭവിച്ചു. ആ ഏലിയെക്കൊണ്ടു സഹികെട്ടിട്ടാ ഞാനിറങ്ങിപ്പോന്നതു്. അവറാം എന്തൊരു ഭയങ്കരി!

(ലീലാമ്മ വിശറി കൊണ്ടുവരുന്നു. പാപ്പച്ചൻ അതു വാങ്ങി ചെറിയാച്ചനെ വീശുന്നു. ലീലാമ്മ വീണ്ടും പോകുന്നു.)

ചെറി – (പുറത്തു തിരുമ്മിക്കൊണ്ടു്) ഇവിടെ ചാരു കസേരയില്ലേ? നടുവിനു വേദന തോന്നുന്നു.

പാപ്പ – ഇല്ലപ്പച്ചാ. അപ്പച്ചൻ അകത്തു കയറി കുറച്ചു നേരം കട്ടിലിൽ കിടക്കുക. അപ്പോറം നടുവിൻെറ അസുഖം മാറും.

ചെറി – വരട്ടെ. കുറച്ചുനേരം കഴിഞ്ഞിട്ടു മതി. ഏതായാലും നീ ചന്തയിൽ പോകുമ്പോൾ ഒരു ചാരുകസേര വാങ്ങിച്ചുകൊണ്ടു വരണം.

പാപ്പ – കൊണ്ടുവരാം. (കുട്ടപ്പനോടു്) കുട്ടപ്പാ, അപ്പച്ചൻ കുളിക്കാൻ കുറച്ചു വെള്ളം ചൂടാക്കാൻ ചേച്ചിയോടു പറയൂ.

(ലീലാമ്മ ഒരു ഗ്ലാസ്സിൽ ഓവൽടിനുമായി പ്രവേശിക്കുന്നു.)

ലീലാ – ഞാൻ വെള്ളം അടുപ്പത്തു വച്ചുകഴിഞ്ഞു. അഞ്ചുമിനിട്ടിനകം ചൂടുപിടിക്കും. (ഗ്ലാസ്സ് ചെറിയാച്ചൻ വച്ചുനീട്ടുന്നു) അപ്പച്ചനിതു കുടിക്കു്. ക്ഷീണം മാറും.

ചെറി – (ഗ്ലാസ്സ് വാങ്ങി രുചിച്ചു നോക്കിയിട്ടു്) ഓവൽടിനോ! എൻെറ മകളെ, നിന്നെ ദൈവം അനുഗ്രഹിക്കും. (മുഴുവൻ കുടിക്കുന്നു. ഗ്ലാസ്സ് തിരിച്ചേല്പിക്കുന്നു.) ഞാൻ ആ ഏലിപ്പെണ്ണിനോടു്, എനിക്കു കുടിക്കാൻ അല്പം ഓവൽടിൻ ചൂടാക്കാൻ പറഞ്ഞപ്പോൾ അടുപ്പൊ

ഴിഞ്ഞതില്ലെന്നാണ് അവൾ പറഞ്ഞത്. അതും കേട്ടു കൊണ്ടാണ് ഞാനിറങ്ങിപ്പോന്നത്. ഞാൻ വിളിച്ചാൽ അവൾ കൂട്ടാക്കത്തില്ല. എനിക്കല്ലും പുകയില വാങ്ങിക്കാൻ ആളില്ല. അവൾ പറയുന്നത് അവളുടെ സ്ത്രീധനത്തിന്മേലാണ് ആ വീടും പുരയിടവും നില്ക്കുന്നതെന്നാണ്. അവൾ അവളുടെ സ്ത്രീധനവുമായി ആ കുടുംബത്ത് കാലുവച്ചതുതന്നെ മുടിക്കാനാണ്. അല്ല, എന്തിന ഞാൻ മററുള്ളവരെ കുററം പറയണം. എല്ലാം എൻെറ കുററംതന്നെ. (ലീലാമ്മയെ നോക്കിയിട്ട്) മകളെ നിനക്കു സുഖമില്ലായിരുന്നെന്നു കേട്ടല്ലോ. ഇപ്പോൾ എങ്ങനെയിരിക്കുന്നു.

ലീലാ – എനിക്കിപ്പോൾ അസുഖമൊന്നുമില്ലപ്പച്ചാ.

ചെറി – (ദയാപൂർവ്വം നോക്കിയിട്ട്) പാവം കുഞ്ഞ്! മുഖത്തു രക്തമയമില്ല. (പാപ്പച്ചനെ നോക്കി) എടാ പാപ്പച്ചാ, നീ ഇവൾക്കു ഒരു കുപ്പി ദശമൂലാരിഷ്ടം വാങ്ങിച്ചുകൊടുക്കണം. അതു കുടിക്കുമ്പോൾ അവളുടെ വിളർച്ചയെല്ലാം മാറും.

പാപ്പ – വാങ്ങിച്ചു കൊടുക്കാൻ മനസ്സില്ലാഞ്ഞിട്ടല്ലപ്പച്ചാ. കാശിൻെറ ഞെരുക്കംകൊണ്ടാണ്. മരുന്നു വാങ്ങിച്ചതിൻെറ കടംതന്നെ ഇനിയും വീട്ടാൻ കിടക്കുന്നു.

ചെറി – ദൈവാനുഗ്രഹമുണ്ടെങ്കിൽ കാശുണ്ടാകും. (പേഴ്സ് എടുത്തു തുറന്ന് ഒരു 100 രൂപാ നോട്ടു കൊടുക്കുന്നു) ഇതാ 100 രൂപാ. നീ ചെന്ന് ആവശ്യമുള്ളതൊക്കെ വാങ്ങിക്കുക. ഞാൻ അഞ്ചാറു ദിവസം കഴിഞ്ഞിട്ടേ തിരിച്ചുപോകുന്നുള്ളു. ആ നിഷേധി അവിടെ കിടന്നു ഭരിക്കട്ടെ.

ലീലാ – അപ്പച്ചന് എത്ര ദിവസം വേണമെങ്കിലും

ഇവിടെ താമസിക്കാമല്ലോ. വീട്ടിലുള്ളതുപോലുള്ള സൗകര്യങ്ങൾ ഇവിടെ ഇല്ലാത്തതിലേ ഞങ്ങൾക്കു സങ്കടമുള്ളു.

ചെറി – എന്തെല്ലാം സൗകര്യമുണ്ടെങ്കിലും സമാധാനമില്ലെങ്കിൽ എന്താ വിശേഷം! എന്നാൽ പാപ്പച്ചാ, നീ ചെല്ലുക. ചാരുകസേര വാങ്ങിച്ചുകൊണ്ടുവരുവാൻ മറന്നുപോകരുതു്. ഇവിടെ നല്ല കാററുണ്ടു്. ഒരു ചാരുകസേരയിട്ടാൽ എനിക്കിവിടെ വല്ലതും വായിച്ചുകൊണ്ടു കിടക്കാം.

പാപ്പ – (വിശറി ലീലാമ്മയുടെ കൈയിൽ കൊടുത്തുകൊണ്ടു്) എന്നാൽ ഞാൻ പോയിട്ടു വരാം.

(വാതില്ക്കലേക്കു നടക്കുന്നു)

ചെറി – അല്ല; നീ ഇങ്ങു വരണം. ഒരു കാര്യംക്രൂടി പറയാനുണ്ടു്.

(പാപ്പച്ചൻ മടങ്ങിവരുന്നു)

പാപ്പ – എന്താണപ്പച്ചാ?

ചെറി – എടാ, നീ പോകുന്നവഴിക്കു് ആ കൺട്രാക്ടർ പൈലി ഇങ്ങോട്ടൊന്നു വരാൻ പറയണം. നിനക്കു പാക്കാൻ തക്ക ഒരു വീടു് ഈ പുരയിടത്തിൽ നമുക്കു പണിയിക്കണം. അതേപ്പററി അയാളോടു് ഒന്നു ആലോചിക്കാനാണു്.

പാപ്പ – വളരെ ഉപകാരം. ഞാൻ അയാളെ ക്രൂട്ടിക്കൊണ്ടു വരാം.

(പാപ്പച്ചൻ പോകാനായി തിരിയുമ്പോൾ കുഞ്ഞിനെ എടുത്തുകൊണ്ടു് അകലെ മാറിനിന്നിരുന്ന കുട്ടപ്പൻ അടുത്തുവരുന്നു)

കുട്ട – (പാപ്പച്ചനോടു്) അനിൽമോനു് മുട്ടായി വാങ്ങിച്ചുകൊണ്ടു പോരാൻ മറന്നുപോകരുതു്.

പാപ്പ – (ചിരിച്ചുകൊണ്ടു്) ഒരിയ്ക്കലുമില്ല. നിനക്കൊന്നും വേണ്ടേ?

കുട്ട – എനിക്കിപ്പം ഒന്നും വേണ്ടാ. ഞാൻ പിന്നെ പറഞ്ഞുകൊള്ളാം.

പാപ്പ – അങ്ങനെയാവട്ടെ. (പോകുന്നു)

ചെറി – (കുട്ടപ്പനോട്) എടാ, നീ മോനെയിങ്ങു കൊണ്ടുവരൂ. (കുട്ടപ്പൻ കുഞ്ഞിനെ അടുത്തുകൊണ്ടുവരുന്നു)

ചെറി – (കുഞ്ഞിൻെറ നേരെ കൈനീട്ടിക്കൊണ്ട്) മോനെ, നീ വല്യപ്പനെ അറിയുമോ? ഇങ്ങുവാ. വല്യപ്പന് ഒരുമ്മതാ.

ലീലാ – (കുഞ്ഞിനോടായിട്ട്) മോൻെറ വല്യപ്പച്ചനാം ഒരു പഞ്ചാരയുമ്മ കൊടുക്ക്.

(ചെറിയാച്ചൻ കുഞ്ഞിനെ വാങ്ങിച്ച് മടിയിരുത്തി താലോലിക്കുന്നു)

ചെറി – മോൻ മിടുക്കനാണ്. വല്യപ്പച്ചനൊരുമ്മ താ. മുട്ടായി തരാം. (മുഖത്തോടു ചേർത്തുപിടിച്ചു ചുംബിക്കുന്നു) ലീലാമ്മേ, വീശിയതു മതി. നീ പോയി വെള്ളം ചൂടായോന്നു നോക്കിയിട്ടു വാ. ഞങ്ങടം അനിൽമോനോടുകൂടി ഇവിടെ ഇരുന്നുകൊള്ളാം.

(ലീലാമ്മ പോകുന്നു. ചെറിയാച്ചൻ കുഞ്ഞിനെ മടിയിൽ വച്ചുകൊണ്ടിരിക്കുന്നു. കുട്ടപ്പൻ പാട്ടുപാടി കൈകൊട്ടി നൃത്തം ചെയ്ത് കുഞ്ഞിനെ കളിപ്പിക്കുന്നു. നൃത്തം കഴിയുമ്പോൾ ലീലാമ്മ മടങ്ങി വരുന്നു.)

ലീലാ – അപ്പച്ചാ, വെള്ളം ചൂടായി. അപ്പച്ചൻ വന്നു കുളിക്ക്.

(ചെറിയാച്ചൻ കുഞ്ഞിനെ കുട്ടപ്പൻെറ കൈയിൽ കൊടുത്തിട്ട് പോകുന്നു. ലീലാമ്മയും പിന്നാലെ മൂളിപ്പാട്ടും പാടി കുട്ടപ്പനും അണിയറയിലേക്കു പോകുന്നു. അല്പം കഴിയുമ്പോൾ ഇടിക്കുള സംഭ്രമഭരിതനായി പ്രവേശിക്കുന്നു.)

ഇടി – (രണ്ടാംമുണ്ടുകൊണ്ടു വീശിക്കൊണ്ട്) പാപ്പച്ചാ; പാപ്പച്ചാ! ..... പാപ്പച്ചനിവിടെയില്ലേ?

(കുട്ടപ്പൻ പ്രവേശിക്കുന്നു. ഇടിക്കുളയുടെ പരിഭ്രമം കണ്ടു് അവനും പരിഭ്രമം ഭാവിക്കുന്നു)

കുട്ട – എന്താ, എന്താ, ഇടിക്കളച്ചേട്ടാ?

ഇടി – പാപ്പച്ചനിവിടെയില്ലേ?

കുട്ട – ഇല്ലല്ലോ. എന്തുപററി ഇടിക്കളച്ചേട്ടാ?

ഇടി – ചെറിയാച്ചനെ കാണാനില്ല.

കുട്ട – അയ്യോ! ചെറിയാച്ചനെ കണ്ടില്ലേ?

ഇടി – രാവിലെ വീട്ടിൽനിന്നു് ഇറങ്ങിപ്പോയിപ്പോലും. ഇതുവരെ തിരിച്ചെത്തിയില്ല.

കുട്ട – രാവിലെ ഇറങ്ങിയിട്ടു് ഇതുവരെയും വന്നില്ലെന്നോ?

ഇടി -- ചാണ്ടിക്കുഞ്ഞും ഞാനും ഇനി ഒരു സ്ഥലത്തും തിരക്കാനില്ല.

കുട്ട – അയ്യോ, ഇനി ഒരിടത്തും തിരക്കാനില്ലേ? ഇനി പിന്നെഎന്തുചെയ്യും?

(ഇടിക്കുള മിണ്ടാതെ നിൽക്കുന്നു)

കുട്ട – കോട്ടയത്തന്വേഷിച്ചോ, കോഴിക്കോട്ടന്വേഷിച്ചോ, കോഴഞ്ചേരിയിലന്വേഷിച്ചോ, കെയിലാണ്ടിയിലന്വേഷിച്ചോ?

ഇടി – (കോപിച്ചു്) എടാ, പരട്ടേ, നീ എന്നെ ക്രാസ്സുചെയ്കയാണോ?

ചെറി – (അണിയറയിൽനിന്നു്) അതാരാ, ഇടിക്കുളയാണോ?

ഇടി – അല്ല, ചെറിയാച്ചൻ ഇവിടെയുണ്ടായിരുന്നോ? എന്നിട്ടു് ഈ കുരുത്തംകെട്ടവൻെറ പേപ്പിടി കേട്ടില്ലേ?

കുട്ട – ഇങ്ങോട്ടു വന്നോ എന്ന് എന്നോടു ചോദിച്ചില്ലല്ലോ.

ഇടി – നല്ലോരു കാര്യം. ഇങ്ങോട്ടു ചെറിയാച്ചൻ പോരുമെന്ന് ഞാൻ ഉറക്കത്തിൽപോലും വിചാരിച്ചില്ലല്ലോ.

— കർട്ടൻ —

## രംഗം പതിനൊന്ന്

(നെല്ലിമററത്തു ഭവനം. ഒരു മേശയും കസേരയും. തോമ്മാച്ചൻ സ്കൂളിൽ പോകാനൊരുങ്ങി പുസ്തകങ്ങളുമായി പ്രവേശിക്കുന്നു. അമ്മയെ അന്വേഷിച്ച് അണിയറയിലേക്കും മററും നോക്കുന്നു.)

തോമ്മാ – (അക്ഷമനായി വിളിക്കുന്നു) അമ്മച്ചീ!...... (കുറച്ചുകൂടി ഉച്ചത്തിൽ) അമ്മച്ചിയേ!...... ഈ അമ്മ ഇപ്പോഴെവിടെപ്പോയി? എനിക്കൊരു നോട്ടുബുക്കു വാങ്ങാൻ കാശുവേണം. (ദൂരത്തേക്കു നോക്കിയിട്ട്) അതാ ആ വേലിയ്ക്കൽ പോയി വർത്തമാനം പറഞ്ഞുകൊണ്ടു നില്ക്കുന്നു. (പിന്നെയും വിളിക്കുന്നു) അമ്മച്ചിയേ!... ..

ഏലി – (അണിയറയിൽനിന്ന് കുപിതയായി) എന്താടാ നീ അവിടെക്കിടന്നു വലിച്ചുകീറുന്നത്? നിന്നെ വല്ലവരും കെട്ടിയെടുത്തുകൊണ്ടു പോകാൻ വരുന്നോ?

തോമ്മാ – അമ്മയിപ്പം വേഗമിങ്ങോട്ടു വന്നേ.

ഏലി – ഇപ്പം മനസ്സില്ലെങ്കിലോ?

തോമ്മാ – (കോപത്തോടും താപത്തോടും നിലവിളിക്കു ന്ന മട്ടിൽ തുള്ളിക്കൊണ്ടു്) മനസ്സില്ല! മണി പത്തുകഴി ഞ്ഞു. നോട്ടുബുക്കു കൊണ്ടുചെന്നില്ലെങ്കിൽ ആ കാഷണ്ടി ത്തലയൻ ക്ലാസ്സിൽ കയററുകയില്ല. ഈ അമ്മ ഇങ്ങോ ട്ടു വരികയുമില്ല. (കരയുന്നു)

ഏലി – (പ്രവേശിച്ചു്) എന്താടാ, നീ ഇവിടെ കിടന്നു നാഗസ്വരം വായിക്കുന്നതു്?

തോമ്മാ – അമ്മ എത്ര നേരമായി, ആ കോങ്കണ്ണി മറി യയുമായി വത്തമാനിക്കാൻ തുടങ്ങീട്ടു്. ഞാൻ എത്രനേര മായി വിളിക്കുന്നു.

ഏലി – അതിൻ നിനക്കെന്താ വല്ല നഷ്ടവുമുണ്ടോ?

തോമ്മാ – എനിക്കു പള്ളിക്കൂടത്തിൽ പോകണ്ടേ?

ഏലി – നിന്നെ ഞാൻ പിടിച്ചു കെട്ടിയിട്ടുണ്ടോ?

തോമ്മാ – എനിക്കൊരു നോട്ടുബുക്കു വാങ്ങിക്കാൻ കാ ശുവേണം.

ഏലി – നിൻെറ അപ്പനോടു ചെന്നു ചോദിക്കു്.

തോമ്മാ – അച്ചാച്ചനെവിടെ പോയി?

ഏലി – നിൻെറ അമ്മയോടു ചെന്നു ചോദിക്കു്.

തോമ്മാ – പിന്നെ ആരോടാ ഞാൻ ചോദിക്കുന്നതു്.

ഏലി – തെമ്മാടീ! എന്നോടു തക്കുത്തരം പറഞ്ഞാലു ണ്ടല്ലോ. എത്ര കാശു വേണമെടാ?

തോമ്മാ – ഒരു രൂപാ.

ഏലി – ഒരു ബുക്കിനു് ഒരു രൂപായോ?

തോമ്മാ – എന്നാൽ പിന്നെ എത്രയാ? അമ്മ തന്നെ പറ.

ഏലി – (നാണയം വച്ചുനീട്ടിക്കൊണ്ടു്) ഇതാ പന്ത്രണ്ടണ. ആ അസ്സീസി പ്രസ്സിൽ ചെന്നു നോട്ടുബുക്ക വാങ്ങിയ്ക്കു്. കുറഞ്ഞ വിലയ്ക്കു കിട്ടും.

തോമ്മാ – (വാങ്ങിച്ചുകൊണ്ടു്) നാലണകൂടി വേണം.

ഏലി – എന്തിന്.

തോമ്മാ – ഫൈൻ. ചോദിച്ചപ്പഴേ തരാഞ്ഞതിന്.

ഏലി – (കയത്തുകൊണ്ടു്) എന്തു പറഞ്ഞെടാ അധികപ്രസംഗി! നീ എനിക്ക ഫൈനിടുന്നോ?

(അടിയ്ക്കാൻ കൈയോങ്ങുന്നു)

തോമ്മാ – എന്നല്ല ഞാൻ പറഞ്ഞതു്. ചോദിച്ചപ്പഴേ തരാഞ്ഞതുകൊണ്ടു് ലയിററായി. ഇനി ഫൈൻ കൊടുക്കാതെ ക്ലാസ്സിൽ കയററുകയില്ല.

ഏലി – കയററിയില്ലെങ്കിൽ ഇന്നു ക്ലാസ്സിനു പുറത്തു നിന്നു പഠിച്ചാൽ മതി. പോകുന്നുണ്ടോടാ ഇറങ്ങി. (കൈയോങ്ങുന്നു) നിൻെറ അപ്പൻ കണ്ട മുതലെല്ലാം ഇവിടെ കൂട്ടിവച്ചിരിക്കുന്നു!

(തോമ്മാച്ചനെ പിടിച്ചു തള്ളിവിട്ടിട്ടു് അകത്തേയ്ക്കു പോകുന്നു. ചാണ്ടിക്കുഞ്ഞു് മദ്യപിച്ചു് മത്തനായി പ്രവേശിക്കുന്നു. കൈയിൽ കള്ളു നിറച്ച ഒരു കുപ്പിയുണ്ടു്.)

ചാണ്ടി – അപ്പൻെറ മുതല് – അപ്പൻെറ മുതല് ഞാൻ കുപ്പിയിലാക്കിയിരിക്കയാ – കുപ്പിയിൽ.

(കസേരയിലിരുന്നിട്ടു് കുപ്പി മേശപ്പുറത്തു വയ്ക്കുന്നു)

ചാണ്ടി – (കുപ്പിയെ നോക്കിക്കൊണ്ടു്) തലതെറിച്ച ഒരു ഭാര്യ – അപഹസിക്കുന്ന നാട്ടുകാർ – അവരുടെ ഇട

യ്ക്കു് നീ മാൻ അഭയം – എൻെറ കുഫി ഓമനേ – തങ്ക
ക്കുടമേ!

ഏലി – (അണിയറയിൽനിന്നു്) ഏതു് ഓമന; ഏതു
തങ്കക്കുടം ഇവിടെ?

(ഏലി പ്രവേശിക്കുന്നു)

ഏലി – എന്താ നിങ്ങളീ പറയുന്നതു്?

ചാണ്ടി – നിന്നയല്ലടീ ഞാൻ വിളിച്ചതു്. എൻെറ
ഓമനയെ – ഈ മധുരക്കള്ളുനിറച്ച ഥങ്കക്കുടത്തെ.

ഏലി – (കോപിച്ചു്) അതു് ഈ വീട്ടിൽ കയ
റ്റിയോ?

ചാണ്ടി – ഇതു കൂടാതെ ഞാനെങ്ങനെ ഈ വീട്ടിലും
നാട്ടിലും പൊറുക്കും?

ഏലി – (അടുത്തുവന്നു് കുപ്പിയെടുക്കുവാൻ ഭാവിച്ചു
കൊണ്ടു്) അതിങ്ങുതാ.

ചാണ്ടി – (കുപ്പി എടുത്തിട്ടു്) എന്താ നിനക്കും ഒരു
കോപ്പ വേണമോ? വേണമെങ്കിൽ തരാം. ആട്ടെ അക
ത്തുപോയി കോഴിയിറച്ചിയുണ്ടെങ്കിൽ എടുത്തുകൊണ്ടു
വാ.

ഏലി – ദേ, എന്നെക്കൊണ്ടു വല്ലതും പറയിക്കരുതു്.

ചാണ്ടി – നീ എത്രവേണമെങ്കിലും പറഞ്ഞുകൊള്ളു.

ഏലി – നിങ്ങക്കു നാണമുണ്ടോ, മാനമുണ്ടോ, ഈ
മട്ടിൽ ഇവിടെ കയറിവരാൻ?

ചാണ്ടി – പിന്നെ ഏതു മട്ടിൽ ഞാനെൻെറ നാണവും
മാനവും കാക്കുമെടീ?

ഏലി—(കുപ്പി തട്ടിയെടുത്തിട്ടു്) ഇവിടെ വച്ചു് ഇതു
കുടിക്കാൻ ഞാൻ സമ്മതിക്കയില്ല.

ചാണ്ടി—(ഗൗരവത്തിൽ ഇരുന്നുകൊണ്ടു്) നീ അതു് എന്തു ചെയ്യും?

ഏലി—ഞാനിതു പൊട്ടിക്കും.

ചാണ്ടി—എന്റെ കുപ്പിയുടെ കഴുത്തിലാണു് എന്റെ ജീവൻ. നിന്റെ കഴുത്തുകൊണ്ടു് അതിനു നീ വിലകൊടുക്കേണ്ടി വരും.

ഏലി—അതുതന്നെയൊന്നു കാണട്ടെ.

(കുപ്പി തറയിലെറിഞ്ഞു പൊട്ടിക്കുന്നു.)

ചാണ്ടി—(കുപിതനായി ചാടി എണീക്കുന്നു) നീ എന്തുചെയ്തെടീ? നീ കുപ്പിയുടെ കഴുത്തു പൊട്ടിച്ചോ? (ഏലിയുടെ കഴുത്തിൽ പിടികൂടി ഞെരിക്കുന്നു. ഏലി നിലവിളിക്കുന്നു) നിന്റെ കഴുത്തും ഞാൻ ഞെരിച്ചുടക്കും! (പിടിച്ചു തള്ളുന്നു. ഏലി താഴെ വീഴുന്നു. മേശയുടെ കാലിൽ തട്ടി നെററി പൊട്ടുന്നു. ബോധരഹിതയായി കിടക്കുന്നു) എടീ, ചാണ്ടിക്കുഞ്ഞിനു ചൊണ പോരെങ്കിൽ ചക്കിയുടെ കള്ളിനു ചൊണയുണ്ടു്. (പോകുന്നു)

(പശ്ചാത്തലത്തിൽ ശോകഗാനം. തോമ്മാച്ചൻ തിരിച്ചുവരുന്നു: ഏലി വീണുകിടക്കുന്നതു കാണുന്നില്ല)

തോമ്മാ—അതുതന്നെ സൂത്രം! ഫൈൻ കൊടുക്കാഞ്ഞതുകൊണ്ടു് ക്ലാസ്സിൽ കയററിയില്ലെന്നു് അമ്മയോടു പറയാം. നാലണ കിട്ടിയെങ്കിൽ മുട്ടായി വാങ്ങിക്കയും ചെയ്യാം. അല്ലെങ്കിൽ ഇന്നു പേരയ്ക്കാ പറിക്കാൻ പോകാം. (തിരിഞ്ഞുനോക്കുന്നു. ഏലി കിടക്കുന്നതു കണ്ടു് അത്ഭുതപ്പെടുന്നു) അമ്മ എന്താ ഇവിടെ കിടക്കുന്നതു്? (അടുത്തു ചെല്ലുന്നു) ഇവിടെ കിടന്നാണോ ഉറങ്ങുന്നതു്? അമ്മേ! (അടുത്തിരുന്നു നെററിയിൽ തൊട്ടുനോക്കുന്നു) അയ്യോ! ചോര. അച്ചാച്ചോ! (ഉച്ചത്തിൽ കരഞ്ഞുകൊണ്ടു് പുറത്തേയ്ക്കു് ഓടുന്നു.)

(പശ്ചാത്തലത്തിൽ ശോകഗാനം. അല്പം കഴിഞ്ഞപ്പോൾ പാപ്പച്ചനും ലീലാമ്മയും തോമ്മാച്ചനും സംഭ്രാന്തരായി പ്രവേശിക്കുന്നു. പാപ്പച്ചൻ ഏലിയെ പരിശോധിക്കുന്നു)

പാപ്പ—കുറച്ചു വെള്ളമെടുത്തുകൊണ്ടു വാ.

(ലീലാമ്മ വെള്ളം കൊണ്ടുവരുന്നു. പാപ്പച്ചൻ ഏലിയുടെ മുഖത്തു വെള്ളം തളിക്കുന്നു. ഏലി കണ്ണുതുറക്കുന്നു. അർദ്ധബോധാവസ്ഥയിൽ അപശബ്ദങ്ങൾ പുറപ്പെടുവിക്കുന്നു)

ഏലി—ആരു്? എന്തു്? പാപ്പച്ചനോ? ലീലാമ്മയോ?
(എഴുന്നേല്ക്കാൻ ശ്രമിക്കുന്നു. പാപ്പച്ചനും ലീലാമ്മയും ഏലിയെ താങ്ങിപ്പിടിച്ചെഴുന്നേല്പിക്കുന്നു)

പാപ്പ—അകത്തുപോയി കട്ടിലിൽ കിടക്കുക. ഞാൻ പോയി ഡോക്ടറെ വിളിച്ചുകൊണ്ടു വരാം.

(ഏലിയെ രണ്ടുപേരുംകൂടി താങ്ങിപ്പിടിച്ചുകൊണ്ടു പോകുന്നു. കുറച്ചു കഴിയുമ്പോൾ ചെറിയാച്ചൻ പരിഭ്രമത്തോടേ കയറിവരുന്നു)

ചെറി—എന്തു പററി? എന്തു പിണഞ്ഞു?

(ചെറിയാച്ചൻ അകത്തേക്കു പോകുന്നു. കുറച്ചു കഴിയുമ്പോൾ ചെറിയാച്ചനും പാപ്പച്ചനും മടങ്ങിവരുന്നു)

പാപ്പ—മുറിവിൽക്കൂടി വളരെയധികം രക്തം പോയിട്ടുണ്ടു്. ഉടനെതന്നെ ഡോക്ടറെ വരുത്തണം. ഞാൻ പോകട്ടെ.

ചെറി—അവൾ തനിച്ചു ഭരിച്ചു് ഭരിച്ചു് തല പൊട്ടിച്ചു. ഇനി സംഗതികളെല്ലാം നേരേയാകുന്നതുവരെ, നമുക്കെല്ലാവക്കും ഇവിടെത്തന്നെ താമസിക്കാം.

(പാപ്പച്ചൻ പോകുന്നു)

— കർട്ടൻ —

## ——രംഗം പന്ത്രണ്ടു്——

(രോഗിണിയായ ഏലി ഒരു കട്ടിലിൽ കിടക്കുന്നു. അടുത്തു് ഒരു മേശമേൽ മരുന്നുകുപ്പികൾ. കർട്ടൻ ഉയർന്നുകഴിയുമ്പോൾ, ഏലി ഞരങ്ങിക്കൊണ്ടു് എഴുന്നേററിരിക്കുന്നു.)

ഏലി—(അണിയറയിലേക്കു നോക്കി) തോമ്മാച്ചാ! (ആരും വിളികേൾക്കുന്നില്ല) എടാ, തോമ്മാച്ചാ!

തോമ്മാ—(അണിയറയിൽനിന്നു്, രസിക്കാത്ത മട്ടിൽ) എന്താ?

ഏലി—നീ ഇങ്ങോട്ടൊന്നു വരൂ.

തോമ്മാ—എനിക്കിപ്പം നേരമില്ല.

ഏലി—(കോപത്തോടേ) എടാ, അനുസരണകെട്ടവനെ, നിന്നോടു ഞാനല്ലേ പറഞ്ഞതു് ഇങ്ങോട്ടു വരാൻ.

തോമ്മാ—(പ്രവേശിച്ചുകൊണ്ടു്) ഈ അമ്മയ്ക്കെന്താ ഇപ്പം? ഈ അമ്മയെക്കൊണ്ടു ഞാൻ വിഷമിച്ചല്ലോ?

ഏലി—അധികപ്രസംഗി! ഞാനങ്ങോട്ടെഴുന്നേററു വന്നാലുണ്ടല്ലൊ!

തോമ്മാ—അമ്മ എഴുന്നേററാൽ ഞാനൊരോട്ടം വച്ചുകൊടുക്കും.

ഏലി—നീ ഓടിച്ചെന്നു് ആ പാറുവിനോടു് ഇങ്ങോട്ടൊന്നു വരാൻ പറ. എൻെറ പിടലിയ്ക്കൊന്നു കിഴി വയ്ക്കുവാൻ.

തോമ്മാ—(രസിക്കാത്ത മട്ടിൽ തോളുകൾ ഇളക്കിക്കൊണ്ടു്) ഓ! എനിക്കിപ്പം നേരമില്ല. എൻെറ കുതിര

വണ്ടിയുടെ ചക്രം ഇളകിപ്പോയി. എനിക്കതു നന്നാക്കണം.

ഏലി—(കോപിച്ച്) നിൻെറ കുതിരവണ്ടി! എടാ നിന്നോടു ചെല്ലാനല്ലേ പറഞ്ഞതു്?

തോമ്മാ—എനിക്കിപ്പം മനസ്സില്ലെന്നല്ലേ പറഞ്ഞതു്.

(ലീലാമ്മ ഒരു ഗ്ലാസിൽ മരുന്നുമായി പ്രവേശിക്കുന്നു)

ലീലാ—മോനേ തോമ്മാച്ചാ, സുഖമില്ലാത്ത അമ്മച്ചിയോട്ട് ഇങ്ങനെയാണോ പറയുന്നതു്? (മരുന്നു മേശപ്പുറത്തുവയ്ക്കുന്നു) മോനിങ്ങടുത്തു വന്നേ. ഞാനൊരു കാര്യം പറയട്ടെ. (തോമ്മാച്ചൻ അടുത്തു ചെല്ലുന്നു. ലീലാമ്മ തോമ്മാച്ചൻെറ തലയിൽ തടവിക്കൊണ്ടു്) അങ്ങനെയൊക്കെ പറഞ്ഞു് അമ്മച്ചിയെ വിഷമിപ്പിച്ചാൽ മോൻെറ അമ്മച്ചിയുടെ സുഖക്കേടു കൂടുകയില്ലേ? നല്ല കുട്ടികൾ ഇങ്ങനെയൊന്നും ചെയ്യുകയില്ല.

തോമ്മാ—പിന്നെ കുഞ്ഞുമ്മയൊന്നു നോക്കിക്കെ (അണിയറയിലേക്ക് കൈചൂണ്ടിക്കൊണ്ടു്) എൻെറ കുതിരവണ്ടിയുടെ ചക്രം ഇളകി കിടക്കുന്നതു്. എനിക്കതു ശരിപ്പെടുത്തണ്ടെ?

ലീലാ—അതു കുഞ്ഞമ്മ ശരിപ്പെടുത്തിത്തരാം. അല്ലെങ്കിൽ പള്ളിയിൽ പെരുന്നാളു വരുമ്പോൾ വേറെ നല്ലൊരു വണ്ടി വാങ്ങിച്ചുതരാം.

തോമ്മാ—(സന്തോഷഭാവത്തിൽ) കുഞ്ഞമ്മ വാങ്ങിച്ചു തരുമോ?

ലീലാ—തരാമെന്നല്ലേ പറഞ്ഞതു്?

തോമ്മാ—കിഴക്കേതിലെ ജോസിൻെറ വണ്ടിയെക്കാൾ മുഴുത്ത ഒരു വണ്ടി വാങ്ങിച്ചു തരണം പിന്നെയൊരു പന്തും.

ലീല—തോമ്മാച്ചൻ നല്ല കുട്ടിയായി പെരുമാറിയാൽ- എപ്പോഴും അച്ചാച്ചനേയും അമ്മച്ചിയേയും അനുസരിച്ചു നടന്നാൽ വാങ്ങിച്ചു തരാം.

ഏലി—വേണ്ട; ഈ അനുസരണകെട്ടവന് ഒന്നും വാങ്ങിച്ചുകൊടുക്കരുതു്.

തോമ്മാ—ഞാൻ അനുസരിച്ചുകൊള്ളാം.

ലീലാ—എന്നാൽ ഓടിച്ചെന്നു് പാറുവിനെ വിളിച്ചു കൊണ്ടുവാ.

തോമ്മാ—(ഭാവം മാറി) എനിക്കാ ചീങ്കണ്ണിപ്പാറുവിനെ കാണുന്നതു വെറുപ്പാ.

ലീലാ—(അല്പം കോപിച്ചു്) ചീങ്കണ്ണിപ്പാറുവോ? ഞാൻ തോമ്മാച്ചനോടു പറഞ്ഞിട്ടില്ലേ, ആരെയും ചീങ്കണ്ണി, കോങ്കണ്ണി എന്നൊന്നും വിളിക്കരുതെന്നു്. (തോമ്മാച്ചനെ തള്ളിമാററിയിട്ടു്) എന്നാൽ എനിക്കു തോമ്മാച്ചനുമായി കൂട്ടില്ല. വണ്ടിയുമില്ല, പന്തുമില്ല, മിറായിയുമില്ല.

തോമ്മാ—(അടുത്തു വന്നിട്ടു്) ഇല്ല, ഞാനിനി അങ്ങനെ പറയുകയില്ല. ഒരിക്കലും പറയുകയില്ല.

ലീലാ—എന്നാൽ ഓടിച്ചെല്ലു്.

തോമ്മാ—വണ്ടിയും പന്തും വാങ്ങിച്ചുതരുമല്ലോ?

ലീലാ—തരാമെന്നല്ലേ പറഞ്ഞതു്. ഓടിച്ചെല്ലു്.

(തോമ്മാച്ചൻ പോകുന്നു. ലീലാമ്മ മരുന്നെടുത്തു് ഏലിയ്ക്കു കൊടുക്കുന്നു)

ലീലാ—മരുന്നിൻെറ ചൂടാറി. ജ്യേഷ്ഠത്തി ഇതു കുടിക്കു്.

(ഏലി വാങ്ങിച്ചു കുടിച്ചുകൊണ്ടു് നെടുവീർപ്പിടുന്നു)

ഏലി—പാപ്പച്ചനെവിടെപ്പോയി? ഇന്നവനെ ഇവിടെയെങ്ങും ഞാൻ കണ്ടില്ലല്ലോ?

ലീലാ—എറണാകുളത്തു പോയിരിക്കയാണു്. ഇന്നലെ ഡോക്ടർ ജ്യേഷ്ഠത്തിക്കു നിർദ്ദേശിച്ച മരുന്നു് ഇവിടത്തെ മരുന്നുകടകളിലെങ്ങും ഇല്ലത്രെ. അതുകൊണ്ടു് അതന്വേഷിച്ചു് എറണാകുളത്തു പോയി. മടങ്ങി വരാൻ സമയമായി. മൂന്നു മണിക്കുള്ള എക്സ്പ്രസ്സിൽ തിരിച്ചുവരേണ്ടതാണു്.

ഏലി—(ലീലാമ്മയെ ദയനീയമായി നോക്കിയശേഷം തൊണ്ടയിടറി) ലീലാമ്മേ!

ലീലാ—എന്താ ജ്യേഷ്ഠത്തി!

ഏലി—ഈ ചേട്ടത്തി നിങ്ങളുടെ ഈ ശുശ്രൂഷയ്ക്കൊന്നും യോഗ്യയല്ല. (കണ്ണു തുടയ്ക്കുന്നു)

(ഇടിക്കുള പ്രവേശിക്കുന്നു)

ഇടി—ഏലി കരയുകയാണോ? (പറഞ്ഞതു തെററിപ്പോയെന്ന ബോധ്യംവന്നു് സംഭ്രമത്തോടെ) അല്ല, ഏലിക്കുട്ടി കരയുകയാണോ? കഴുത്തിലെ വേദന കൂടുതലാണോ?

ഏലി—(തൊണ്ടയിടറി) കഴുത്തിലെ വേദനകൊണ്ടല്ല, ഹൃദയത്തിലെ വേദനകൊണ്ടാണു്.

ഇടി—ഓ! അതു സാരമില്ല. അതൊക്കെ താനെ മാറിക്കൊള്ളും. എനിക്കും ചിലപ്പോഴങ്ങനെയാ - ചങ്കിനകത്തൊരു "ചുളുചുളുപ്പു്". എന്നു വിചാരിച്ചു് എരുമക്കിടാവുപോലെ കിടന്നു കാറാനൊക്കുമോ? നല്ലോരു കാര്യം. അപ്പോൾ കഴുത്തിലെ വേദന എങ്ങനെയിരിക്കുന്നു.

ഏലി—വളരെ കുറവുണ്ടു്.

ഇടി—അതാണു കാര്യം. കാരണം കഴുത്താണു് മർമ്മം. തലയാണു് പ്രധാനമെന്നു പറയും. എന്നാൽ കഴുത്തു പോയാൽ തല എവിടെ കിടക്കും? കഴുത്തു തിരിയുമ്പം തലയും തിരിയും. കഴുത്തു നേരെയാകുമ്പം തലയും നേരേ

യാകും. ആ ചാണ്ടിക്കുഞ്ഞിന്റെ കാര്യംതന്നെ നോക്കണം. ദിവസം ആറു കോപ്പയിൽ കുറയാതെ കുടിച്ചുകൊണ്ടിരുന്ന ആളാണു്. ഏലിയുടെ (തല കുടയുന്നു) അല്ല, ഏലിക്കുട്ടിയുടെ കഴുത്തിനു തിരിച്ചിലുണ്ടായ ആ ദിവസം മുതൽ രണ്ടുമൂന്നു ദിവസത്തേക്കു് കള്ളെന്നല്ല ഒരു തുള്ളി പച്ചവെള്ളംപോലും പുള്ളിക്കാരൻ കുടിച്ചില്ല. അതിൽ പിന്നെ ചാണ്ടിക്കുഞ്ഞിനു് എന്തൊരു മാററമാണുണ്ടായിരിക്കുന്നതു്! ഇതുപോലൊരു മര്യാദരാമൻ ഈ കരയിലുണ്ടോ? നല്ലോരു കാര്യം!

(ചാണ്ടിക്കുഞ്ഞു് തിട്ടക്കത്തിൽ പ്രവേശിക്കുന്നു)

ചാണ്ടി—ലീലാമ്മേ, അപ്പച്ചൻ അകത്തുണ്ടോ?

ലീലാ—ഇല്ല ചേട്ടാ, കുറച്ചുമുമ്പു് പുറത്തേക്കിറങ്ങുന്നതു കണ്ടു.

ചാണ്ടി – പാപ്പച്ചനു് ഒരപകടം പററി. അവനെ ആശുപത്രിയിലേക്കു കൊണ്ടുപോയിരിക്കുകയാണു്.

ലീലാ – (ഉൽക്കണ്ഠയോടെ) എന്തപകടം ചേട്ടാ?

ഏലി, ഇടി: – എന്തു പററി? എന്തപകടം?

ചാണ്ടി – ഒരു ബസ്സപകടം. അവൻ കയറിവന്ന വണ്ടിയും എതിരെ വന്ന ഒരു വണ്ടിയും തമ്മിൽ കൂട്ടിയിടിച്ചു. പാപ്പച്ചനും, മററു പലക്കും പരുക്കു പററി. എല്ലാവരേയും ആശുപത്രിയിലേക്കു കൊണ്ടുപോയി. ഞാനിപ്പോൾ അങ്ങോട്ടു പോകയാണു്. (ലീലാമ്മയോടു്) നീ പോരുന്നെങ്കിൽ വേഗം തയാറായി വരു.

ലീലാ – ഹാ! എന്റെ കർത്താവേ! (അകത്തേക്കു പോകുന്നു)

ഏലി – ഹാ! എന്റെ പാപ്പച്ചാ, ഈ പാപിക്കുവേണ്ടി കഷ്ടപ്പെട്ടതിനു് ഇതാണോ നിനക്കു കിട്ടിയ പ്രതിഫലം?

ഇടി – ദൈവമേ! ആ കുഞ്ഞിനിതു വന്നല്ലോ!

ചാണ്ടി – അവൻ മുൻസീററിലായിരുന്നതുകൊണ്ടു് കണ്ണിനും മുഖത്തുമൊക്കെ സാരമായ പരിക്കു പററിയിട്ടുണ്ടെന്നാണു് കേട്ടതു്.

ഏലി – അയ്യോ, എൻെറ അനുജാ!

ചാണ്ടി – ഇടിക്കുളച്ചേട്ടൻ വരുന്നോ?

ഇടി – ഞാനും വരുന്നു.

ചാണ്ടി – എന്നാൽ വരൂ. (രണ്ടുപേരും പോകുന്നു)

(ലീലാമ്മ പോകാനൊരുങ്ങിവരുന്നു. മറുവശത്തുനിന്നും കുട്ടപ്പൻ പ്രവേശിക്കുന്നു)

ലീലാ – (കണ്ണുനീർ തുടച്ചുകൊണ്ടു്) കുട്ടപ്പാ, കുഞ്ഞു് ഉറങ്ങിക്കിടക്കുകയാണു്. അവനെ നോക്കിക്കൊള്ളണം. ജ്യേഷ്ഠത്തിക്കും വേണ്ടതൊക്കെ ചെയ്തുകൊടുക്കണം.

(പോകുന്നു)

കുട്ട – (അത്ഭുത വിവശനായി) എന്തു പററി ചേച്ചി!

(കുട്ടപ്പൻ, ലീലാമ്മ പോയ വശത്തേയ്ക്കു നോക്കിക്കൊണ്ടു നില്ക്കുന്നു. പിന്നണിയിൽ ശോകഗാനം.)

— കർട്ടൻ —

## രംഗം പതിമ്മൂന്നു്

(ആശുപത്രിയിലെ ഒരു മുറി. പാപ്പച്ചൻ ഒരു കട്ടിലിൽ കിടക്കുന്നു. രണ്ടു കണ്ണും ഒരു കൈയും ബാൻേറജു ചെയ്തിരിക്കുന്നു. ശോകാത്മകമായ ഒരു ഗാനം പശ്ചാത്തലത്തിൽ കേൾക്കാം. അല്പ നേരംകഴിഞ്ഞു് ലീലാമ്മ പ്രവേശിക്കുന്നു)

പാപ്പ – (പദവിന്യാസം കേട്ടു്) ആരാണതു്?

ലീലാ – ഞാൻതന്നെ.

പാപ്പ – ലീലാമ്മയോ? (സാവധാനം എഴുന്നേററിരിക്കുന്നു)

ലീലാ – എന്നെ അങ്ങയ്ക്കു കാണാമോ?

പാപ്പ – കണ്ണുകൾകൊണ്ടു് എനിക്കു് കാണാൻ വയ്യ. എങ്കിലും ഹൃദയംകൊണ്ടു് നിന്നെ ഞാൻ വ്യക്തമായി കാണുന്നുണ്ടു്. എൻെറ കണ്ണിൻെറ കാഴ്ച എനിക്കു തിരിയെ കിട്ടിയില്ലെങ്കിൽതന്നെയും നിൻെറ രൂപം എൻെറ മനസ്സിൽനിന്നു് ഒരിയ്ക്കലും മായുകയില്ല.

ലീലാ—എന്തിനാണിതെല്ലാം പറയുന്നതു്? ഇതു കേൾക്കുമ്പോൾ എനിക്കു ഭയം തോന്നുന്നു. കണ്ണു വച്ചുകെട്ടിയിട്ടു് ഇന്നു് ഏഴു ദിവസമായി. ഇന്നു ഡോക്ടർ വന്നു് ബാൻഡേജു് അഴിച്ചു മാററാമെന്നാണു് പറഞ്ഞതു്. അദ്ദേഹം ഇപ്പോൾ വരുമായിരിക്കും! (അണിയറയിലേക്കു നോക്കിക്കൊണ്ടു്) അതാ, അദ്ദേഹം വന്നുകഴിഞ്ഞു.

(ഡോക്ടർ പ്രവേശിക്കുന്നു)

ഡോ—പാപ്പച്ചാ, ഇപ്പോൾ എങ്ങനെയിരിക്കുന്നു. കണ്ണിൽ വേദന തോന്നുന്നുണ്ടോ?

പാപ്പ—കണ്ണിൽ ഇപ്പോൾ ഒട്ടുംതന്നെ നൊമ്പരം തോന്നുന്നില്ല. (കൈയിലെ ബാൻഡേജു സ്പർശിച്ചുകൊണ്ടു്) ഈ മുറിവു മാത്രം ശരിയായി ഉണങ്ങിയില്ല.

ലീലാ--എങ്കിൽ കണ്ണുകൾ സുഖപ്പെട്ട കാണണം. ഡോക്ടർ, ഇനി ആ ബാൻഡേജ്ജ് അഴിച്ചു മാററരുതോ? ഇന്നു് അഴിച്ചു മാററാമെന്നാണല്ലോ പറഞ്ഞിരുന്നതു്.

ഡോ—ബാൻഡേജു മാററുന്നതിന്ന വിരോധമില്ല. എന്നാൽ അതുകൊണ്ടു് നിങ്ങൾ ഉദ്ദേശിക്കുന്ന ഫലമുണ്ടാകുമെന്നു തോന്നുന്നില്ല.

ലീലാ—(ആശങ്കയോടേ) ഡോക്ടർ, എന്താണങ്ങനെ പറയുന്നതു്?

(മറുപടിയൊന്നും പറയാതെ ഡോക്ടർ ബാൻഡേജ്ജ് അഴിച്ചു മാററുന്നു)

പാപ്പ—ഡോക്ടർ, ഇനി വല്ലതും അഴിച്ചു മാററാനുണ്ടോ?

ഡോ—ഒന്നുമില്ല.

പാപ്പ—എന്നാൽ എനിക്കൊന്നും കാണാൻ കഴിയുന്നില്ലല്ലൊ.

ഡോ—I am sorry. കൃഷ്ണമണികൾ രണ്ടും തകൻന്നുപോയി. അവയുടെ മുറിവുകൾ കരിക്കുന്നതിനല്ലാതെ, കാഴ്ച തിരിയെ നല്കുവാൻ മരുന്നുകൾക്കു കഴിയുന്നതല്ല.

പാപ്പ—(ഉദ്വേഗത്തോടേ) ഇനി മരണംവരെ ഞാൻ കുരുടനായി കഴിയണമെന്നാണോ പറയുന്നതു്?

ഡോ—അല്ലാതെ പിന്നെ എന്തു പറയണമെന്നു് എനിക്കു നിശ്ചയമില്ല.

ലീലാ--എന്തു്? എൻെറ പ്രാണനാഥൻ കുരുടനായിത്തീൎന്നെന്നോ? (കണ്ണുപൊത്തിക്കരയുന്നു) അയ്യോ! എനിക്കിതു കാണുവാൻ വയ്യേ! കത്താവേ! ഞാനിതെങ്ങനെ സഹിക്കും?

പാപ്പ—ഹാ! ദൈവമേ! അവിടുന്നു് ഇതാണോ എനിക്കു വിധിച്ചതു്? എൻെറ ജീവിതപാത മുള്ളുകൾ നിറ

ത്തേതായിരുന്നു. ഇനി അന്ധകാരത്തിലൂടെ ഞാനതു തുടരണമെന്നാണോ?

ലീലാ--ഹാ! എൻെറ അനിൽമോനേ! നിൻെറ അച്ഛാച്ഛൻ......(വിങ്ങിപ്പൊട്ടി കരയുന്നു)

പാപ്പ—ഹാ! എൻെറ പ്രിയമകനേയും പ്രിയതമയേയും എനിക്കിനി ഒരു നോക്കു കാണുവാൻ ഭാഗ്യമില്ലെന്നോ? ദാരിദ്ര്യത്തിലും, യാതനകളിലും ഞങ്ങൾ ഇല്ലവല്ലായ്മകൾ കണ്ടറിഞ്ഞു് സഹകരിച്ചു ജീവിച്ചു. ഹാ! ഇനി ഞങ്ങൾ .... (ഉൽക്കടമായ ദുഃഖത്തോടേ) അയ്യോ! ഡോക്ടർ, നിങ്ങളുടെ ശാസ്ത്രീയ നേട്ടങ്ങൾക്കു് ഇതിനൊരു പ്രതിവിധി ഉണ്ടാക്കുവാൻ കഴിവില്ലേ? യാതൊരു മരുന്നു കൊണ്ടും ഈ അന്ധത മാററുവാൻ സാദ്ധ്യമല്ലേ?

ഡോ—മരുന്നുകൾക്കു സാദ്ധ്യമല്ല. എന്നാൽ.....

ലീലാ—(ആശാഭരിതയായി) എന്നാൽ?

ഡോ—ഒരു അസാധാരണ മാർഗ്ഗം മാത്രം അവശേഷിക്കുന്നുണ്ടെന്നു പറയാം.

ലീലാ: പാപ്പ:—എന്താണതു ഡോക്ടർ?

ഡോ—കേട്ടുപററാത്ത മറെറാരുജോഡി കണ്ണുകൾ ലഭിച്ചാൽ, അതു പാപ്പച്ചൻെറ ഉപയോഗശൂന്യമായ കണ്ണുകളുടെ സ്ഥാനത്തു് ഒട്ടിച്ചു ഫലിപ്പിക്കുവാൻ കഴിഞ്ഞേക്കും.

ലീലാ—വേറെ ഒരു ജോഡി കണ്ണുകളോ? അതു കിട്ടുമോ ഡോക്ടർ?

ഡോ—കിട്ടുവാൻ വിഷമമാണു്. തങ്ങളുടെ കണ്ണുകൾ നേത്രബാങ്കിലേക്കു ദാനംചെയ്തിട്ടുള്ളവരിൽ ആരെങ്കിലും മരിച്ചാലുടൻ അയാളുടെ കണ്ണുകൾ ശസ്ത്രക്രിയ ചെയ്തെടുക്കണം. പക്ഷെ അങ്ങനെയുള്ള ശസ്ത്രക്രിയകൾ നടത്തു

ന്നതിനുള്ള ഏർപ്പാടുകൾ ഇൻഡ്യയിൽ പ്രചാരത്തിൽ വന്നിട്ടില്ല.

ലീലാ—(ആത്മഗതമെന്നോണം) കേടില്ലാത്ത ഒരു ജോഡി കണ്ണുകൾ! (വെളിച്ചത്തിൽ) ഡോക്ടർ, എൻെറ കണ്ണുകൾ എടുത്തു് പാപ്പച്ചന നല്കിക്കൂടെ?

ഡോ—അതു സാദ്ധ്യമാണു്. പക്ഷെ, അതിന നിങ്ങൾക്കു സമ്മതമാണോ?

ലീലാ—സമ്മതമാണു്.

പാപ്പ—ഞാനതിന സമ്മതിക്കുകയില്ല, ഒരിക്കലും.

ഡോ—മാന്യേ, നിങ്ങളുടെ മഹാമനസ്കതയെ ഞാൻ ആദരിക്കുന്നു. പക്ഷേ, മഹാനുഭാവനായ നിങ്ങളുടെ ഭർത്താവു് നിങ്ങളുടെ അഭിപ്രായത്തോടു അനുകൂലിക്കുന്നില്ല. മാത്രമല്ല, അങ്ങനെ ചെയ്താൽതന്നെയും ഒരാൾ വീണ്ടും അന്ധത അനുഭവിക്കേണ്ടിവരുമല്ലോ.

ലീലാ—ഞാൻ അന്ധയായിത്തീന്നാലും അദ്ദേഹത്തിന കാഴ്ചയുണ്ടായിരിക്കണം. അദ്ദേഹമാണു് കുടുംബത്തിൻെറ തല.

പാപ്പ—വേണ്ട, വേണ്ട; നിന്നെ കുരുടയാക്കിയിട്ടു് എനിക്കു കാഴ്ച വേണ്ട.

ഡോ—(വാച്ചിൽ നോക്കിയിട്ടു്) നിങ്ങളിരുവരും അറിവുള്ളവരും ആദർശവാദികളുമാണു്. നിങ്ങൾ ഒരഭിപ്രായൈക്യത്തിൽ എത്തിച്ചേരുവാൻ ശ്രമിക്കുക. എനിക്കുടനെ വേറെ ചില രോഗികളെ സന്ദർശിക്കുവാനുണ്ടു്. ഞാൻ പോയിട്ടു് പിന്നീടു വരാം. (പോകുന്നു)

ലീലാ—നാഥാ, അങ്ങുന്നു് എൻെറ കണ്ണുകൾ സ്വീകരിച്ചു് കാഴ്ചയുള്ളവനായി ജീവിക്കണം.

പാപ്പ—ലീലാമ്മേ, കാഴ്ചനഷ്ടപ്പെട്ടതോടെ ഹൃദയവും എനിക്കു നഷ്ടപ്പെട്ടു എന്നാണോ നീ വിചാരിക്കുന്നതു്?

DHARMARAM COLLEGE LIBRARY, BANGALORE
18064

ലീലാ—ഒരിക്കലുമില്ല. ഹൃദയത്തിൻെറ മൃദുലവികാരങ്ങളെ മാത്രം നാം ഇവിടെ പരിഗണിച്ചാൽ പോരാ. കർത്തവ്യത്തെക്കൂടി കണക്കിലെടുക്കണം. കുടുംബത്തെ നയിക്കാനുള്ളവനായ അങ്ങുന്ന് അന്ധനാണെങ്കിൽ എങ്ങനെ നമുക്ക് മുൻപോട്ടു പോകുവാൻ കഴിയും. അതുകൊണ്ടു് എൻെറ കണ്ണുകൾ സ്വീകരിച്ച് കാഴ്ചയുള്ളവനായി കുടുംബത്തെ നയിച്ചാലും. ഞാൻ അങ്ങയുടെ കരം പിടിച്ച് ജീവിതയാത്ര തുടൻകൊള്ളാം.

പാപ്പ—നിൻെറ അഭിപ്രായം സ്വീകരിക്കുന്നതു് ക്രൂരമായ ഒരു പ്രവൃത്തിയായിരിക്കും. എന്നെക്കൊണ്ടതു സാദ്ധ്യമല്ല. എനിക്കു കാഴ്ചയില്ലെങ്കിലും നിനക്കു കാഴ്ചയുണ്ടു്. നിനക്കു കാഴ്ചയുള്ളതു് എനിക്കുമുള്ളതുപോലെയാണു്. നിൻെറ കണ്ണുകളിൽക്കൂടി ഞാൻ ലോകത്തെ കണ്ടുകൊള്ളാം. അതു മതി.

ലീലാ—പോരാ, അങ്ങു കുടുംബത്തെ പുലർത്തുവാൻ പുറത്തിറങ്ങി പ്രവർത്തിക്കേണ്ടവനാണു്. അങ്ങുന്നു് അന്ധനായി വീട്ടിനുള്ളിൽ കുത്തിയിരുന്നാൽ എങ്ങനെ നമ്മുടെ കുടുംബം മുൻപോട്ടു പോകും?

പാപ്പ—(നെടുവീർപ്പിട്ടുകൊണ്ടു്) ഹാവൂ! ഞാനെന്തുചെയ്യട്ടെ!

ലീലാ—നാഥാ, നമ്മുടെ ഹൃദയമൊന്നാണെങ്കിൽ നമുക്കിരുവർക്കുംകൂടി ഒരു ജോഡി കണ്ണുകൾ മതിയാകും. ആ കണ്ണുകൾ കുടുംബത്തിൻെറ ശിരസ്സായ ഭർത്താവിനാണു് അവശ്യം വേണ്ടതു്.

പാപ്പ—(വികാരാധീനനായി) ഹാ! ദൈവമേ! ലീലാമ്മേ, ഹൃദയമൊന്നാണെങ്കിൽ രണ്ടു കണ്ണുകൾ മതിയെന്നോ? അതെ, അതു ഞാൻ നിഷേധിക്കുന്നില്ല. എങ്കിലും

നിൻെറ കണ്ണുകളിലെ പ്രകാശം കാണുവാൻ കഴിയുന്നില്ലെങ്കിൽ ഞാനെന്തിനു കാഴ്ചയുള്ളവനാകണം? ഹാ! ഇതെന്തൊരു സംഘട്ടനം. എന്തൊരു സമരം .....

(പാപ്പച്ചൻെറ മനസ്സിൽ നടക്കുന്ന വികാരസംഘട്ടനം മുഖത്തും ചേഷ്ടകളിലും പ്രകടമാക്കുന്നു. ലീലാമ്മ കസേരയിൽ കണ്ണുപൊത്തിയിരുന്നു കരയുന്നു. പിന്നണിയിൽ ഒരു ശോകഗാനം.)

* സമരമാണീ ജീവിതം
ക്ഷുഭിതമായൊരു സാഗരം
മാമക ജീവിതത്തോണിയെ
മുക്കുവാൻ മുതിന്നിടുന്നോ?

ഭീരുതതന്നെ പരാജയം
അടരാടുകിൽ നേടുകയായി നാം
നേരിടുകിൽ തിരമാല മാറിടും
ജീവിതവും കരചേന്നീടും.

രണഭൂവിൽ വീണിടുമെങ്കിലും
ജയശ്രീ തൻ മടിയിലമന്നിടാം
ക്രൂശതിൽ തൂങ്ങുമാ ജീവിതം
ജേതാവിൻ വിജയ പതാകതാൻ.

ജീവിതമൊരു സമരം
നിരാശയിലമരാത്തവനമരൻ. (ജീവി...)

* * * *

x ആനയിക്കുക ദിവ്യപ്രകാശമേ!
അഗതിയെ—ആലംബഹീനനെ
അന്ധകാരത്തിലലയുമീ ഏഴയെ. (ആനയി...)

(ശോകസാന്ദ്രമായ സംഗീത നിർഝരി നീണ്ടുനില്ക്കുന്നു. കതകിൽ ആരോ മുട്ടുന്ന ശബ്ദം.)

---

* അഭിനയിക്കുന്നവർ ഈ പദങ്ങൾക്കു യോജിച്ച ഒരു ട്യൂൺ ഉണ്ടാക്കുകയോ അല്ലെങ്കിൽ ഈ ആശയം ഉൾക്കൊള്ളുന്ന ഒരു ഗാനം രചിക്കുകയോ ചെയ്യണം. x ഇവിടെ ട്യൂൺ മാറുന്നു.

ലീലാ—(അണിയറയിലേക്കു നോക്കി) അതാ അച്ചൻ വരുന്നു.

(ഫാദർ ജോൺ പ്രവേശിക്കുന്നു. ലീലാമ്മ എഴുന്നേററു് സ്തുതി ചൊല്ലുന്നു)

അച്ചൻ—ദൈവം നിങ്ങൾക്കു സമാധാനമരുളട്ടെ! ഞാൻ നിങ്ങളോടു സഹതപിക്കുന്നു.

ലീലാ—അച്ചാ, ഡോക്ടർ പറഞ്ഞു...... (കരയുന്നു)

അച്ച—അതെ, ഞാനറിഞ്ഞു. വഴിക്കുവച്ചു് ഞാൻ ഡോക്ടറുമായി സംസാരിച്ചു.

പാപ്പ—ഈ കാഴ്ചയററ നിർഭാഗ്യവാനെ കാണുവാൻ അച്ചനും വന്നോ?

ലീലാ—ഞങ്ങൾ എന്തു പാതകം ചെയ്തിട്ടാണച്ചാ ദൈവം ഞങ്ങൾക്കിതെല്ലാം വരുത്തിയതു്?

അച്ച—ലീലാമ്മയങ്ങനെ ചോദിക്കരുതു്. നിങ്ങൾ വിശേഷിച്ചൊന്നും ചെയ്തില്ല. ദൈവം ഇതൊട്ടു വരുത്തിയതുമല്ല. അവിടുന്നു് ഇതു അനുവദിച്ചെന്നു മാത്രം പറയാം.

ലീലാ—ഹാ! ദൈവമേ!

അച്ച—കണ്ണുകൾക്കു് നല്ല കാഴ്ചയുള്ളവരും കരചരണങ്ങൾക്കു് അണുപോലും വൈകില്യമില്ലാത്തവരുമായ ആയിരങ്ങളല്ല, കോടാനുകോടി ജനങ്ങൾ ലോകത്തു ജീവിച്ചു് മരിച്ചു മണ്ണടിഞ്ഞുപോയിട്ടുണ്ടു്. അവരിൽ ഒരാളെപ്പോലും ഒരുവനും ഓർമ്മിക്കുന്നില്ല. എന്നാൽ ശരീരമാകെ വ്രണങ്ങളണിഞ്ഞിരുന്ന ജോബിനെയും, കാഴ്ചനഷ്ടപ്പെട്ട തോബിയാസിനെയും ലോകത്തിനു മറക്കുവാൻ കഴിയുമോ? സഹനമാകുന്ന അന്ധകാരത്തിൽ മാത്രമേ, ത്യാഗത്തിൻെറ വെള്ളിനക്ഷത്രം പ്രശോഭിക്കയുള്ളൂ. ജീവിതത്തിൽ സഹനത്തിനു് ഒരു വിലയുള്ളതുകൊണ്ടായിരിക്കാം ദൈവം ഈ

അത്യാഹിതം അനുവദിച്ചതു്. നമുക്കു ദൈവത്തിൽ ആശ്രയിക്കാം. അദ്ദേഹം നിങ്ങളുടെ ജീവിതപാതയിൽ വെളിച്ചം തൂകട്ടെ!

(കാറിന്റെ ഹോൺ കേൾക്കുന്നു. ഡോക്ടർ പ്രവേശിക്കുന്നു)

ഡോ—സ്നേഹിതരെ, ധൈര്യമായിരിക്കുവിൻ. ഒരു സന്തോഷവാർത്ത കിട്ടിയതുകൊണ്ടാണു് ഞാൻ വേഗമിങ്ങോട്ടു വന്നതു്. പാപ്പച്ചന്റെ മുഖത്തു ഗ്രാഫ്റ്റു ചെയ്യുവാൻ തക്ക ഒരു ജോഡി കണ്ണുകൾ അലിഗാറിലെ നേത്രബാങ്കിൽനിന്നു് അയച്ചുതരുന്നതാണെന്നു് കമ്പി വന്നിരിക്കുന്നു.

ലീലാ – ഹാവു! ദൈവത്തിനു നന്ദി.

അച്ഛ – ദൈവത്തിനു സ്തോത്രം.

ഡോ – (കൈയിലിരുന്ന ടെലഗ്രാം വായിക്കുന്നു)

A pair of eyes suitable for purpose
available and being despatched.
Eye Bank, Aligarh.

ഇങ്ങനെയൊരു കേസുള്ളതായി ഞാൻ കഴിഞ്ഞ ശനിയാഴ്ച ചില മെഡിക്കൽ സെൻറേഴ്സിലേക്കു് എഴുതിയിരുന്നു. എന്നാൽ എനിക്കുതന്നെയും അതേപ്പററി വലിയ ആശയില്ലാഞ്ഞതുകൊണ്ടാണു് ഞാനതേക്കുറിച്ചൊന്നും നിങ്ങളോടു പറയാതിരുന്നതു്. ഇനി നിങ്ങൾക്കു് ആശയ്ക്കു വഴിയുണ്ടു്. നാളെ വിമാനമാർഗ്ഗം ആ കണ്ണുകൾ എറണാകുളത്തെത്തുന്നതാണു്. നാളെ രാവിലെ എന്റെ കാറിൽ എറണാകുളത്തേക്കു പോകുവാൻ പാപ്പച്ചൻ ഒരുങ്ങിയിരുന്നുകൊള്ളു. കണ്ണുകൾ ഗ്രാഫ്റ്റുചെയ്തു് രണ്ടാഴ്ച കഴിയുമ്പോൾ പാപ്പച്ചനു് കാഴ്ച വീണ്ടും ലഭിക്കുന്നതാണു്.

പാപ്പ – എനിക്കുവേണ്ടി ഈ ബുദ്ധിമുട്ടുകൾ എല്ലാം

സഹിച്ചതിന് ഞങ്ങൾ അങ്ങയോട് എന്നെന്നും കടപ്പെട്ടവരായിരിക്കും.

ഡോ – പറയത്തക്ക ബുദ്ധിമുട്ടൊന്നും സഹിക്കേണ്ടിവന്നില്ല. എൻെറ നേരിയ ആശ സഫലമായതിൽ എനിക്കും അതിയായ കൃതാൎത്ഥതയുണ്ട്.

— കർട്ടൻ —

## രംഗം പതിന്നാല്

(നെല്ലിമററത്തു ഭവനത്തിലെ പ്രധാന മുറി. മുറിയുടെ മദ്ധ്യത്തിൽ ഒരു മേശയും, മേശയുടെ ചുററിലും രണ്ടുമൂന്നു കസേരകളും. ചുവരിലുള്ള തിരുഹൃദയത്തിൻെറ ഒരു പടം ലീലാമ്മ അലങ്കരിച്ചുകൊണ്ടും, ഏലി മേശയും കസേരകളും തുടച്ചുകൊണ്ടും നില്ക്കുന്നു. തോമ്മാച്ചൻ ലീലാമ്മയെ സഹായിച്ചുകൊണ്ട് സമീപത്തു നില്ക്കുന്നുണ്ട്.)

ലീലാ – തോമ്മാച്ചാ, ഞാൻ ഇന്നലെ പഠിപ്പിച്ച പാട്ടൊന്നു പാടു. അമ്മയൊന്നു കേൾക്കട്ടെ.

(തോമ്മാച്ചൻ ഒരു സ്തുതിഗീതം പാടുന്നു. ലീലാമ്മയും ചേൎന്നു പാടുന്നു.)

ഏലി – (കസേരയിലിരുന്നുകൊണ്ടു്) നന്നായിരിക്കുന്നു. ഇതുപോലുള്ള നല്ല പാട്ടുകൾ നീ കുഞ്ഞമ്മയോടു പഠിച്ച് പാടണം. അല്ലാതെ തെരുവുപിള്ളേരുടെ പാട്ടൊന്നും മേലിൽ പാടിക്കേൾക്കരുതു്.

തോമ്മാ – എന്നെ നല്ല പാട്ടുകൾ പഠിപ്പിക്കാൻ കുഞ്ഞമ്മ ഇവിടെ ഇല്ലാഞ്ഞതുകൊണ്ടല്ലേ ഞാൻ വേറെ പാട്ടെല്ലാം പഠിച്ചതു്?

ലീലാ – ഇനി അത്തരം പാട്ടുവല്ലതും നീ പാടിക്കേട്ടാൽ ഞാൻ ചെവി പൊന്നാക്കും.

തോമ്മാ – ആ പൊന്നുകൊണ്ടു കുഞ്ഞമ്മയ്ക്കു ഞാനൊരു കമ്മലുണ്ടാക്കിത്തരാം. ഇനി ഞാൻ കളിക്കാൻ പൊയ്ക്കോട്ടെ?

ലീലാ – അമ്മച്ചിയോടു ചോദിച്ചിട്ടു പോ.

ഏലി – ഉം. പൊയ്ക്കോ. (തോമ്മാച്ചൻ പോകുന്നു)

(ലീലാമ്മ കസേരയിൽ ഇരുന്നു തയ്യലിൽ ഏർപ്പെടുന്നു.)

ഏലി – (അണിയറമ്പിലേക്കു നോക്കി) കുട്ടപ്പാ. ('എന്തോ' എന്നു പറഞ്ഞുകൊണ്ടു് കുട്ടപ്പൻ പ്രവേശിക്കുന്നു) എന്തെങ്കിലും കുടിക്കുവാൻ എടുത്തുകൊണ്ടുവാ.

കുട്ട – സ്ക്വൾഡ്രിങ്കു വേണോ, അതോ ധർമ്മപ്ലാസ്കിൽ വച്ചിരിക്കുന്ന കാപ്പി വേണോ?

ഏലി – സ്ക്വൾഡ്രിങ്കോ? മതി. (കുട്ടപ്പൻ പോകുന്നു)

ലീലാ – ജ്യേഷ്ഠത്തി, നാളെ ഞങ്ങൾ ഞങ്ങളുടെ വീട്ടിലേക്കു തിരിയെ പോകാൻ ഉദ്ദേശിക്കുകയാണു്.

ഏലി – അതെന്താ ലീലാമ്മേ, ഇപ്പോൾ നിങ്ങൾ കാട്ടിലോ മറേറാ ആണോ താമസിക്കുന്നതു്? ഇതു നിങ്ങളുടെ വീടുതന്നെയല്ലേ?

ലീലാ – അതെ എങ്കിലും ഞങ്ങൾ വേറൊരു പൊരുതിതുടങ്ങിയതാണല്ലോ. അതു തുടരാമെന്നാണു്

ഏലി – ഇല്ല; അതിൻെറ ആവശ്യമൊന്നുമില്ല. (തൊണ്ടയിടറി) ഇല്ല; ലീലാമ്മേ ഞാൻ നിമിത്തം നിങ്ങൾ കഷ്ടപ്പെട്ടതു മതി. ഇനി പുതിയ പുരയുടെ പണി തീരട്ടെ. (കണ്ണുനീർ തുടച്ചുകൊണ്ടു്) ഹാ! പാവം പാപ്പച്ചൻ! ഞാനെത്രമാത്രം അവനെ കഷ്ടപ്പെടുത്തി! എന്നാൽ എന്നെപ്രതി അവൻ സ്വന്തം കണ്ണുകൾപോലും നഷ്ടപ്പെടുത്തി.

ലീലാ – (വികാരഭരിതയായി) ജ്യേഷ്ഠത്തി അങ്ങനെ പറയാതെ. അത് നഷ്ടമുണ്ടാക്കിയ സങ്കടത്തിലധികമായി അതു പരിഹരിക്കപ്പെട്ടതു സന്തോഷം നൽകുന്നു. ഒരിയ്ക്കൽ പ്രഭാരഹിതമായിരുന്ന പാപ്പച്ചൻെറ കണ്ണുകളിലേക്കു് ഇപ്പോൾ നോക്കുന്നതു്, എനിക്കു് പ്രഭാതസൂര്യനെ കാണുന്നതുപോലെ ഉത്സാഹപ്രദമാണു്.

(കുട്ടപ്പൻ ഒരു ഗ്ലാസിൽ കൂൾഡ്രിങ്കുമായി പ്രവേശിച്ചു് ഏലിക്കുട്ടിയുടെ മുമ്പിൽ വെക്കാൻ ഭാവിക്കുന്നു)

ഏലി – എടാ, നീ ഒരു ഗ്ലാസേ കൊണ്ടുവന്നുള്ളോ? ചേച്ചിയ്യെവിടെ? ഇതു് നീ ചേച്ചിക്കു കൊടുക്കു്.

(കുട്ടപ്പൻ ഗ്ലാസെടുത്തു് ലീലാമ്മയുടെ സമീപത്തേക്കു ചെല്ലുന്നു)

ലീലാ – വേണ്ടാ, അതു നീ ജ്യേഷ്ഠത്തിക്കുതന്നെ കൊടുത്തേക്കുക. എനിക്കു വേറൊന്നു കൊണ്ടുവന്നാൽ മതി.

(കുട്ടപ്പൻ ഗ്ലാസെടുത്തുകൊണ്ടു് വീണ്ടും ഏലിക്കുട്ടിയെ സമീപിക്കുന്നു)

ഏലി – എടാ നീ ജ്യേഷ്ഠത്തി പറയുന്നതാണോ, അനിയത്തി പറയുന്നതാണോ അനുസരിക്കേണ്ടതു്. (ലീലാമ്മയോടു്) അതു നീ കുടിക്കു്.

കുട്ട – അയ്യോ ഇതെന്തൊരു പെടാപ്പാടാണു തമ്പുരാനേ. ആരെങ്കിലും ഒരാളിതങ്ങു മേടിക്കു്. ഞാനുടനെ വേറൊന്നു കൊണ്ടുവരാം.

(തോമ്മാച്ചൻ ഓടിവരുന്നു)

തോമ്മാ – എനിക്കും വേണം കൂൾഡ്രിങ്കു്.

കുട്ട – ഹാവൂ! ഭാഗ്യമേ! (ഗ്ലാസ് തോമ്മാച്ചനു വച്ചുനീട്ടിക്കൊണ്ടു്) കുഞ്ഞിതു കുടിച്ചോ. കുഞ്ഞു വന്നില്ലായിരുന്നെങ്കിൽ ഞാനിവിടെ തലചുററി വീണേനേ.

(തോമ്മാച്ചൻ കുടിച്ചിട്ടു് ഓടിപ്പോകുന്നു. കുട്ടപ്പനും പോകുന്നു)

ലീലാ – പാപ്പച്ചൻ വീടെങ്ങനെ കിടക്കുന്നെന്നു് നോക്കാൻ പോയിരിക്കയാണു്.

ഏലി – പിന്നെ നിങ്ങളെ ഇവിടെനിന്നും പറഞ്ഞയയ്ക്കാൻ ആർക്കാണ് ധൃതിയുള്ളത്?

(കുട്ടപ്പൻ രണ്ടു ഗ്ലാസുകൾ കൊണ്ടുവന്ന് ഒന്ന് ഏലിക്കുട്ടിയുടെ മുമ്പിലും മററതു് ലീലാമ്മയുടെ മുമ്പിലും വയ്ക്കുന്നു. അതു കണ്ടുകൊണ്ടു് ഇടിക്കുള പ്രവേശിക്കുന്നു. രണ്ടാം മുണ്ടുകൊണ്ടു വീശുകയും നെററിയിലെ വിയർപ്പു തുടയ്ക്കുകയും ചെയ്യുന്നു. സ്ത്രീകൾ എഴുന്നേററു് മേശയുടെ പിറകിലായി നില്ക്കുന്നു)

ഇടി – ഹാ! എന്തൊരു പുകച്ചിൽ. എന്തൊരു ദാഹം.

ഏലി – (തന്റെ മുമ്പിലിരുന്ന ഗ്ലാസ് നീക്കിവച്ചിട്ട്) ദാ, ചേട്ടൻ ഇതു കുടിച്ചുകൊള്ളണം. കുട്ടപ്പനിപ്പോഴിങ്ങു കൊണ്ടുവന്നേയുള്ളു.

(ഇടിക്കുള ഗ്ലാസ് എടുക്കാൻ ഭാവിക്കുന്നു)

ലീലാ – നില്ക്കു്.

(ഇടിക്കുള ഇളിഭ്യനായി കൈ പിൻവലിക്കുന്നു)

ലീലാ – അതു ജ്യേഷ്ഠത്തിക്കു കുടിക്കുവാൻ കൊണ്ടുവന്നതാ. ഇടിക്കുളച്ചേട്ടൻ ഈ ഗ്ലാസെടുത്തുകൊള്ളു.

(തന്റെ ഗ്ലാസ് നീക്കിവയ്ക്കുന്നു. ഇടിക്കുള പ്രസന്നനാകുന്നു)

ഇടി – ചേട്ടത്തിയും അനുജത്തിയും അങ്ങനെ മത്സരിച്ചു വിഷമിക്കേണ്ടതില്ല. ഇടിക്കുള അതിനൊക്കെ പരിഹാരമുണ്ടാക്കാം. നല്ലോരു കാര്യം. (രണ്ടു ഗ്ലാസും എടുത്തു് കുടിച്ചു ശേഷം വയറു തടവിക്കൊണ്ടു്) നിങ്ങൾ രണ്ടു പേരും ഇങ്ങനെ മത്സരിച്ചു സല്ക്കരിക്കാൻ തുടങ്ങിയാൽ ശേഷം പേരുടെ വയറു പൊട്ടിപ്പോകുമല്ലൊ.

കുട്ട – ഈ വേനൽക്കാലത്തു് ഇങ്ങനെ കുടിതുടങ്ങിയാൽ കിണററിലെ വെള്ളമെല്ലാം വററിപ്പോകുമല്ലൊ.

ഇടി – എടാ ചെറുക്കാ, നീ ഇങ്ങനെ തവളകരയുന്നതുപോലെ കിടന്നു കാറിയാൽ വേഗം മഴ പെയ്തോളും. എടാ, അടുക്കളയ്ക്കകത്തു മാത്രം കിടന്നു ചൊടിക്കുന്ന നി

നക്കവല്ലോം വെയിലിൻെറ ചൂട്ടും തൊണ്ടയുടെ വരൾച്ച യുമറിയാമോ?

(ചെറിയാച്ചൻ പ്രവേശിക്കുന്നു. സ്ത്രീകളും കുട്ടപ്പനും പോകുന്നു)

ചെറി – എടോ, തനിക്കെപ്പോഴും ഈ കുടിയും വെടി പറച്ചിലുമേ ഉള്ളല്ലോ. തന്നെ ഞാൻ പറഞ്ഞുവിട്ട കാര്യം എന്തായി? (ഇരിക്കുന്നു)

ഇടി – ആ കണ്ടാക്ടർ പൈലിയുടെ കാര്യമല്ലേ? അയാളെ തിരക്കി ഞാനിനി പോകാത്ത സ്ഥലമില്ല. ഒടുവിൽ കണ്ടുപിടിച്ചു.

ചെറി – കണ്ടുപിടിച്ചോ?

ഇടി – പിന്നില്ലേ? ഇടിക്കുള ഒരു കാര്യത്തിനിറങ്ങിയാൽ പിന്നെ അതു സാധിക്കാതെ വിടുമോ? നല്ലൊരു കാര്യമാ. കാറിനകത്തു ചീറിപ്പാഞ്ഞു പോകയായിരുന്നു. കാറു ഞാൻ തടഞ്ഞങ്ങു നിറുത്തി. അവൻെറ ആത്മാവിലേക്കു കുറെ പെട്രോളങ്ങൊഴിച്ചു കൊടുത്തു.

ചെറി – പെട്രോളോ! ആത്മാവിലേയ്ക്കോ!

ഇടി – അതായതു് അവൻെറ ചങ്കിനു തീ പിടിപ്പിക്കുന്ന നല്ല ചുട്ട വാക്കു് നാലെണ്ണം പറഞ്ഞുകൊടുത്തു.

ചെറി – ഓ! ശരി. മഴക്കാലം വരുന്നതിനു മുൻപു് പുരപണി പൂർത്തിയാക്കി തരണമെന്നു പറഞ്ഞില്ലേ?

ഇടി – നല്ല ശേലായി! പറഞ്ഞ അവധിക്കുതന്നെ പണി തീർന്നില്ലെങ്കിൽ അവനെ ഞാൻ റോക്കററിൽ കെട്ടി ശൂന്യാകാശത്തേയ്ക്കയയ്ക്കുമെന്നു പറഞ്ഞിരിക്കയാ.

(പാപ്പച്ചൻ പ്രവേശിക്കുന്നു)

ചെറി – പാപ്പച്ചാ, നീ എവിടെയായിരുന്നു. ഇന്നു നേരം വെളുത്തതിൽപ്പിന്നെ നിന്നെ ഞാൻ കണ്ടില്ലല്ലോ.

പാപ്പ – ഞാൻ നമ്മുടെ വടക്കേ വീട്ടിലേയ്ക്കൊന്നു

പോയി. ഇങ്ങോട്ടു പോന്നിട്ട് രണ്ടു മാസത്തിലധികമായല്ലോ. വീട് എങ്ങനെ കിടക്കുന്നെന്നു നോക്കുകയായിരുന്നു. നാളെ ലീലാമ്മയും ഞാനും അങ്ങോട്ടു മടങ്ങി പോകണമെന്നു വിചാരിക്കയാണു്.

ചെറി – തിരിയെപ്പോകാനോ? പുതിയ വീടിന്റെ പണി പൂർത്തിയായിട്ട് ഇനി മാറിത്താമസിക്കുന്ന കാര്യം ആലോചിക്കാം. ഇടിക്കുള എന്തു പറയുന്നു?

ഇടി – അതു മതി. ആളു കൂടുമ്പം ആഹ്ലാദം കൂടും. വീട്ടുകാരികൾ രണ്ടുപേരുണ്ടായിരുന്നതുകൊണ്ടു് ഇന്നൊനിക്കു കുൾഡ്റിംഗ് രണ്ടല്ലേ കിട്ടിയതു്!

ചെറി – (അണിയറയിലേക്കു നോക്കി) എലിക്കുട്ടീ.

("എന്തോ" എന്നു പറഞ്ഞു് ഏലി അനിൽമോനെയും എടുത്തുകൊണ്ടു പ്രവേശിക്കുന്നു)

ചെറി – (ഏലിയോടു്) പാപ്പച്ചനും ലീലാമ്മയും വടക്കേപ്പുരയിലേക്കു തിരിച്ചു പോകാൻ ഒരുങ്ങുകയാണു്.

ഏലി – ലീലാമ്മ അങ്ങനെ പറയുന്നതു കേട്ടു. പുതിയ വീടിന്റെ പണി തീരുന്നതുവരെ എല്ലാവരും ഒരുമിച്ച് ഇവിടെ താമസിക്കാമല്ലോ.

ചെറി – (പാപ്പച്ചനോടു്) നീ ചാണ്ടിക്കുഞ്ഞിനോട് ഇതേപ്പററി പറഞ്ഞോ?

ഏലി – അന്നുതന്നെ ഇവർ അങ്ങോട്ടു പോകാനിടയായതിന് തോമ്മാച്ചന്റെ ഇച്ചാച്ചനു് എന്നോടു കെറുവാണു്. പാപ്പച്ചനും ലീലാമ്മയും പോയാലും അനിൽമോനെ ഞാൻ കൊടുത്തുവിടുകയില്ല.

(ഏലിക്കുട്ടി കുഞ്ഞിന്റെ മുഖത്തു ചുംബിച്ചുകൊണ്ടു് പോകുന്നു. ഔസേപ്പച്ചൻ പ്രവേശിക്കുന്നു. കൈയിൽ കുടയുണ്ടു്. യാത്രാക്ഷീണം വ്യക്തമായ ഭാവവും വേഷവും. ചെറിയാച്ചൻ എഴുന്നേല്ക്കുന്നു)

ചെറി -- അല്ല! ഔസേപ്പച്ചനോ? വളരെ നാളായല്ലോ കണ്ടിട്ട്. ഞങ്ങളെയൊക്കെ മറന്നുപോയെന്നാണല്ലോ വിചാരിച്ചതു്. ഇരിക്കണം. (ഇരിക്കുന്നു)

ഔസേ - അങ്ങനെ മറയ്ക്കാൻ കഴിയുന്ന ഒരു ബന്ധമല്ലല്ലോ ഇതു്. (ഇരിക്കുന്നു)

ഇടി - നല്ലോരു കാര്യം. കണ്ണിൻെറ കിസ് ്ണമണിയായൊരു മകളെ മറക്കാൻ കഴിയുമോ?

ഔസേ - (തൊണ്ടയിടറി) കൂടക്കൂടെ അവളെ വന്നു കാണാൻ എനിക്കു് ആഗ്രഹമില്ലാഞ്ഞിട്ടല്ല പക്ഷേ.....

ചെറി - എന്തു പക്ഷേ......?

ഔസേ - അവളോടുള്ള എൻെറ കടപ്പാടുവീട്ടാത്തിടത്തോളം കാലം അവളുടെ മുഖത്തു നോക്കാൻ എനിക്കു ധൈര്യമില്ല. (കണ്ണുനീർ തുടയ്ക്കുന്നു)

ചെറി - എന്തു്?...... (അണിയറയിലേക്കു നോക്കി) മകളെ ലീലാമ്മേ ..

(ലീലാമ്മ പ്രവേശിക്കുന്നു)

ചെറി - മോളേ, നിൻെറ അപ്പച്ചൻ വന്നതു കണ്ടില്ലേ. അദ്ദേഹം വല്ലാതെ ക്ഷീണിച്ചാ വന്നിരിക്കുന്നതു്. എന്തെങ്കിലും കുടിക്കുവാൻ വേഗം കൊണ്ടുവരു.

(അപ്പൻെറയും മകളുടെയും കണ്ണുകൾ ഇടയുമ്പോൾ കണ്ണുനീർ പൊടിയുന്നു)

ഔസേ - അവളെ കാണുമ്പംതന്നെ എൻെറ ദാഹം അടങ്ങിക്കൊള്ളും. (ലീലാമ്മ കണ്ണുനീർ തുടച്ചുകൊണ്ടു പോകുന്നു)

ഔസേ - (പാപ്പച്ചനെ നോക്കി) പാപ്പച്ചാ, നിൻെറ കണ്ണുകളിപ്പോൾ എങ്ങനെയിരിക്കുന്നു?

പാപ്പ - ഇപ്പോൾ യാതൊരു അസുഖവും തോന്നുന്നില്ല. കാഴ്ചയ്ക്കും കുഴപ്പമൊന്നുമില്ല.

ഔസേ – കണ്ടാൽത്തന്നെയും കണ്ണുകൾ മാറിവച്ചു താണെന്ന് ആരും പറയുകയില്ല.

ഇടി – ആ ഡോക്ടറെ സമ്മതിച്ചുകൊടുക്കണം. കണ്ണട യുടെ ചില്ലു മാറുന്നതുപോലെയല്ലേ, കണ്ണിൻെറ കിസ്‌ണ മണികൾ മാററിവെക്കുന്നതു്!

ഔസേ – (ഒരു കവറെടുത്തു ചെറിയാച്ചൻെറ മുമ്പി ലേക്കു നീക്കിവച്ചുകൊണ്ടു്) ഇതാ 2500 രൂപാ, ലീലാ മ്മയുടെ സ്ത്രീധനം. ബാങ്കിൽനിന്നു കിട്ടിയ ഡിവിഡ ൻറും, ഇക്കൊല്ലത്തെ നെല്ലു വിററു കിട്ടിയതുമെല്ലാം സ്വരുമിച്ചുകൊണ്ടു വന്നിരിക്കയാണു്.

ചെറി – (എഴുന്നേല്ക്കുന്നു) ഔസേപ്പച്ചാ, ഞാനാണു് തെററുകാരൻ. ഞാൻ നിങ്ങൾക്കൊരു കടക്കാരനാണു്. നിങ്ങൾ ഈ കുടുംബത്തിനു സംഭാവനചെയ്ത നിങ്ങളുടെ മകൾ ഒരു വിലതീരാത്ത ധനമാണു്. അവൾക്കു പുറമേ, നിങ്ങളുടെ ഈ സമ്പാദ്യംകൂടി ഞാൻ അവകാശ പ്പെടുന്നതു് അക്രമമാണു്.

ലീലാമ്മയ്ക്കു് ഇവിടെ ഒരു നല്ല സ്വീകരണം ലഭി ച്ചില്ല. എങ്കിലും അവൾ ഈ കുടുംബത്തെ അവളുടെ സ്വന്തമായി കരുതി. ഈ കുടുംബത്തിൻെറ നന്മയെ ഒരേ ഹൃദയത്തോടും ഒരേ കണ്ണുകളോടുംകൂടി കാണുവാൻ അവൾ ഞങ്ങളെ പഠിപ്പിച്ചു. ഈ കുടുംബത്തോടു് അ ലിഞ്ഞു ചേൻകഴിഞ്ഞ അവളെ ഈ കുടുംബത്തിലെ അംഗമായി എണ്ണുവാൻ നിങ്ങ൦ എനിക്കു പണം തരേണ്ട ആവശ്യമില്ല.

— ശുഭം —

L. D. M. F.

DHARMARAM COLLEGE LIBRARY
BANGALORE
18064

പുസ്തകരൂപത്തിൽ പ്രസിദ്ധീകൃത
മാകുന്നതിനു മുമ്പ് ഈ നാടകം
അവതരിക്കപ്പെട്ട സ്ഥലങ്ങൾ:

കൊല്ലം by അസ്സീസി ആർട്ട്സ് ക്ലബ്ബ്
ആലുവാ by നസ്സറത്ത് ആർട്ട്സ് ക്ലബ്ബ്
കൊട്ടാരക്കര by അസ്സീസി ആർട്ട്സ് ക്ലബ്ബ്

---

അഭിനയിക്കുവാൻ അനുവാദം വാങ്ങേണ്ടതില്ല.

സ്ഥലകാലോചിതമായി കഥാപാത്രങ്ങളുടെ പേരുകൾ മാററാവുന്നതാണ്.

സമുദായ പരിഷ്ക്കരണത്തെ ലക്ഷ്യമാക്കി വിരചിതമായിട്ടുള്ള ഈ നാടകം അവതരിപ്പിക്കുന്ന കലാസമിതികളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുവാൻ പ്രസാധകർ ഉദ്ദേശിക്കുന്നതിനാൽ, അഭിനയിക്കുന്നവർ വിവരം അറിയിക്കണമെന്നു താല്പര്യപ്പെടുന്നു.

വിലാസം:

മാനേജർ,
അസ്സീസി പ്രസ്സ്,
കൊല്ലം – 1.

DHARMARAM LIBRARY

BANGALORE-560 029

| Due Date | Due Date | Due Date |
|---|---|---|
| 5 SEP 93 | | |
| 20 DEC 1997 | | |
| 7 DEC 1999 | | |
| 14/8/12 | | |

DC Library
*00018064*
T62 F28

# ഒരു ഹൃദയവും
# രണ്ടു കണ്ണുകളും

പഴയ പാരമ്പര്യങ്ങളുടെ ദൂഷിച്ചു ചട്ടക്കൂട്ടിൽനിന്നും, പുതിയ തലമുറയുടെ പിഴച്ചു വഴിത്താരകളിൽനിന്നും, ചിറകടിച്ചുയർന്നു് ആദർശത്തിന്റെ അനന്ത വിഹായസ്സിൽ വിഹരിക്കുവാൻ വെമ്പൽകൊള്ളുന്ന സ്നേഹമുള്ള രണ്ടു ഹൃദയങ്ങളുടെ ജീവിതസമരമാണു് ഈ നാടകത്തിൽ ചിത്രണം ചെയ്തിരിക്കുന്നതു്. സാഹചര്യങ്ങളുടെയും സംഘട്ടനങ്ങളുടെയും ഇരുളടഞ്ഞ, ഇടുങ്ങിയ പാതയിലൂടെ, ത്യാഗത്തിന്റെ എണ്ണയിൽ മുക്കിയ സ്നേഹത്തിന്റെ കൈത്തിരിയുമായി അവർ മുന്നേറുകയാണു്. അനുവാചകരുടെ വഴിത്താരയിലും അതു് വെളിച്ചം തൂകട്ടെ!

COPY RIGHT RESERVED

# ഒരു ഹൃദയവും രണ്ടു കണ്ണുകളും



T62
F28

ഫൗസ്റ്റിൻ കാപ്പുച്ചിൻ